
VOL. 2. NO'S. 7, 8



# ബഥനിമാസിക

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ബഥനിമാസിക

പുസ്തകം: ൧. | ൧൧൦൪ കുംഭം | ലക്കം: ൩

കർത്താവെ, നിന്റെ ജീവിതകാലത്തു നീ ക്ഷമയുള്ളവനായിരുന്നു, ആ സംഗതിയിൽ പ്രത്യേകിച്ചു നിന്റെ പിതാവിന്റെ കല്പനയെ നീ നിറവേററിയതുകൊണ്ടു, ഏററവും നിർഭാഗ്യപാപിയായ ഞാൻ നിന്റെ തിരുമനസ്സിനൊത്തവണ്ണം ക്ഷമയുള്ളവനായിരുന്നു, നീ തിരുമനസ്സാകുന്നതുവരെ, അഴിഞ്ഞു പോകുന്ന ഈ ജീവിതത്തിലെ ഭാരം എന്റെ രക്ഷയെപ്രതി വഹിക്കുന്നതു് ഉചിതമാകുന്നു.

[illegible]

# പ്രാൎത്ഥന.

തന്നിൽ വിശ്വസിക്കുന്നവരെ സഹായിപ്പാൻ ത്രാണിയും സന്നദ്ധതയും ഉള്ളവനായ മഹാകാരുണ്യവാനായ കൎത്താവേ, ഞങ്ങളുടെ കുറ്റങ്ങളെ മോചിക്കുകയും അകൃത്യങ്ങളെ ക്ഷമിക്കുകയും ചെയ്യുന്നതിനാൽ തിരുനാമത്തെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. ദൈവമേ, നിന്റെ വിശുദ്ധകല്പനകളെ അനുസരണത്തോടുകൂടി നിറവേറ്റിക്കൊണ്ടു ഞങ്ങൾക്കു നിന്നോടുള്ള നന്ദിയെ പ്രദൎശിപ്പിക്കുവാൻ തക്ക യോഗ്യത തികഞ്ഞ ഒരു ഹൃദയത്തെ ഞങ്ങൾക്കു നൽകേണമേ. ഞങ്ങളുടെ രക്ഷകനും കൎത്താവുമായ യേശുമശിഹാമൂലം നിന്നാൽ വെടിപ്പാക്കപ്പെട്ട ഞങ്ങൾ വിശുദ്ധിയിലും സുകൃതിയിലും ജീവിപ്പാനായി നീ സംഗതിയുണ്ടാക്കേണമേ.

തന്റെ രാജ്യത്തിലേക്കും മഹത്വത്തിലേക്കും ഞങ്ങളെ വിളിക്കുന്നവനായ സമാധാനത്തിന്റെ ദൈവമായുള്ളോവേ, എല്ലാവിധ ദോഷങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിച്ചുകൊള്ളേണമേ. ഞങ്ങളുടെ നാഥനായ യേശുമശിഹായുടെ എഴുന്നെള്ളത്തു വരെ ഞങ്ങൾ ജഡത്തിലും ബുദ്ധിയിലും ആത്മാവിലും വിശുദ്ധിയിൽ വൎത്തിക്കുവാൻ ഞങ്ങളെ മുഴുവനോടെ നീ ശുദ്ധംചെയ്യേണമേ.

ഈ നികൃഷ്ടലോകത്തിൽനിന്നു തന്റെ പിതാവിന്റെ ഇഷ്ടപ്രകാരം, ഞങ്ങളെ വീണ്ടുകൊള്ളേണ്ടതിന്നായി ഞങ്ങളുടെ പാപങ്ങൾക്കുപ്രതി തന്നെത്തന്നെ ഏല്പിച്ചു മഹോപകാരപൂൎണ്ണനേ, നിനക്കു എന്നെന്നേക്കും മഹത്വമുണ്ടാകട്ടെ. ആമ്മീൻ.

www.malankaralibrary.com

ത്താവിന്നു ഏല്പിച്ചുകൊടുക്കയാണ്. ഇതു ഏറ്റവും പ്രധാനമായ ഒരു കാൎയ്യമാണ്; എന്തുകൊണ്ടെന്നാൽ രണ്ടായി വിഭജിച്ചിരിക്കുന്ന ഒരു ജീവിതത്തിന് പൂൎണ്ണതയുണ്ടാകാൻ പാടില്ല. "ദൈവം തന്നെത്താൻ മുഴുവനായി നമുക്കു തരുന്നു എങ്കിൽ താൻ നമ്മിൽ വസിക്കയും തൻെറ ഇഷ്ടപ്രകാരം നമ്മെ നടത്തുകയും ചെയ്വാൻ നാം നമ്മെ മുഴുവനായി ദൈവത്തിന്നു കൊടുക്കണം."

നാം പരിപൂൎണ്ണമായി ആശ്രയജീവിതം നയിക്കുന്നവരെങ്കിൽ, ദിനംതോറുമുള്ള നമ്മുടെ ജോലികളും, നമ്മുടെ പ്രയത്നഫലങ്ങളും, നാം സമ്പാദിക്കുന്നതും, നാം സംഭരിക്കുന്നതുമായ സകലവും ക്രൂശിന്റെ അടുക്കൽ കൊണ്ടുവന്നു തിരുമുൽക്കാഴ്ചയായി സമൎപ്പിക്കാം. നമ്മുടെ ദിനംതോറുമുള്ള ആരാധനയിൽ ഇപ്രകാരമുള്ള അൎപ്പണത്തിന്നു സ്ഥാനമുണ്ടായിരുന്നാൽ മതിയാവു. നാം ചെയ്യുന്ന സകലവും കൎത്താവിൻെറ കല്പനപ്രകാരവും, തന്നിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന കൃപയാലും, തനിക്കു കാഴ്ചയായിട്ടും, തന്നോടുള്ള സംയോഗത്തിനുള്ള മാൎഗ്ഗമായിട്ടും, തനിക്കായിട്ടു മാത്രമായും ആയിരിക്കണം.

പലപ്പോഴും നമ്മുടെ അപൂൎണ്ണതകളെ അറിയുകയും, നൊന്തുരുകുകയും, ദൈവസഹായത്തിനായി നാം ആഗ്രഹിക്കുന്നതുപോലെ പ്രവൎത്തിപ്പാൻ സാധിക്കാത്തതിൽ നാം ദുഃഖിക്കയും വേണം. ഇപ്രകാരമുള്ള ഒരു മനസ്ഥിതി നമുക്കുണ്ടാകുമ്പോളാണ്, നമ്മുടെ അൎപ്പണങ്ങളുടെ കുറവുകളേയും അപൂൎണ്ണതകളേയും നീക്കേണമേ എന്നുള്ള പ്രാൎത്ഥനയോടുകൂടി മനസ്ഥിരതയോടെ കാഴ്ചയണക്കുവാൻ സാധിക്കുന്നതു. നമ്മുടെ പ്രാൎത്ഥന കേട്ടു നമ്മുടെ അപേക്ഷയെ ദൈവം സാധിച്ചുതരാതിരിക്കയില്ല. "നിവൃത്തിയായി" എന്നും (യോഹ. ൧൯: ൩൦) "നീ എനിക്കു തന്നിട്ടുള്ള വേലയെ ഞാൻ ചെയ്തുതീൎത്തു" (യോഹ. ൧൭: ൪) എന്നും പറഞ്ഞ

ആ അനുസരണമുള്ള പുത്രൻ നമ്മുടെ പരിശ്രമങ്ങളെല്ലാം പൂർത്തിയാക്കും. അവനാലും അവൻ മുഖാന്തിരവും പൂർത്തിയാക്കപ്പെട്ടിട്ടുള്ളതായ നമ്മുടെ അപൂണ്ണതയെ സ്വീകരിച്ചു, തന്റെ പിതാവിനു സ്വീകാരയോഗ്യമായ കാഴ്ചയായി താൻ അണയ്ക്കുകയും ചെയ്യും.

ദൈവത്തിനായി നാം ചെയ്യുന്ന വേലകൾ പൂണ്ണതപ്പെടുത്താൻ നമുക്കു തനിയെ സാധിക്കയില്ല. വലിയ തരം പ്രയത്നങ്ങളെക്കുറിച്ചും ഇപ്രകാരം പറയാമെങ്കിലും ആത്മീയവേലകളിലാണു ഇതു നമുക്കു കൂടുതൽ അനുഭവപ്പെടുന്നതും. നമ്മുടെ സകല പ്രവൃത്തികളെയും പൂർത്തിയാക്കയും പ്രകൃതാതീതമായ ശക്തി കൊടുക്കയും ചെയ്യുന്നതു ദൈവമത്രെ. മശിഹായും ആത്മാവുമായി വി. കുദാശമാർഗ്ഗേന യോജിച്ചിരിക്കുമ്പോൾ, ഇപ്രകാരമുള്ള പൂർത്തീകരണത്തിനു യാതൊരു തടസ്സവുമില്ല.

കർത്താവിന്റെ ശരീരരക്തങ്ങളായ കൃപാമാർഗ്ഗത്തിൽ ഉൾക്കൊള്ളുമ്പോൾ ഭക്തിയായ മനസ്സോടും അനുതാപത്തോടും കൂടി അതിനെ കൈക്കൊണ്ടാൽ മശിഹാ നമ്മെ കൂടുതലായി തന്നോടു യോജിപ്പിക്കുന്നു. അപ്രകാരം തന്നോടു യോജിക്കുന്നവർക്കു കൃപാവരങ്ങളെ ധാരാളമായി താൻ നല്കുകയും അതിനെ സ്നേഹശുശ്രൂഷകളായി മശിഹായ്ക്കു തന്നെ അവർ സമർപ്പിക്കയും ചെയ്യുന്നു. ആ സമർപ്പണത്തെ യേശുമശിഹാ പൂർത്തിയാക്കി സ്വീകരിക്കുമെന്നു നമുക്കു ദൃഢമായി വിശ്വസിക്കാം. വി. കുദാശവഴിയായി മശിഹായോടു നാം യോജിക്കുന്ന കാലം പ്രായശ്ചിത്തം ക്ലിപ്തമായ മാത്രം പ്രതിഷ്ഠകൂടി നാം കഴിക്കണം. പാപം മുഖാന്തിരമോ അവിശ്വാസം മുഖാന്തിരമോ, ഈ യോജിപ്പിനോ പ്രതിഷ്ഠയ്ക്കോ തടസ്സം വരാതെയിരിക്കുന്നെങ്കിൽ ദൈവം നമ്മിൽകൂടെ പരോപകാരങ്ങളെ പ്രവർത്തിക്കത്തക്ക പാത്രങ്ങളായിത്തീരുമെന്നുള്ളതു സംശയമില്ലാത്ത സംഗതിയത്രെ. ദൈവമഹിമയ്ക്കായിട്ടെല്ലാവരും അപ്രകാരമുള്ളവരായിത്തീരട്ടെ.

www.malankaralibrary.com

സ്നേഹം തന്നെയായ പിതാവായ ദൈവമേ, നീ ഞങ്ങളുടെ കടങ്ങളെ ക്ഷമിച്ചതുപോലെ ഞങ്ങളും മററുള്ളവരുടെ കടങ്ങളെ ക്ഷമിക്കുവാനും, നീ ഞങ്ങളോടു കരുണചെയ്യുന്നതുപോലെ, മററുള്ളവരോടു ഞങ്ങളും കരുണചെയ്യുവാനും നീ ഇടയാക്കേണമേ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...

## യേശുമശിഹായിൽ പൂർണ്ണന്മാർ

ആദ്യമായി നാം ഇപ്പോൾ ഏതു സ്ഥിതിയിൽ ജീവിക്കുന്നു എന്നു ഓർക്കുക. പിന്നീടു വി. കുർബ്ബാനവഴി മശിഹായോടുള്ള യോജിപ്പുമൂലം ഏതു സ്ഥിതിയിൽ ആയിത്തീരാമെന്നും നാം ലാക്കാക്കാം. ആ യോജിപ്പ് ഏതെല്ലാം വിധത്തിൽ നമ്മിൽ പ്രവർത്തിക്കുമെന്നും അതിന്റെ ഫലം എന്തായിരിക്കുമെന്നും ആലോചിക്കുന്നതിനോ ഗ്രഹിക്കുന്നതിനോ നമുക്കു ശക്തി പോരാ. മശിഹായുമായുള്ള നമ്മുടെ സംയോജനഫലങ്ങളെപ്പററി കൂടുതലായി ആലോചിക്കുമ്പോൾ പരിപൂർണ്ണമായ സ്വാതന്ത്ര്യവും പ്രവർത്തിയും നിറഞ്ഞിരിക്കുന്നതും പ്രമോദപൂരിതവുമായ ഒരു ആത്മികജീവിതം പ്രത്യക്ഷീഭവിക്കുന്നു. ആ ജീവിതത്തിലേക്കു നമ്മെ നടത്തുന്നതാണു മശിഹാ ആഗ്രഹിക്കുന്നതു; ആ സന്തോഷസമ്പൂർണ്ണമായ പ്രവൃത്തിക്കായിട്ടാണ് സദാ നാം വർത്തിക്കേണ്ടതു.

ഇപ്പോൾ നാം യാതൊന്നിലും പൂർണ്ണത പ്രാപിച്ചിട്ടില്ല. അതിന്നാൽ പൂർണ്ണത അലഭ്യമെന്നും, നമ്മുടെ ജീവിതം വിശുദ്ധിയുടേയും ആ പൂർണ്ണതയുടേയും അടയാളമായി എന്നും

www.malankaralibrary.com

സ്ഥിതി ചെയ്യേണ്ടതാണെന്നും തോന്നിപ്പോകാം.

മശിഹായിലുള്ള ജീവിതം എന്താണെന്നു ശരിയായി ഗ്രഹിക്കായ്കതന്നെ ഇപ്രകാരമുള്ള നിരാശയുടെ പ്രധാന കാരണം. വി. കുർബാന അനുഭവിക്കുമ്പോൾ "മശിഹാ നമ്മിലും നാം മശിഹായിലും വസിക്കുന്നു" എന്നു നാം വേണ്ടപോലെ ഗ്രഹിക്കുകയോ അനുഭവമാക്കുകയോ ചെയ്യുന്നില്ല. ആ അന്യോന്യാന്തർവാസംകൊണ്ടുളവാകുന്ന അനന്തഫലങ്ങളെ നാം വിലമതിക്കുന്നുമില്ല. "ദൈവം സർവ്വസ്വാതന്ത്ര്യമായി നമുക്കു തരുന്നവയെ" ഗ്രഹിക്കാതിരിക്കുന്നതു നമ്മുടെ ഒരു ബലഹീനതയാകുന്നു. അതിനെ ജയിക്കാനാണു് നാം ശ്രമിക്കേണ്ടതു്.

ശരിയായ ഒരുക്കത്തോടും ഭക്തിയോടും കൂടി വി. കുർബാന അനുഭവിക്കുമ്പോൾ ഉണ്ടാവുന്ന സാധാരണ ഫലങ്ങളെന്തെല്ലാമെന്നു നോക്കാം. മശിഹായുമായുള്ള നമ്മുടെ ബന്ധം പുനരാരംഭിക്കുകയും, "എന്റെ ശരീരം ഭക്ഷിക്കയും, എന്റെ രക്തം പാനം ചെയ്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കു"മെന്നു കർത്താവു കല്പിച്ചിട്ടുള്ളതുപോലെ കർത്താവു നമ്മിലും നാം കർത്താവിലും ആവസിക്കയും ചെയ്യുന്നു. മശിഹായുടെ ശരീരരക്തങ്ങൾക്കു നമ്മെ ഓഹരിക്കാരാക്കിത്തീർക്കുന്നതിന്റെ ദൈവോദ്ദേശ്യം മശിഹായിൽ നമുക്കു പൂർണ്ണതയും നിറവും ഉണ്ടാകുന്നതത്രേ. "സകല വാഴ്ചയ്ക്കും അധികാരത്തിനും തലയായ ഇവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" (കൊല. ൨: ൧൦) എന്നു പൌലൂസ്ശ്ലീഹാ പറയുന്നതും ഇതുതന്നെയാണു്.

മനുഷ്യാവതാരം ചെയ്ത മശിഹാ മുഴുവനായി ഈ കൂദാശയിൽ, നമ്മിൽ വസിക്കുന്നു എന്നു നാം ഗ്രഹിക്കുമ്പോൾ എ

www.malankaralibrary.com

ൽപാനത്തെ സംഗതി കൂറെക്കൂടെ സ്പഷ്ടമാകുന്നതാണ്. അവൻെറ പരിശുദ്ധമനുഷ്യത്വത്തിൻെറ സകല സൽഗുണങ്ങളും വി. കുർബാനവഴിയായി നമുക്കു ലഭിക്കുന്നു. താൻ നമ്മിലേക്കു എഴുന്നെള്ളുന്നതു തൻെറ സകല സൽഗുണങ്ങളും, കൃപകളും, പൂർണ്ണമായി നമുക്കു നൽകുന്നതിനാണ്. വി: കുർബാന അനുഭവിക്കുന്ന ആ പുണ്യനാഴികയിൽ പരിപൂർണ്ണനായ മശിഹായോടു നാം യോജിക്കയും അതിനാൽ ആത്മാവിൽ നാം പൂർണ്ണത പ്രാപിക്കയും ചെയ്യുന്നതുകൊണ്ടു നാം വിചാരിക്കയും പറയുകയും പ്രവർത്തിക്കയും ചെയ്യുന്ന സകലത്തിലും പൂർണ്ണന്മാരായിരിപ്പാൻ നമുക്കു ശ്രമിക്കാം. മശിഹായുടെ ശരീരത്തിൻെറ അവയവങ്ങളായിരിക്കുന്നവക്കു ഇതിൽപരം സന്തോഷകരമായ വാർത്ത എന്തുള്ളൂ? തൻെറ ജീവനിൽ അംശികൾ, തൻെറ പൂർണ്ണതയിൽ ഓഹരിക്കാർ, ആയിരിക്കുന്നതിനേക്കാൾ ആത്മാവിനു ആനന്ദകരമായി മറ്റു വേറെ എന്തുള്ളൂ? യേശുമശിഹാ നമുക്കു നൽകുന്ന എല്ലാ കൃപാവരങ്ങളും, സ്നേഹം നമ്മെ പ്രേരിപ്പിക്കുന്ന വിധത്തിൽ സ്വയത്യാഗത്തിനും അർപ്പണത്തിനുമായി ഉപയോഗിക്കേണ്ടതാണ്. നമ്മുടെ ഹൃദയം മശിഹായ്ക്കു മുഴുവനായി അർപ്പിക്കണം. ഇപ്രകാരമുള്ള അർപ്പണത്തിൻെറ ഫലമായി മശിഹായുടെ വരവിൽ തൻെറ മഹത്വമായി പ്രത്യക്ഷപ്പെടും ; ആ നാളിൽ അവൻ തൻെറ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനായി (൨. തെസ്സലോ. ൧: ൧൦) വരും. തൻെറ ജീവൻ അവരിൽ ഇല്ലാതെ അതു എങ്ങിനെ സാധിക്കും?

ദൈവത്തിനു നമ്മുടെ ആത്മാക്കളെക്കുറിച്ചുള്ള ഉദ്ദേശ്യനിവൃത്തി നമ്മുടെ പ്രത്യുത്തരത്തിൻെറ സന്നദ്ധതയെ ആശ്രയിച്ചിരിക്കുമെന്നു പ്രത്യേകം നാം ഓർത്തിരിക്കേണ്ടതാണ്. ഹൃദയത്തിൻെറ യോഗ്യമായ നിലയെ പാലിക്ക

www.malankaralibrary.com

ല്യം, നമ്മെത്തന്നെ മുഴുവനായി ദൈവത്തിന്റെ കൈകളിൽ പരമാർത്ഥമായും നിഷ്കളങ്കമായും ഏല്പിച്ചുകൊടുക്കുന്നതിന്റെ സ്നേഹപരമാർത്ഥതയും, "തന്റെ ഇഷ്ടപ്രകാരം പ്രസാദം" (ഫിലി ൨:൧൩) നമ്മിൽ സാദ്ധ്യമാക്കുന്നതിനു സമ്മതിക്കയുമാണ് നാം ചെയ്യേണ്ട സംഗതികൾ.

വേദപുസ്തകത്തിലെ ചില ഭാഗങ്ങളെയോ, പരിശുദ്ധന്മാർ അവരുടെ ആത്മീയാനുഭവങ്ങളെ രേഖപ്പെടുത്തിയിട്ടുള്ളതിൽ ചില ഭാഗങ്ങളെയോ, തങ്ങളുടെ ധ്യാനങ്ങളെക്കുറിച്ചുള്ള യാതൊരു ചുമതലാബോധ്യവുമില്ലാതെ വായിക്കുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നവരുണ്ട്. ആഭ്യന്തരയോഗ്യതയും സൽസ്വഭാവവുമാണ ആത്മാഭിവൃദ്ധിക്കും സ്വർഗ്ഗത്തിലുള്ള ഉയർച്ചക്കും മുഖാന്തരമെന്നു വി: കാതോലിക്കസഭ നിഷ്കർഷിച്ചിട്ടുള്ളത്.

"ഞങ്ങളും അവനിൽ പൂർണ്ണന്മാരാകുന്നു" എന്നു പൌലൂസ് ശ്ലീഹാ പറഞ്ഞിട്ടുള്ള വാക്കുകൾ, വിശ്വസ്തന്മാരും, നിഷ്ഠയുള്ളവരുമായ ആളുകൾക്കു വളരെ ആശ്വാസം കൊടുക്കുന്നതാണ്. എന്നാൽ ത്യാഗത്തിൽ തൃപ്തിയില്ലാത്തവരും, അർപ്പിക്കയോ പ്രവർത്തിക്കയോ ചെയ്യുവാൻ കഴിയുന്ന ഉത്തമമായ സംഗതികളെ സ്വമനസ്സാൽ ഉപേക്ഷിക്കയും ചെയ്യുന്നവർക്കു ക്രിസ്തുവിലുള്ള പൂർണ്ണതയുടെ ആനന്ദം അനുഭവിപ്പാൻ നിവൃത്തി ഉണ്ടാകയില്ല.

വി: കുർബ്ബാനവഴി കർത്താവുമായുള്ള നമ്മുടെ സംബന്ധം പൂർണ്ണഫലപ്രാപ്തിയിലെത്തുവാൻ നാമെല്ലാവരും ചെയ്യേണ്ടതു എന്നു നോക്കാം.

"മശിഹായിൽ പൂർണ്ണന്മാരായി" തീരുവാനായി നാം ഒന്നാമതായി ചെയ്യേണ്ടതു, നമ്മെത്തന്നെ മുഴുവനായി, എല്ലാംപോലും സ്വന്താവശ്യങ്ങളെക്കൂടി മാറ്റിവയ്ക്കാതെ, ക

www.malankaralibrary.com

## ൫൧-ാം സങ്കീർത്തനം

[വ്യാഖ്യാനം]

### പ്രാർത്ഥന.

“അതിനാൽ എന്നെ നീ വെണ്മയാക്കേണമേ! ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.”

### രംഗം.

ദൈവമേ, നീ സൂപ്പാകൊണ്ടു എന്റെ മേൽ തളിക്കുമ്പോൾ ഞാൻ വെടിപ്പാക്കപ്പെടാതിരിക്കയില്ല, നിശ്ചയം. ആ വിധത്തിൽ മഹത്തരമായ ഒരു സൂപ്പയാണ് നിന്റേതു എന്നു എനിക്കറിയാം. സൂപ്പാകൊണ്ടു തളിക്കപ്പെട്ടാലും ദേഹത്തിന്റെ ഉൾഭാഗങ്ങളിൽ പറ്റിപ്പിടിച്ചിട്ടുള്ള കറകൾ പോയ്പ്പോകുമോ എന്നാണ് എന്റെ ഈഷൽ. ഞാൻ വെടിപ്പാക്കപ്പെട്ടാൽ പിന്നെ എന്നെ ചുഴിഞ്ഞുനോക്കിയാൽപോലും ദേഹത്തിന്റെ ഉൾഭാഗങ്ങളിൽ യാതൊരുവക ന്യൂനതയും ഉണ്ടായിരിക്കരുത്. അകവും പുറവും ഒരുപോലെ ശുഭ്രവർണ്ണമായിരിക്കണം. പുറമേ നോക്കിയാൽ അകവും കൂടി കാണത്തക്കവിധത്തിൽ എന്റെ ദേഹമുഴുവൻ വെള്ളനിറമായിരിക്കണം. ഞാൻ അങ്ങിനെയുള്ള പ്രത്യേകതരം വെള്ളനിറത്താൽ പ്രശോഭിതനായിരിക്കണം. ഇതിന് എന്റെ സ്വാഭാവികപാപങ്ങളെ നിശ്ശേഷം മാച്ചുകളയുന്ന ഒരു കഴുകൽ ആവശ്യമാണല്ലോ. എന്നെ പരിശുദ്ധപ്പെടുത്തുകയും, എന്റെ പാപങ്ങളെയെല്ലാം മോചിക്കുകയും, ചെയ്യുന്ന വിധത്തിൽ ഒരു ആത്മീയവിശുദ്ധി



www.malankaralibrary.com

കരണംതന്നെ എനിക്കു വേണ്ടിയിരിക്കുന്നു.

"ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും." ഈങ്ങിനെയൊക്കെ എന്നോടുചെയ്യാൽ ഞാൻ ഹിമക്കട്ടപോലെ തെള്ളതെളെ ശോഭിക്കും. നിന്റെ കൃപയാകുന്ന വിശുദ്ധികൊണ്ടു മാത്രമേ ഇങ്ങിനെ ഒരു അത്ഭുതംചെയ്യാൻ സാധിക്കുകയുള്ളൂ. ഞാൻ എപ്പോഴും ഉറച്ച മഞ്ഞുപോലെയിരിക്കണം. ഒരിക്കൽ കട്ടിയായിത്തീർന്ന ഹിമം ചൂടേററു പെട്ടെന്നു അലിഞ്ഞു അദൃശ്യമായിപ്പോകുന്നതുപോലെ ഒരു വിധത്തിലും ഞാൻ നശിച്ചുപോകാൻ നി സംഗതിയാക്കരുതു. എപ്പോഴും ഒരു ഹിമക്കട്ടപോലെ ഞാൻ സ്ഥിതികൊണ്ടിരിക്കണം. ചെങ്കളിപൂശപ്പെട്ട ചുമർ വെള്ളനിറമാണു. തുരന്നുനോക്കിയാൽ അതിന്നുള്ളിൽ പല അശുദ്ധികളും കാണും. ഹിമക്കട്ട അങ്ങിനെയുള്ളതല്ല. അതിന്റെ പുറവും ഉള്ളും ഒരുപോലെ വെണ്മയുള്ളതായിരിക്കും. പുറമെ കാണപ്പെടുന്നതുപോലെ അതിന്റെ ഉൾഭാഗവും വെള്ളതന്നെ എന്നു പ്രഥമവീക്ഷണത്തിൽ തന്നെ ആർക്കും കാണാൻ സാധിക്കുന്നു. ഒരൊററ നോട്ടംകൊണ്ടു ഞാൻ മുഴുവനായി (അകവും പുറവും ഒരുപോലെ) വെണ്മയുള്ളവനാണെന്നു — അതേ, പരിശുദ്ധനാണെന്നു — നിനക്കു കാണപ്പെടണം. ഈ വിധത്തിലൊക്കെ എന്നെ ആക്കിത്തീർപ്പാൻ നിനക്കു സാധിക്കും എന്നു നിന്നിലുള്ള എന്റെ വിശ്വാസം എന്നെ ധൈര്യപ്പെടുത്തുന്നു. ദൈവമേ, എന്നിൽ അനുകമ്പ തോന്നണമേ!

"ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും." ഇതെങ്ങിനെയാണു സാധിക്കുക? മഞ്ഞുതന്നെ സ്വതേ വെണ്മയുള്ളതാണു; അതിനേക്കാൾ വെണ്മയുള്ളതായിത്തീരണം എന്നു ദാവീദു ആഗ്രഹിക്കുന്നതു അപ്രകൃതമായി നമുക്കു തോന്നിയേക്കാം. ലോകത്തിൽ നിറങ്ങൾ പലതു

www.malankaralibrary.com

ുണ്ടു. ചുവപ്പു, നീല, പച്ച, കറുപ്പു, വെളുപ്പു — ഇങ്ങനെ ഓരോന്നിനും പേർ പറയപ്പെടുന്നു. ഈ വക നിറങ്ങളിൽ പലതിനേയും മറ്റൊരു നിറത്തിന്റെ സഹായംകൊണ്ടു നിറഭേദം വരുത്താൻ സാധിക്കാവുന്നതാണ്. ചുവപ്പിനോടുകൂടി കുറച്ചു പച്ചച്ചായം ചേർത്താൽ ഒന്നാന്തരം കറുപ്പുനിറം കിട്ടും. അതുപോലെതന്നെ ചുവപ്പിനോടു അല്പം നീലച്ചായം ചേർത്താൽ ഊതനിറവുമാകും. വെള്ളനിറം മാറ്റുവാൻ ഇതിനേക്കാൾ എളുപ്പമാണുതാനും. എന്നാൽ വെള്ളച്ചായം ഒഴിച്ചുള്ള ഏതെങ്കിലും ചായത്തെ വെള്ളനിറമാക്കിത്തീർപ്പാൻ ഏതൊരു ചിത്രകാരനാലും സാധ്യമായിരിക്കുന്നില്ല. ചുവപ്പിനെയോ കറുപ്പിനെയോ തനി വെള്ളയാക്കുവാൻ മനുഷ്യരാൽ അസാധ്യംതന്നെ. ദാവീദു പാപംനിമിത്തം രക്താംബരംപോലെ കടുംചുവപ്പായിരിക്കുന്നു. അങ്ങിനെയുള്ള ഒരാളെ എങ്ങിനെ വെള്ളനിറമുള്ളവനാക്കിത്തീർക്കും? മനുഷ്യരാൽ സാധ്യമല്ലാത്തതാണെങ്കിലും ദൈവത്താൽ അതു സാധിക്കപ്പെടാവുന്നതാണെന്നുള്ള ദാവീദിന്റെ വിശ്വാസത്തിന്റെ അധികതമമാണ് ഇവിടെ വെളിപ്പെടുന്നതു. പാപത്തിന്റെ കടുംചുവപ്പുനിറത്തെയോ, ക്രൂരകൃത്യങ്ങളുടെ കറുപ്പുനിറത്തെയോ നിഷ്പ്രയാസം വെള്ളനിറമാക്കിത്തീർപ്പാൻ ഉപകരിക്കുന്ന ഒരു വക പ്രത്യേകചായം ദൈവത്തിന്റെ പക്കൽ ഉണ്ടു. അതിനു കൃപയെന്നു പേർ പറയപ്പെട്ടുമിരിക്കുന്നു. അതിൽനിന്നു അല്പം എടുത്തു ചാലിച്ചു ചുവപ്പിന്മേലോ കറുപ്പിന്മേലോ പുരട്ടിയാൽ ഒന്നാന്തരം വെള്ളനിറം കിട്ടുമെന്നു ദാവീദിനു ബോധ്യമുണ്ടു. ശരി, എന്നാലും മഞ്ഞിൻകട്ടയേക്കാൾ അധികം വെളുപ്പു, അല്ലെങ്കിൽ വെണ്മ, എന്തിനാണ് ദാവീദു ആഗ്രഹിക്കുന്നതെന്നു ചോദ്യമുണ്ടാവാം. പുറം വെള്ളയാണെങ്കിലും ഉള്ളിൽ മ്ലേച്ഛത നിറഞ്ഞിരിക്കുന്ന ചുമരിനെ

www.malankaralibrary.com

പ്പോലെ വെണ്മയുണ്ടായാൽ ദാവീദ് തൃപ്തനാകുകയില്ല. അകവും പുറവും ഒരുപോലെ വെണ്മയുള്ളതായിത്തീരണം. തന്നിമിത്തം ഉറച്ച മഞ്ഞുപോലെയുള്ള വെണ്മ ലഭിക്കപ്പെട്ടാൽ മതിയാവുകയില്ലെന്നു ദാവീദു വിചാരിക്കുന്നതിനാൽ ഉറച്ച മഞ്ഞിനെക്കാൾ (അത്യന്തമായ) വെണ്മ വേണമെന്നു ദാവീദു അപേക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു.

### പ്രാൎത്ഥന.

“നിന്റെ ആനന്ദവും സന്തോഷവുംകൊണ്ടു എന്നെ തൃപ്തനാക്കേണമേ! ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.”

### ൮-ാം

ദാവീദ് തനിക്കു വ്യസനമുണ്ടെന്നുള്ള കാൎയ്യം വെളിപ്പെടുത്തുന്നതു ഇപ്പോൾ മാത്രമാണ്. സങ്കീൎത്തനത്തിലെ ആദ്യഭാഗത്ത് പാപം നിമിത്തം ദാവീദ് കരകാണാതെ ഉഴലുന്നതായി നാം കാണുന്നു. അനന്തരം അദ്ദേഹം അതിന്റെ മോചനസിദ്ധിക്കുവേണ്ടി നിലവിളിക്കുകയായി. ഇപ്പോൾ ഇതാ, ആനന്ദവും സന്തോഷവുംകൊണ്ടു തന്റെ മനസ്സിനെ തൃപ്തിപ്പെടുത്തണമെന്നു അദ്ദേഹം അപേക്ഷിക്കുന്നു. പാപംനിമിത്തം ദാവീദിന്റെ മനസ്സു വല്ലാതെ ഭാരപ്പെട്ടിരിക്കുകയാണ്. ഖേദം, ദുഃഖം, വിഷാദം എന്നി പൎയ്യായപദങ്ങളാൽ അറിയപ്പെടുന്ന വ്യസനത്താൽ അതു വിങ്ങിയിരിക്കുന്നു. സമാധാനമോ തൃപ്തിയോ അതിനില്ല. ജീവച്ഛവത്തെ എന്നപോലെ ദാവീദ് അതിനേയും വഹിച്ചുകൊണ്ടു നടക്കുന്നു. നിൎജ്ജീവമായിപ്പോയ ആ മനസ്സിനു ഒരു ഉന്മേഷവും തൃപ്തിയും എങ്ങിനെ ലഭിക്കപ്പെടും? ആത്മീയമായ ആനന്ദത്താലും സന്തോഷത്താലും

www.malankaralibrary.com

തന്നെ. സന്തോഷം രണ്ടു തരത്തിൽ ഉണ്ടു്. എല്ലാ സന്തോഷവൃത്താന്തങ്ങളിലും നമ്മുടെ മനസ്സു ഉന്മേഷം പ്രാപിക്കുകയോ തൃപ്തിപ്പെടുകയോ ചെയ്യുന്നമെന്നില്ല. മനസ്സിനെ തൃപ്തിപ്പെടുത്തുന്ന സന്തോഷവും ആനന്ദവുംതന്നെയാണു് ദാവീദിന്നാവശ്യം. ഇതെന്തു്? നിന്റെ പാപങ്ങളെല്ലാം ഞാൻ മോചിച്ചിരിക്കുന്നു എന്നുള്ള ദൈവത്തിന്റെ ശബ്ദംതന്നെ. ആ അരുളപ്പാടു മാത്രം തനിക്കു ആനന്ദകരവും സന്തോഷപ്രദവും, തന്റെ മനസ്സിനു തൃപ്തികരവും ആകുന്നു. തന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നതിനേക്കാൾ അധികം സന്തോഷകരമായിട്ടുള്ള ശബ്ദം ഒരു അനുതാപിക്കു മറ്റെന്താണുള്ളതു്!

"ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും."

അത്യുന്നതത്തിൽനിന്നു പെട്ടന്നു ഒരു പാറക്കൂട്ടത്തിന്മേൽ വീഴുകയാൽ ദാവീദിന്റെ അസ്ഥികൾ നുറുങ്ങിപ്പോയിരിക്കുന്നു. കൈയ്യും കാലും അനക്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നില്ല. പാപമോചനമാകുന്ന ആ സിദ്ധൌഷധം ഒരു സ്രിഞ്ചിൽക്കൂടി കുത്തിക്കയററിയാൽ മാത്രമേ അസ്ഥികൾക്കു പററിപ്പോയിട്ടുള്ള പരുക്കുകൾ സുഖപ്പെടുകയുള്ളു. ഏതു നിമിഷത്തിൽ ആ സിദ്ധൌഷധം കുത്തിക്കയററപ്പെടുന്നുവോ അപ്പോൾ, ആ നിമിഷത്തിൽ, മുറിപ്പെട്ടുപോയ എല്ലുകൾ ആനന്ദനിമിഗ്നരായി ദൈവത്തെ ആരാധിച്ചു തുടങ്ങും; ദൈവത്തെ സ്തുതിച്ചുതുടങ്ങും. ദാവീദ് ദുഃഖപൂരിതമായ തന്റെ മനസ്സിനു സംതൃപ്തിലഭിക്കുവാൻ ആനന്ദത്തെയും, നുറുങ്ങിപ്പോയ അസ്ഥികൾ ദൈവത്തെ സ്തുതിക്കുവാൻ വേണ്ടി സന്തോഷത്തെയും യാചിക്കുന്നു. പാപമോചനം തന്റെ മനസ്സിനേയും ശരീരത്തേയും ഒരു പോലെ കൃതാൎത്ഥപ്പെടുത്തും എന്നും സാരം.

www.malankaralibrary.com

ഞാൻ എപ്പോഴും എന്നും നിന്റെ കൂലിക്കാരനായിരുന്നുകൊള്ളാമെന്നു യാതൊരു അനുതാപിയും ദൈവത്തോടു യാചിക്കേണ്ടതില്ല. എന്നും ഖിന്നഭാവം പൂണ്ട് ആയുശ്ശേഷം വിനിയോഗിച്ചുകൊള്ളാമെന്നു ആരും പ്രതിജ്ഞ ചെയ്യുകയും വേണ്ട. 'എന്നെ സന്തോഷിപ്പിക്കേണമേ' എന്നു ദൈവത്തോടു ആൎക്കും അപേക്ഷിക്കാവുന്നതാണ്. തദനുസരണം ദൈവം ആ അഭിമതത്തെ നിറവേറ്റിത്തരികയും ചെയ്യും. മുടിയനായ പുത്രന്റെ തിരിച്ചുവരവിൽ അവന്റെ പിതാവും അയൽപക്കക്കാരും സ്നേഹിതന്മാരും സന്തോഷിച്ചപ്പോൾ ആ മകൻ കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുകയായിരുന്നുവോ? ഒരിക്കലുമല്ല. ദൈവത്തിങ്കലേക്കു തിരിച്ചുവരുന്ന ഒരു പാപിയെ നികൃഷ്ടനായി വിചാരിച്ചുകൂടാത്തതാണ്. X

www.malankaralibrary.com

# മനുഷ്യാവതാരോദ്ദേശങ്ങൾ

മനുഷ്യാവതാരത്തിന്റെ ഉദ്ദേശത്തിങ്ങളെപ്പറ്റി നമ്മുടെ രക്ഷിതാവുതന്നെ ഇങ്ങിനെ കല്പിച്ചിരിക്കുന്നു.

"കണ്ടാലും ദൈവമേ, നിന്റെ ഇഷ്ടം ചെയ്വാനായി ഞാൻ വരുന്നു."

"സത്യത്തെക്കുറിച്ചു സാക്ഷ്യം വഹിപ്പാനായി ഞാൻ വരുന്നു."

"ഞാൻ ലോകത്തിലേക്കു വന്നത്, അതിനെ വിധിപ്പാനല്ല, എന്നാലോ അതിനെ രക്ഷിപ്പാനത്രേ."

## ദൈവത്തിന്റെ ഇഷ്ടം ചെയ്യുക.

നമ്മുടെ രക്ഷിതാവു ലോകത്തിലേക്കു വന്നതു അതിലുള്ള എന്തെങ്കിലും സ്വീകരിപ്പാനല്ലാ, പിന്നെയോ പിതാവായ ദൈവത്തിന്റെ ഇഷ്ടം ചെയ്വാനത്രെ. വിശുദ്ധാത്മാവിന്റെ നിരന്തരമായ ശക്തിയിൽ വസിച്ചുകൊണ്ടു മനുഷ്യാവതാരത്തിന്റെ ആ നിമിഷംമുതൽ താൻ ഇതു നിവൃത്തിച്ചുകൊണ്ടിരുന്നു. നമ്മുടെ ജീവനെ സന്ധിച്ചുകൊണ്ടുപോകുന്ന രക്തം നമ്മുടെ ശരീരത്തിലെ എല്ലാ അവയവങ്ങളിലും ഏതുപ്രകാരം വ്യാപിച്ചിരിക്കുന്നുവോ അപ്രകാരം വിശുദ്ധാത്മാവു നമ്മുടെ രക്ഷിതാവിന്റെ മനുഷ്യത്വത്തെ നിറയ്ക്കുകയും അതിൽ പരിപൂർണ്ണമായി വ്യാപിക്കുകയും ചെയ്തിരുന്നു. ഈ വിശുദ്ധാത്മാവിനോടു ഒരിക്കക്കൽപോലും എതിർക്കാതെ തന്റെ മാനുഷികമായ സകല ശക്തികളും വർത്തിച്ചിരുന്നു. വിശുദ്ധാത്മാവു തന്റെ പ്രകൃതം

ഉഴവനിലും കൂടെ വ്യാപരിച്ചു് ജീവന്റെ ആസ്ഥാനമാകുന്ന പിതാവിനോടുള്ള പരിപൂൎണ്ണ സംസൎഗ്ഗത്തിൽ തന്നെ നിലനിന്നു. ആയതിനാൽ സൎവ്വസംഗതികളിലും പിതാവിന്റെ ഇഷ്ടം എന്തായിരുന്നുവോ അതിനെതന്നെ തന്റെ മാനുഷികമായ മനസ്സു അംഗീകരിച്ചു. ഓരോ മനുഷ്യൎക്കും പ്രകൃത്യാ ഉള്ള ഒരു മനസ്സുതന്നെയായിരുന്നു തനിക്കും ഉണ്ടായിരുന്നതു്. ഒരു മാതിരി അടിമത്വത്തിന്റെ ആത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ടിട്ടു പിതാവിന്റെ ഇഷ്ടത്തോടു പ്രതികൂലിക്കാതെ തന്റെ മനസ്സിനെ താൻ സംരക്ഷിച്ചുകൊണ്ടുപോന്നു എന്നല്ല, പിന്നെയോ, തന്റെ ഇഷ്ടത്തിനു കീഴ്പെടുത്തുക എന്നുള്ളതു ലോകത്തിനു കൊടുക്കുവാൻ കഴിയുന്ന എല്ലാവിധ സന്തോഷങ്ങളെക്കാളും ഉല്ലാസങ്ങളെക്കാളും കൂടുതൽ സന്തോഷത്തെ നൽകുന്ന ഒരു സംഗതിയായി തനിക്കു തോന്നി എന്നത്രേ. ധനം സമ്പാദിപ്പാനായി ദൂരദേശത്തേക്കു പോകുന്ന ഒരു മനുഷ്യൻ അവന്റെ കാൽച്ചുവട്ടിൽ ഉണങ്ങിവീഴുന്ന കാട്ടുപുഷ്പങ്ങളെ ഗണിക്കാറു പതിവില്ലല്ലോ. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിനു നമ്മുടെ രക്ഷിതാവു തിരുമനസ്സായതു താൻ അതു ഇഷ്ടപ്പെട്ടതുകൊണ്ടല്ല; എന്നാലോ അതു തന്റെ പിതാവിന്റെ ഇടമായതുകൊണ്ടത്രേ.

മനുഷ്യൻ എന്നനിലയിൽ തന്റെ ഇഷ്ടം പിതാവിന്റെ ഇഷ്ടത്തോടു പലപ്പോഴും എതിരിക്കണം. എങ്കിലും ഒരവസരത്തിൽ പോലും തന്റെ ഇഷ്ടം പ്രബലപ്പെടുന്നതിനു താൻ അനുവദിക്കാതെ അതിനെ യാതൊരു കളങ്കവുമില്ലാത്തതായി തന്റെ പിതാവിന്റെ അടുക്കൽ പ്രതിഷ്ഠിച്ചു. സന്തോഷത്തിന്റെ എണ്ണയാൽ താൻ അഭിഷേകം ചെയ്യപ്പെട്ടിരുന്നു. നമ്മുടെ രക്ഷിതാവിന്റെ ആത്മപരിത്യാഗസമ്പന്നമായ ജീവിതത്തിലെ സന്തോഷത്തോടു താരതമ്യപ്പെടുത്താവുന്ന യാതൊ

www.malankaralibrary.com

ത്തൊരു സന്തോഷവും ഇല്ലാ. ആത്മപരിത്യാഗത്തിൽനിന്നു ഉളവാകുന്ന സന്തോഷത്തിൽ താൻ നിമഗ്നനായിരുന്നു. തന്റെ ജീവിതത്തിലെ പ്രയാസങ്ങളും ദുഃഖങ്ങളും താൻ വഹിച്ചതു തത്വജ്ഞാനപരമായ ഏതോ ബോധത്താൽ ഭരിക്കപ്പെട്ടിട്ടല്ലാ; എന്നാലും, വിശുദ്ധാത്മാവിൻ സന്തോഷത്താലത്രേ. ആയതുകൊണ്ടു നമ്മുടെ അനുതാപജീവിതം സന്തോഷപ്രദമായ ഒരു ജീവിതമായിരിക്കേണ്ടതാണ്. നമ്മുടെ ആയുഷ്കാലം മുഴുവൻ പാപത്തിന്റെ ഭാരത്തെ നാം വഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇതിൽ നാം നിരാശപ്പെടരുതു. പിന്നെയോ നമ്മെ സംരക്ഷിക്കുന്നവനായ പരിശുദ്ധറൂഹായുടെ ശക്തിയെ നാം ഗ്രഹിച്ചിട്ടു തന്റെ നിശ്വാസങ്ങളാൽ പ്രത്യേകമായ ബലവും ദൈവികമായ സന്തോഷവും നാം അനുഭവിക്കേണ്ടതാകുന്നു. കർത്താവായ മശിഹാതമ്പുരാന്റെ ഉദ്ദേശം മനുഷ്യനെ രക്ഷിക്കുക എന്നുള്ളതായിരുന്നു എന്നു പലപ്പോഴും നാം ചിന്തിച്ചുപോകാറുണ്ട്. ഇതു വാസ്തവം തന്നെ. പക്ഷേ ഇതിനേക്കാൾ പ്രധാനമായ ഉദ്ദേശം പിതാവിനെ മഹത്വപ്പെടുത്തുക എന്നുള്ളതായിരുന്നു. നമ്മുടെ ജീവിതോദ്ദേശവും എത്ര കണ്ടു നന്മ നമുക്കു ചെയ്വാൻ കഴിയും എന്നുള്ളതായിരിക്കരുതു. പിന്നെയോ ദൈവത്തെ എത്രയധികമായി നമുക്കു മഹത്വപ്പെടുത്തുവാൻ കഴിയും എന്നുള്ളതായിരിക്കണം. നമ്മുടെ ജീവിതത്തിലെ സർവ്വപ്രധാനമായ ലാക്കു ദൈവമഹത്വമായിരിക്കുന്നില്ലെങ്കിൽ ഒരിക്കലും ഒരു നന്മയും ചെയ്വാൻ നമുക്കു കഴിയുന്നതല്ല. ദൈവത്തിന്റെ ഉദ്ദേശങ്ങളും ആഗ്രഹങ്ങളും നമ്മുടെ ഉദ്ദേശങ്ങളും ആഗ്രഹങ്ങളുമായിരിക്കണം. നമ്മുടെ കർത്താവിനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ തിരുവിഷ്ടമെന്നു താൻ കരുതിയിരുന്നതു പൂർവമേയുള്ള ഏതുള്ളുകളെ ജയിക്കുക എന്നുള്ളതല്ലായിരുന്നു; ലോകത്തിലെ സർവ്വ ശക്തികളും അവന്നു കീഴ്പ്പെട്ടു തന്നെ ആരാധിക്കുകയും പൂ



www.malankaralibrary.com

ല്പിച്ചുകൊടുക്കുമെങ്കിൽ അവൻ പൂൎണ്ണമായി വിശുദ്ധിയിലേക്കു നമ്മെ നടത്തിക്കൊള്ളും. നമ്മുടെ ജീവിതം ദൈവത്തിന്നു പ്രസാദകരമായിരിക്കണമെങ്കിൽ ദൈവഹിതം ഏതോ അതിൻപ്രകാരം നാം ജീവിക്കേണ്ടിയിരിക്കുന്നു. ദൈവഹിതം മാത്രം അന്വേഷിച്ചു ജീവിക്കുന്നതു നമ്മുടെ പ്രകൃതത്തിന്നു ദുഃഖകരമോ സന്തോഷകരമോ ആയിരിക്കാം, എങ്കിലും വിശുദ്ധാത്മാവിന്റെ ശക്തിയാൽ എല്ലായ്പോഴും ആനന്ദിക്കുന്നതിന്നു നാം അഭ്യസിക്കേണ്ടതാകുന്നു. തന്റെ പിതാവിന്റെ തിരുവിഷ്ടം നിവൃത്തിക്കുന്നതിന്നു തന്റെ ഹൃദയത്തെ ഏതുപ്രകാരം നമ്മുടെ രക്ഷിതാവു കീഴ്പെടുത്തി പ്രതിഷ്ഠിച്ചുവോ അപ്രകാരം നാമും നമ്മുടെ ഹൃദയങ്ങളെ സന്തോഷത്തോടുകൂടെ പ്രതിഷ്ഠിക്കേണം. ഈ ലോകത്തിലേക്കു താൻ വന്നതു തന്റെ രാജ്യത്തിൽ തന്നോടുകൂടെ പങ്കുകൊള്ളുന്നതിന്നു ആഗ്രഹമുള്ള ആളുകളെ കൂട്ടിച്ചേൎപ്പാനത്രേ. ക്രിസ്തുരാജ്യം സ്വൎഗ്ഗത്തിൽനിന്നു വരണമെന്നുള്ള നമ്മുടെ പ്രതീക്ഷയെക്കാൾ വലുതു ഭൂമിയിൽ അതു മുളച്ചുവരണമെന്നുള്ള നമ്മുടെ ആകാംക്ഷയാണ്. അതു ആകാശത്തിലെ നക്ഷത്രങ്ങളെ ഭൂമിമേൽ പെയ്യുന്ന പനിമഞ്ഞിൽ കാണണമെന്നു ആഗ്രഹിക്കുന്നതിന്നു തുല്യമാണു. പിതാവിന്റെ തിരുവിഷ്ടം പരിപൂൎണ്ണമായി നിവൃത്തിക്കുന്നവൎക്കെല്ലാം യേശു തമ്പുരാൻ പ്രാപിച്ചതും നാം തന്നോടുകൂടെ ഭാഗഭാക്കുകളാകുവാൻ ആശിക്കുന്നതും ആയ നിത്യപ്രതിഫലം ഉണ്ട്. അവൻ വീണ്ടും വരികയും അവന്റെ ആളുകളെ അവന്റെ രാജ്യത്തിന്റെ അവകാശികളാക്കിത്തീൎക്കുകയും ചെയ്യും.

www.malankaralibrary.com

## II

"ഞാൻ സത്യത്തെക്കുറിച്ചു സാക്ഷ്യം വഹിപ്പാനായിട്ടു വരുന്നു".

നാം ഈദൃശമായ ലോകത്തിന്നു അപ്പുറമായിരിക്കുന്ന ഒരു യാഥാൎത്ഥ്യത്തെക്കുറിച്ചു സാക്ഷ്യം വഹിക്കേണ്ടവരാകുന്നു; ക്രിസ്തുവിൻെറ ആത്മാവിനെ നമ്മോടുകൂടെ നാം വഹിച്ചുകൊണ്ടു പോകണം. നാം സത്യത്തിൽനിന്നുള്ളവരെങ്കിൽ ലോകത്തിലുള്ള നമ്മുടെ സ്ഥിതി എന്തുതന്നെയായിരുന്നാലും നമ്മുടെ സ്വന്തജീവിതത്തിൽ സത്യത്തെക്കുറിച്ചു നാം സാക്ഷിക്കണം. നാം പറയുന്നതിനെ മററുള്ളവർ അനുസരിക്കുമോ ഇല്ലയോ എന്നു വിചാരിച്ചു നാം വ്യാകുലപ്പെടേണ്ടയാവശ്യമില്ല. ദൈവികസത്യത്തിൻെറ വെളിച്ചത്തെ നമ്മിൽതന്നെ നാം പ്രകാശിപ്പിക്കണം. മററുള്ളവരെ കാണിപ്പാനായി നാം മതവൈരാഗ്യമുള്ളവരായിരിക്കരുതു. നാം വിശ്വസിക്കയും ഏററുപറകയും ചെയ്യുന്ന സത്യങ്ങളെക്കുറിച്ചു ലജ്ജിക്കേണ്ടയാവശ്യവും ഇല്ല. നമ്മുടെ ജീവിതക്രമം നാം വിശ്വസിക്കുന്ന പ്രമാണങ്ങളെ അനുസരിച്ചിരിക്കണം. നമ്മുടെ പുറമെയുള്ള നടവടികൾ അകമെയുള്ള ജീവിതത്തിൻെറ ഒരു പ്രതിബിംബമായിരിക്കണം. നമ്മുടെ രക്ഷിതാവു എല്ലാ വിധ ആളുകളോടും സമൂഹങ്ങളോടും ഇടപെടുകയും പെരുമാറുകയും ചെയ്തു. താൻ എല്ലായ്പോഴും സംസാരിക്കുകയൊ മററുള്ളവരെ ശാസിക്കയൊ ചെയ്തിരുന്നില്ല എങ്കിലും താൻ എല്ലായ്പോഴും സംസാരിച്ചുകൊണ്ടിരുന്നു. സൎവ്വശക്തനായ ദൈവത്തെക്കുറിച്ചു സാക്ഷ്യം വഹിപ്പാനുള്ള ചുമതലയാണു നിനക്കുള്ളതു. നിൻെറ സാക്ഷ്യം സത്യമാകുന്നുവോ എന്നു നിൎണ്ണയിക്കേണ്ടതു നിൻെറ പുറമെയുള്ള നന്മ പ്രവൃത്തികളുടെ ബഹുലതകൊണ്ടല്ല, എന്നാലൊ നിന്നിൽ സംഭരിക്കപ്പെട്ടിരിക്കുന്ന ദൈവസ്നേഹം

www.malankaralibrary.com

ആത്മീയശക്തി, ജീവിതത്തിൽ നിനക്കു നേരിടാവുന്ന പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും, ദുഃഖങ്ങളും, ദുരിതങ്ങളും, എന്നിവയെ നന്ദി നിറഞ്ഞ ഹൃദയത്തോടുകൂടെ സഹിക്കുന്നതിൽ നീ പ്രദർശിപ്പിക്കുന്ന ശാന്തത എന്നിവകൊണ്ടത്രെ. നീ ലോകത്തിലേക്കു അയക്കപ്പെട്ടിരിക്കുന്നതു നിന്നെ സംബന്ധിച്ചുള്ള ദൈവഹിതം നിവൃത്തിക്കുന്നതിനും ദൈവത്തെക്കുറിച്ചു സാക്ഷ്യം വഹിപ്പാനും ആകുന്നു. ഇവ സാധിക്കേണ്ടതു നിന്റെ സ്വന്ത ശക്തികൊണ്ടല്ല; പിന്നയോ ദൈവശക്തി നിന്നിൽ പ്രവൃത്തിക്കുന്നതിനാൽ തന്നെ. നമ്മെപോലെ മനുഷ്യനായിതീരുകയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പിതാവായ ദൈവത്തോടു സംയോജിപ്പിക്കപ്പെടുകയും ചെയ്തവനായ കർത്താവേശുമശിഹായോടു നീ സഹകരിക്കുകയും വേണം. ദൈവത്തോടുകൂടെ ഒളിച്ചുവെക്കപ്പെട്ടിരിക്കുന്ന ഒരു ജീവൻ നിനക്കുള്ളതുകൊണ്ടത്രെ സാക്ഷ്യം വഹിക്കേണ്ട കടമ നിനക്കുള്ളതു. നിന്നിലുള്ള സാക്ഷാൽ ശക്തി ഈ ജീവനാണ്. ഈ ജീവന്റെ ശക്തിയിൽ ആശ്രയിക്കുന്നതുകൊണ്ടു മാത്രമെ സത്യത്തെക്കുറിച്ചു സാക്ഷ്യം വഹിപ്പാൻ നീ പ്രാപ്തനായിത്തീരുകയുള്ളു. അതുകൊണ്ടു നിനക്കു വഹിപ്പാനുള്ള സാക്ഷ്യം ദൈവികസാക്ഷ്യമാകുന്നു എന്നുള്ളതു സ്പഷ്ടമാണല്ലോ? നിന്റെ പ്രകൃത്യാ ഉള്ള ആഗ്രഹങ്ങളാൽ ഇതിനെ നീ വഹിക്കയല്ല വേണ്ടതു; എന്നാലോ ദൈവാത്മാവിനാൽ അഭ്യസിപ്പിക്കപ്പെടുന്ന പരിശുദ്ധ പരിശീലനങ്ങളാൽ അത്രെ. യേശുതമ്പുരാൻ പീലാത്തോസിന്റെ മുമ്പാകെ മൗനമായിരുന്നു എങ്കിലും ആ സമയമെല്ലാം സത്യത്തെക്കുറിച്ചു താൻ സാക്ഷ്യം വഹിക്കയായിരുന്നു. "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു" എന്നു കല്പിച്ചവനായ യേശുതമ്പുരാന്റെ ശക്തിയാൽ ജീവിക്കുന്നതിനു നാം പരിശ്രമിക്കണം. നമ്മുടെ പ്രവൃത്തികളു

www.malankaralibrary.com

ടെ എണ്ണം നോക്കിയല്ല ദൈവം നമ്മെ വിധിക്കുന്നതു. എന്നാലും അവയുടെ ഉദ്ദേശശുദ്ധിയും മാഹാത്മ്യവും കണക്കാക്കിയത്രെ. നാം വാസ്തവത്തിൽ ദൈവത്തിലും ദൈവമഹത്വത്തെ ലാക്കാക്കിയും ജീവിക്കുമെങ്കിൽ നമ്മുടെ സാക്ഷ്യത്തെ താൻ സ്വീകരിക്കും.

## III

"ഞാൻ ലോകത്തിലേക്കു വന്നതു അതിനെ വിധിപ്പാനല്ല എന്നാലോ അതിനെ രക്ഷിപ്പാനത്രേ."

തന്റെ രാജ്യത്തിന്റെ പ്രചാരത്തിനുവേണ്ടി കർത്താവു തന്റെ സഭയിലെ അംഗങ്ങളെ വിനിയോഗിക്കുന്നു എന്നുള്ള വാസ്തവം നാം ഓർത്തുകൊള്ളണം. താൻ എല്ലാവർക്കും വേണ്ടി മരിച്ചതുപോലെ തന്റെ രക്ഷയിൻ ശക്തി ആരോരുത്തരുടേയും ഹൃദയത്തിൽ ദൃഢമായി പതിയുന്നതിനു വേണ്ട സർവ്വ യത്നങ്ങളും നാം ചെയ്യേണ്ടിയിരിക്കുന്നു. ഒരു മനുഷ്യൻ എന്ന നിലയിൽ പ്രകൃത്യാ തന്നെ ക്രിസ്തുവിനുണ്ടായിരുന്ന ശക്തികളും നൽവരങ്ങളും കൊണ്ടോ സകല ഹൃദയങ്ങളേയും തന്നിലേക്കു ആകർഷിക്കുന്നതിനു പ്രാപ്തമായ ഏതോ ചില ഗുണങ്ങൾ തന്നിൽ ഉണ്ടായിരുന്നതുകൊണ്ടോ അല്ലാ, മനുഷ്യജാതിക്കു രക്ഷയുണ്ടായതു. എന്നാലോ വിശുദ്ധാത്മാവു തന്നിൽ ഉണ്ടായിരുന്നതുകൊണ്ടും താൻ ചെയ്തു സർവ്വവും മനുഷ്യർക്കുവേണ്ടി ദൈവമുൻപാകെ പ്രതിപാദിച്ചതുകൊണ്ടും അത്രേ. തന്റെ ആത്മപരിത്യാഗപരമായ ശുശ്രൂഷയെ ദൈവം സ്വീകരിച്ചു. നാം ഏതൊരു നിലയിൽ ഇരുന്നാലും ആത്മപരിത്യാഗസംപൂർണ്ണയായ ജീവിതം നയിക്കുന്നതിനു ഹൃദയപൂർവ്വമായി പരിശ്രമിക്കേണ്ടതാകുന്നു. "ഇന്നാർക്കിന്നാർക്കെല്ലാം ചില സ്വാധീനശക്തിയുണ്ടു. എനിക്കതൊന്നുമില്ലാ" എന്നു സമാധാനിച്ചിട്ടു നാം നിരാശപ്പെട്ടുകയോ പരിത്യാഗജീവിതത്തിൽനി

www.malankaralibrary.com

ന്നു പിൻമാറുകയോ ചെയ്യുന്നതു ഒരുനാളും യോഗ്യമല്ലാ. മനുഷ്യരുടെ കണ്ണുകളിൽ ശോഭായമാനമായി, ഫലവത്തരമായി തോന്നുക്കുന്ന ജീവിതം ദൈവതിരുസന്നിധിയിൽ സ്വീകാര്യമായിരിക്കണമെന്നു നിർബന്ധമില്ലാ. നമ്മുടെ ജീവിതം ഫലപ്രദമായിരിക്കുമോ അല്ലയോ എന്നു നിർണ്ണയിക്കേണ്ട അളവുകോൽ പരിശുദ്ധാത്മാവിന്റെ ശക്തിയും വ്യാപാരവുമാണ്. നമ്മുടെ ഓരോ പ്രവൃത്തികളും ദൈവാത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ടു ദൈവസ്നേഹത്തിൽനിന്നു ഉള്ളവായിരുന്നെങ്കിൽ നമ്മുടെ ജീവിതം വിജയകരമോ അല്ലയോ എന്നു നിർണ്ണയിക്കാവുന്നതാണ്. നമ്മുടെ രക്ഷിതാവിന്റെ ക്രൂശിലെ മരണത്തിങ്കൽ വെറും ബാഹ്യമായ കാഴ്ചകൊണ്ടും മാത്രം വിധിച്ചവർക്കു തന്റെ ജീവിതം നഷ്ടപ്രായമായി തോന്നി. എങ്കിലും അതിന്റെ യാഥാർത്ഥ്യം എന്തായിരുന്നു? താൻ മറ്റുള്ളവരാൽ നിരസിക്കപ്പെട്ടതുപോലെ നാം നിരസിക്കപ്പെടുകയോ നമ്മുടെ ജീവിതം പാഴായിപ്പോയി എന്നു മറ്റുള്ളവർ വിധിക്കയോ ചെയ്യു എന്നും വരാം. ഇതുകൊണ്ടു നാം നിരാശപ്പെടരുതു. ദൃശ്യമായ ഫലങ്ങൾ മറ്റുള്ളവരുടെ രക്ഷയെ ഉദ്ദേശിച്ചുള്ള നമ്മുടെ പരിശ്രമങ്ങളിലും അദ്ധ്വാനങ്ങളിലും ഒരുപക്ഷേ കണ്ടില്ലാ എന്നു വരുന്നതാം. എന്നാലും മുകളിൽ പ്രസ്താവിച്ചതുപോലെ നമ്മുടെ പ്രവൃത്തികൾ ദൈവസ്നേഹത്തിൽനിന്നു ഉള്ളവയതാണെങ്കിൽ അന്യരുടെ രക്ഷയ്ക്കുവേണ്ടി ദൈവത്തോടു നാം സഹകരിക്കയായിരുന്നു എന്നുള്ളതു സ്പഷ്ടംതന്നെ. പലപ്പോഴും സാക്ഷാൽ ചെടികളും കളകളും തമ്മിൽ നമുക്കു തെറ്റിപ്പോകാറുണ്ടു. നാം ശുശ്രൂഷിച്ചു അവയ്ക്കുവേണ്ടി അദ്ധ്വാനിക്കുന്ന ചെടികൾ വളരുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെ പറ്റി വ്യാകുലപ്പെടുവാൻ നമുക്കാവശ്യമില്ലാ. എന്നാലോ ദൈവത്തിന്റെ തിരുവിഷ്ടം നാം നിറവേററുന്നുണ്ടോ എന്നു സൂക്ഷിച്ചാൽ മാത്രം മതിയാകും. തന്റെ തിരുവിഷ്ടം നാം നിവൃത്തിക്ക

www.malankaralibrary.com

ന്നു എന്നുള്ള മുഖ്യമായ ബോധം നമുക്കുള്ള പക്ഷം തന്റെ ഉദ്ദേശത്തിന്നു അനുസരണമായി നമ്മുടെ പ്രവൃത്തികളിൽകൂടെ തന്റെ തിരുവിഷ്ടം താൻ നിറവേററിക്കൊള്ളും. നമ്മുടെ പരമാൎത്ഥമായ വാഞ്ഛ എപ്പോഴും തന്റെ തിരുവിഷ്ടം നിവൃത്തിക്കുന്നതിനായിരിക്കണം. ഇതിലേക്കു പൂൎണ്ണവിശ്വാസത്തോടും ശരണത്തോടുംകൂടെ തന്നോടു നാം പ്രാൎത്ഥിക്കണം. നമ്മുടെ പ്രവൃത്തികളിൽ യദൃച്ഛികമായി തന്റെ ഇഷ്ടം നിറവേറിക്കൊള്ളണമെ എന്നല്ലാ എന്നാലൊ തന്റെ തിരുവിഷ്ടപ്രകാരമല്ലാതെ നമുക്കു യാതൊന്നും പ്രവൃത്തിപ്പാൻ സംഗതിയാകരുതെ എന്നാത്രെ. ഇങ്ങനെ നാം ചെയ്യുമെങ്കിൽ മററുള്ളവരുടെ രക്ഷക്കുവേണ്ടി അല്പമായിട്ടെങ്കിലും നാം പ്രവൃത്തിക്കുന്നു എന്നുള്ളതു തീൎച്ചതന്നെ. വിശുദ്ധന്മാരുടെ സമൂഹത്തിലെ അംഗമായിരിക്കുന്ന ഓരോരുത്തരും മററുള്ളവരുടെ രക്ഷക്കുവേണ്ടിയുള്ള പ്രവൃത്തികളെ സദാ സഹായിച്ചുകൊണ്ടിരിക്കുന്നു. കൎത്താവിന്റെ ശരീരത്തിൽ നമ്മെ മുക്കിക്കളഞ്ഞിട്ടു നമ്മുടെ പ്രതിഫലമായി തന്റെ രാജ്യത്തെ മുഴുവൻ നാം അവകാശിക്കണം. തന്റെ രാജ്യപ്രചാരാൎത്ഥം നമ്മുടെ ജീവനെ നാം നഷ്ടപ്പെടുത്തണം. നമ്മുടെ സകലയത്നങ്ങളും ഇതിലേക്കായിരിക്കണം. നമ്മുടെ രക്ഷിതാവു മരണത്തോളം വിശ്വസ്തനായി കാണപ്പെടുകയാൽ നിത്യജീവന്റെ കേന്ദ്രസ്ഥാനമായി താൻ ഭവിച്ചു. കൎത്താവിന്റെ ബലിഅൎപ്പണവും പ്രതിഷ്ഠജീവിതവും ഇവയിൽ അനുഭവിച്ചിരിക്കുന്ന ആത്മപരിത്യാഗവും നമ്മുടെ എല്ലാ പ്രവൃത്തികളെയും ഭരിക്കുമെങ്കിൽ നമ്മുടെ ജീവിതം ഫലപ്രദമാക്കിത്തീൎക്കുന്നതിനു നാം ശ്രമിക്കയാകുന്നു. പിതാവായ ദൈവത്തിന്നു നമ്മുടെ ജീവിതത്തെ ബലിയായി നാം അൎപ്പിക്കണം. ലോകപ്രകാരമുള്ള നമ്മുടെ സ്ഥിതിയും നിലയും എത്ര തന്നെയായിരുന്നാലും ഇതു നമുക്കു ചെയ്വാൻ കഴിയുന്നതാണ്. നമ്മുടെ ഇഹലോകജീവിതം ദൈവത്തിന്റെ തിരുവിഷ്ടം

www.malankaralibrary.com

നമ്മിൽ നിറവേറുന്നതിനുള്ള ഒരഭ്യസന കാലം മാത്രമാകുന്നു. ആയതുകൊണ്ടു നമ്മുടെ ശരീരങ്ങളെ നമ്മുടെ കർത്താവായ മശിഹാതമ്പുരാൻ വഴിയായി പിതാവായ ദൈവത്തിനു ബലിയായി നമുക്കർപ്പിക്കാം. അപ്പോൾ രക്ഷയുടെ മാർഗ്ഗത്തിൽ നമ്മെ നാം ആക്കിവെക്കുകയും ലോകത്തിന്റെ രക്ഷക്കുവേണ്ടി കർത്താവിനോടു നാം സഹകരിക്കുകയും ചെയ്യും.

—— * ——

## നിശ്ചയിക്കപ്പെട്ട പ്രാർത്ഥനകൾ

[ദിവ്യശ്രീ പനയമ്പാല ജോൺശെമ്മാശ്ശൻ, എം. എ., എൽ. റ്റി.]

പൌരസ്ത്യസഭകളായ യവുനായ, അർമ്മേനിയ, ഇഗ്രപ്ലാന്ത്, സുറിയാനി, എന്നീ ക്രിസ്തീയ വകുപ്പുകളിലും റോമാസഭയിലും, പൊതു ആരാധനകൾക്കും, രഹസ്യമായി ഉപയോഗിക്കുന്നതിനുകൂടെയും എഴുതപ്പെട്ട പ്രാർത്ഥനാക്രമങ്ങളാണ് ഉപയോഗിക്കുന്നത്. ഇപ്രകാരമുള്ള പ്രാർത്ഥനകളെയാണ് 'നിശ്ചയിക്കപ്പെട്ട' എന്ന അഭിധാനത്തിൽ മേൽ നിർദ്ദേശിച്ചിരിക്കുന്നത്.

പുറപ്പാടുപുസ്തകത്തിൽ മോശയും ഇസ്രായേൽ മക്കളും കൂടെ പാടിയതായ ഒരു പാട്ടു കാണുന്നുണ്ടു. (പുറപ്പാടു ൧൫: ൧ — ൨൦) ആവർത്തനപുസ്തകത്തിൽ ഒരു അജ്ഞാതഘാതകന്റെ കുറ്റപരിഹാരത്തിനായി പ്രത്യേകം നിശ്ചയിക്കപ്പെട്ട ഒരു പ്രാർത്ഥന ചെയ്യണമെന്നു കല്പിക്കുന്നതായി



www.malankaralibrary.com

കാണുന്നു (ആവർത്തനം ൬: ൧-൧൦). അപേക്ഷകളും സ്തോത്രങ്ങളുമാകുന്ന സങ്കീർത്തനങ്ങൾ ഇസ്രായേൽസംഘം കൂട്ടമായി ഉപയോഗിച്ചുവന്നിരുന്ന പ്രാർത്ഥനാക്രമങ്ങളാകുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട യഹൂദസഭയിൽ, ദൈവികമായി ഏർപ്പെടുത്തിയിരുന്ന ഈ വിധമുള്ള നിശ്ചയിക്കപ്പെട്ട പ്രാർത്ഥനകൾ നിർജ്ജീവമായവയല്ലായിരുന്നു. പതിവായി, നിശ്ചയിക്കപ്പെട്ട പ്രാർത്ഥനകളെ ഉപയോഗിച്ചുകൊണ്ടിരുന്ന യഹൂദസംഘങ്ങളിൽ സംബന്ധിച്ചിരുന്ന നമ്മുടെ കർത്താവും ശിഷ്യന്മാരും, ആ വക പ്രാർത്ഥനകളെ ഉപയോഗിച്ചിരുന്നിരിക്കണം. ഒരു സ്തോത്രഗീതം പാടി കർത്താവു തിരുവത്താഴം തുടങ്ങിയതായി വിശുദ്ധമത്തായി എഴുതുന്നു (മത്തായി ൨൬: ൩൦). ഒരു മാതൃകാപ്രാർത്ഥനയെ നമ്മുടെ കർത്താവു തന്നെ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (ലൂക്കോസ് ൧൧. ൧-൪). യറുശലേമിലെ യഹൂദസംഘം, പത്രോസിനെയും യോഹന്നാനെയും, പീഡിപ്പിച്ചു ശേഷം വിട്ടയച്ചപ്പോൾ ആദ്യക്രിസ്തീയസഭ സംഘമായി ചേർന്നു ഏകമനസ്സോടെ പ്രാർത്ഥിച്ചതായി നടപ്പുകളുടെ പുസ്തകത്തിൽ നാം വായിക്കുന്നു (നടപ്പു ൪: ൨൪).

ആദ്യക്രിസ്തീയസഭയിൽ, വിശുദ്ധ മർക്കോസും, യാക്കോബും, നിശ്ചയിക്കപ്പെട്ട പ്രാർത്ഥനാക്രമങ്ങൾ ഏർപ്പെടുത്തിയതായി ക്രിസ്തീയപാരമ്പര്യമുണ്ട്. വിശുദ്ധ ഇഗ്നാത്യോസിന്റെ എഴുത്തുകളിൽ നിന്നു ഒരേ പ്രാർത്ഥനയെ പലർ കൂടി ചൊല്ലിയതായി വെളിവാകുന്നു. ഇങ്ങനെ ഓരോരോ സന്ദർഭങ്ങൾക്കുമുള്ള ആരാധനക്രമങ്ങളെയാണ് "തക്സ"യെന്നു പറയുന്നത്. ഈ തക്സാകളുടെ ഒരു വ്യാഖ്യാനം ൪-ാം നൂറ്റാണ്ടിൽ യറുശലേം മെത്രാനായിരുന്ന വിശുദ്ധ കൂറിലോസ് എഴുതിയിട്ടുണ്ട്.

പുണ്യവാന്മാരും, രക്തസാക്ഷികളുമായ സകല പിതാ

www.malankaralibrary.com

ക്കന്മാരും പ്രാർത്ഥനാക്രമങ്ങളും ഉപയോഗിക്കയും, ചിലർ ക്രമങ്ങൾ രചിക്കയും ചെയ്തിട്ടുണ്ട്. പുരാതന ക്രിസ്തീയ സഭകൾക്കു എല്ലാററിനും, ആധുനികസഭാശാഖകളിൽ പലതിനും, നിശ്ചിതപ്രാർത്ഥനാക്രമങ്ങൾ ഉണ്ട്. ഇങ്ങനെ ഓരോ സന്ദർഭങ്ങൾക്കുമുള്ള പ്രാർത്ഥനകൾ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും, നിർബ്ബന്ധമായി ഉപയോഗിപ്പാൻ കടമുള്ള യാമപ്രാർത്ഥനകളുടെ ശേഷം, അവനവരുടെ സ്വന്താവശ്യങ്ങളെപ്പററിയും, മററുള്ളവൎക്കു വേണ്ടിയും, ദൈവത്തോടു രഹസ്യമായി പ്രാർത്ഥിപ്പാൻ ഓരോരുത്തൎക്കും സ്വാതന്ത്ര്യവും കടമയുമുണ്ടെന്നുള്ളതു വിശേഷിച്ചു പറയേണ്ടതില്ല.

നിശ്ചിത പ്രാർത്ഥനകൾ മാത്രമേ സഭയിൽ പൊതുവായി ഉപയോഗിക്കാവൂ. എന്തുകൊണ്ടെന്നാൽ പൊതുവായ പ്രാർത്ഥനാക്രമങ്ങൾ പട്ടക്കാരനേയും ജനങ്ങളേയും ഒന്നായി സംഘടിപ്പിക്കുന്നു. നേരെമറിച്ചു, മനഃപ്രാർത്ഥനയിൽ ഒരാൾ മററുള്ളവൎക്കുവേണ്ടികൂടെ, നല്ലതെന്നു തോന്നുന്നതു ചൊല്ലുന്നതിനാൽ, ചിലപ്പോൾ ഐക്യത്തിനു ക്ഷീണം ഭവിക്കയും സമയക്ലിപ്തതയില്ലാതെ വന്നുകൂടുകയും ചെയ്യാവുന്നു.

നിശ്ചയിക്കപ്പെട്ട പ്രാർത്ഥനകൾ ശ്രദ്ധയെ കേന്ദ്രീകരണം ചെയ്യുന്നു. ക്ലിപ്തവും നിശ്ചിതവുമായ പ്രാർത്ഥനാവാക്യങ്ങൾക്കു ശ്രദ്ധയെ നിലനിറുത്തുന്നതിനു ശക്തിയുണ്ടല്ലോ. നിശ്ചിതപ്രാർത്ഥനകൾ ഉപയോഗിക്കുന്നതിനാൽ ആലോചനകൂടാത്ത അപേക്ഷകളേയും, അനാവശ്യപദപ്രയോഗദോഷത്തെയും പരിഹരിക്കാവുന്നതാണ്.

നിശ്ചിതപ്രാർത്ഥനകളിൽ ഉപദേശസംബന്ധമായ പിശകുകൾ വരാതെ കരുതാവുന്നതാണ്. സാധാരണന്മാൎക്കു, വിദ്യാവിഹീനന്മാൎക്കും, എളുപ്പമാക്കി ഉപയോഗിക്കുന്നതിനും, മനസ്സിനേയും നാവിനേയും വിശാലപ്പെട്ടുള്ള

www.malankaralibrary.com

ന്നതിനും, നിശ്ചിതപ്രാൎത്ഥനകൾ സഹായിക്കുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ലോകജീവിതത്തിൽ സുലഭങ്ങളായി വൎദ്ധിച്ചുവരുന്ന നവനവങ്ങളായ സന്ദൎഭങ്ങൾക്കു ഉചിതമായ പ്രാൎത്ഥനകൾ എഴുതപ്പെട്ടിരിക്കുക എന്നുള്ളതു ഒരിക്കലും സാദ്ധ്യമല്ല. അഥവാ അങ്ങിനെ ഉണ്ടെങ്കിൽതന്നെയും സ്ഥലകാലസന്ദൎഭങ്ങൾക്കനുസരണമായി, പ്രാൎത്ഥനക്രമങ്ങൾ കൂടിയും കുറഞ്ഞും വേണ്ടിവരും; അതും സുസാദ്ധ്യമല്ല. ഈ വക കാരണങ്ങളാലാണ് നമ്മുടെ സഭയിൽ നവീനസന്ദൎഭങ്ങളിൽ "കൌമാ" നമസ്കരിച്ചു പിരിയേണ്ടതായി വന്നുകൂടുന്നത്. എന്നാൽ ഇങ്ങനെയുള്ള സന്ദൎഭങ്ങളിൽപോലും, "കൌമാ"യുടെ മാഹാത്മ്യവും സ്ഥാനവും ഒട്ടും കുറവല്ലെന്നും, അതിന്റെ ആഴവും വിലയും കാൎയ്യമായി മനസ്സിലാക്കുന്നവൎക്കു അതു വളരെ ഉചിതവും ഫലപ്രദവുമാണെന്നുമുള്ളതിനു രണ്ടുപക്ഷമില്ല. കൂടാതെയും സന്ദൎഭോചിതമായ സ്വയപ്രാൎത്ഥനകളെ യുദ്ധംപോലെയുള്ള സമയങ്ങളിൽ എല്ലാവൎക്കുംവേണ്ടി കൂടെ ഉപയോഗിക്കുന്നതിനു സഭയിലെ പട്ടക്കാൎക്കു അനുവാദമുണ്ടെന്നും കൂടെ മനസ്സിലാക്കണം. അഥവാ പട്ടക്കാരില്ലാത്ത സന്ദൎഭങ്ങളായിരുന്നാൽ സമയോചിതംപോലെ കൂട്ടത്തിൽ പഠിപ്പും ശേഷിയുമുള്ള ഏതു സഭാംഗത്തിനും, വിഷയനിശ്ചയംചെയ്തു "നമുക്കു ഇന്ന സംഗതിക്കുവേണ്ടി, അല്ലെങ്കിൽ ഇന്ന ആവശ്യത്തിനു വേണ്ടി, അല്ലെങ്കിൽ ഇന്ന ആളിനുവേണ്ടി പ്രാൎത്ഥിക്കാം" എന്നുപറഞ്ഞു സഭാംഗങ്ങളുടെ ആലോചനകളേയും, വിചാരങ്ങളേയും കേന്ദ്രീകരിച്ചു രഹസ്യമായി പ്രാൎത്ഥിപ്പാൻ സമയംകൊടുത്തു സഹായിക്കുന്നതിനു കഴിവുള്ളതാണല്ലോ.

www.malankaralibrary.com

നതിനും, നിശ്ചിതപ്രാർത്ഥനകൾ സഹായിക്കുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ലോകജീവിതത്തിൽ സുലഭങ്ങളായി വർദ്ധിച്ചുവരുന്ന നവനവങ്ങളായ സന്ദർഭങ്ങൾക്കു ഉചിതമായ പ്രാർത്ഥനകൾ എഴുതപ്പെട്ടിരിക്കുക എന്നുള്ളതു ഒരിക്കലും സാദ്ധ്യമല്ല. അഥവാ അങ്ങിനെ ഉണ്ടെങ്കിൽതന്നെയും സ്ഥലകാലസന്ദർഭങ്ങൾക്കനുസരണമായി, പ്രാർത്ഥന ക്രമങ്ങൾ കൂടിയും കുറഞ്ഞും വേണ്ടിവരും; അതും സുസാദ്ധ്യമല്ല. ഈ വക കാരണങ്ങളാലാണു് നമ്മുടെ സഭയിൽ നവീനസന്ദർഭങ്ങളിൽ ‚ഒരു കൌമാ’ നമസ്കരിച്ചു പിരിയേണ്ടതായി വന്നുകൂടുന്നതു്. എന്നാൽ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽപോലും, „കൌമാ”യുടെ മാഹാത്മ്യവും സ്ഥാനവും ഒട്ടും കുറവല്ലെന്നും, അതിന്റെ ആഴവും വിലയും കാര്യമായി മനസ്സിലാക്കുന്നവർക്കു അതു വളരെ ഉചിതവും ഫലപ്രദവുമാണെന്നുമുള്ളതിനു രണ്ടുപക്ഷമില്ല. കൂടാതെയും സന്ദർഭോചിതമായ സ്വയപ്രാർത്ഥനകളെ യുദ്ധംപോലെയുള്ള സമയങ്ങളിൽ എല്ലാവർക്കുംവേണ്ടി കൂടെ ഉപയോഗിക്കുന്നതിനു സഭയിലെ പട്ടക്കാർക്കു അനുവാദമുണ്ടെന്നും കൂടെ മനസ്സിലാക്കണം. അഥവാ പട്ടക്കാരില്ലാത്ത സന്ദർഭങ്ങളായിരുന്നാൽ സമയോചിതംപോലെ കൂട്ടത്തിൽ പഠിപ്പും ഭക്തിയുമുള്ള ഏതു സഭാംഗത്തിനും, വിഷയനിശ്ചയംചെയ്തു ‚നമുക്കു ഇന്ന സംഗതിക്കുവേണ്ടി, അല്ലെങ്കിൽ ഇന്ന ആവശ്യത്തിനുവേണ്ടി, അല്ലെങ്കിൽ ഇന്ന ആളിനുവേണ്ടി പ്രാർത്ഥിക്കാം’ എന്നുപറഞ്ഞു സഭാംഗങ്ങളുടെ ആലോചനകളേയും, വിചാരങ്ങളേയും കേന്ദ്രീകരിച്ചു രഹസ്യമായി പ്രാർത്ഥിപ്പാൻ സമയംകൊടുത്തു സഹായിക്കുന്നതിനു കഴിവുള്ളതാണല്ലോ.

www.malankaralibrary.com

# എന്റെ അനുഭവങ്ങൾ

(തുടൎച്ച)

ഇന്ത്യക്കാരനു ഒരു ആദൎശം ഉണ്ട്. അതു മഹത്തരമാണു താനും. പാശ്ചാത്യപൌരസ്ത്യസ്വഭാവപ്രകൃതികൾക്കു എന്നപോലെതന്നേ അതിനും നമ്മുടേതുമായി അജഗജാന്തരമുണ്ട്. ശ്രേഷ്ഠതരവും മഹത്തരവുമായ ആദൎശം ഉണ്ടെങ്കിലും, തദനുസരണം ജീവിക്കുന്നവരെ ദുൎല്ലഭമായിട്ടു മാത്രമേ ഇന്ത്യയിൽ കാണുന്നുള്ളു. അതു സാധിക്കാൻ വിഷമമാണെന്നുള്ള അവരുടെ മിഥ്യാബോധം തന്നെയാണിതിനു കാരണം. അവൎക്കു ചെയ്യാൻ കഴിയുന്നവയും ചെയ്യേണ്ടവയും ചുവട്ടിൽ അവർ പ്രത്യേകം വരഞ്ഞിട്ടിട്ടുണ്ട്. അതിനാൽ നമ്മുടെ ഉദ്ദേശം ഇന്ത്യയിൽ ഒരു ആദൎശം കാട്ടിക്കൊടുക്കേണ്ടതിന്നായിരിക്കരുത്. പ്രത്യുത, അവരുടെ സ്വന്തം ആദൎശംതന്നെ പരിപൂൎണ്ണമായി സാധിപ്പാൻ വിഷമമില്ലെന്നുവേണം അവരെ ഗ്രഹിപ്പിക്കുവാൻ. അതിന്നു പ്രധാനമാൎഗ്ഗം ക്രിസ്തുവാകുന്നുവെന്നും ധരിപ്പിക്കണം. പ്രാപഞ്ചികത്തിനേക്കാൾ അധികം ആത്മീയത്തെ ഇഷ്ടപ്പെടുന്നവരും, അതിൽ വിശ്വാസമുള്ളവരുമായ ജനങ്ങളെ ഇന്ത്യയിലൊഴിച്ചു മറ്റൊരേടത്തും കാണുകയില്ല. ആ ഒരു ബോദ്ധ്യം ഇന്ത്യക്കു ഉണ്ടായിവന്നാൽ, അല്ലെങ്കിൽ ആത്മീയപൂൎണ്ണത മനുഷ്യൎക്കു സുസാദ്ധ്യം തന്നെ എന്നു അവൎക്കു മനസ്സിലായിക്കഴിഞ്ഞാൽ, ഇന്ത്യ ലോകത്തെ ആശ്ചൎയ്യപ്പെടുത്തും. പൌരസ്ത്യരുടെ ആദൎശവും, ക്രിസ്തു മനുഷ്യൎക്കു

www.malankaralibrary.com

മുമ്പിൽ പ്രയോഗിച്ചു കാണിച്ച ആദർശവും കാര്യത്തിൽ ഒന്നുതന്നെയാണ്. അതുകൊണ്ടു ഒരു ക്രിസ്തീയസന്യാസി ക്രിസ്തുവിനെ അംഗീകരിച്ചുകൊണ്ടു, ആത്മീയപൂർണ്ണത പ്രാപിപ്പാൻ യാതൊരു വിഷമവുമില്ലെന്നു കാട്ടിക്കൊടുക്കത്തക്ക വിധത്തിൽ ജീവിതം നയിക്കേണ്ടിയിരിക്കുന്നു. മററുള്ളോർക്കു അതു സാധിച്ചില്ലെങ്കിലും ഒരു ക്രിസ്ത്യാനിക്കു അതിനൊട്ടും തന്നെ പ്രയാസമില്ലെന്നു പ്രത്യക്ഷപ്പെടുത്തണം. ഈ സത്യാവസ്ഥ അവരെ മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ അവരുടെ പുറകിൽ നടന്നു ക്രിസ്തുവിങ്കലേക്കു വരുവാൻ അവരോടു യാചിക്കേണ്ടതില്ല.

ഞാൻ ആ കുടിലിൽ മൂന്നാഴ്ചയോളമേ താമസിച്ചുള്ളു. എങ്കിലും അക്കാലത്തു ഹിന്ദുക്കൾ, സിക്കുകാർ, മുഹമ്മദീയർ, ഹിന്ദുസന്യാസികൾ, മുതലായവർ മാത്രമല്ല, ആര്യസമാജത്തിൽപെട്ട പല അംഗങ്ങളും എന്നെ വന്നു ദർശിക്കയുണ്ടായി. ഞാൻ അവരുടെ പരിചിതനായതുകൊണ്ടല്ല, എൻെറ പ്രവൃത്തികളിൽ അവർക്കു താല്പര്യം ജനിച്ചതുകൊണ്ടു മാത്രമാണ് അവർ എന്നെ തേടിവരികയുണ്ടായത്. ക്രിസ്ത്യാനികളുടെ ബദ്ധവൈരികളായ ആര്യസമാജാംഗങ്ങൾപോലും എന്നെ അവരുടെ ചങ്ങാതിയായി ഗണിക്കുകയും, എൻെറ പ്രവൃത്തികളെ അവർ അഭിനന്ദിക്കുകയും ചെയ്തു. അടുത്ത ഒന്നുരണ്ടു വർഷങ്ങളായി ഇന്ത്യൻവകകളല്ലാത്ത എല്ലാററിനേയും ആലോചനകൂടാതെ വെറുക്കാൻ തുടങ്ങിയിരിക്കുന്നതായി അറിയുമ്പോൾ ഈ സംഗതി ആശ്ചര്യകരമായി തോന്നാവുന്നതാണ്.

മേൽപറഞ്ഞ വിധം ഞാൻ ഇന്ത്യക്കാരെ ശുശ്രൂഷിക്കുകയുണ്ടായപ്പോൾ മാത്രമേ എന്നോടു അവർക്കു സ്നേഹവും ദയയും ഉണ്ടായിരുന്നുള്ളു എന്നു ധരിച്ചുപോകരുത്. ഞാൻ എവിടെയൊക്കെ പോയോ അവിടെയെല്ലാം എനിക്കു സ്നേ

www.malankaralibrary.com

ഹിതജ്ഞാരെ കിട്ടി. ഇക്കഴിഞ്ഞ ഏതാനും മാസങ്ങളിൽ ഞാൻ സ്വരാജ്യത്തായിരുന്നപ്പോൾ ഇന്ത്യയിലെ തീവണ്ടിയാത്രയിലും മറ്റും വെച്ച് പരിചയപ്പെട്ടിരുന്ന എത്രയോ പേരുടെ ക്ഷണക്കത്തുകൾ എനിക്ക് കിട്ടുകയുണ്ടായി! പ്രേമമെ സൗകര്യത്തിൽത്തന്നെ വന്ന തങ്ങളോടൊന്നിച്ച് താമസിക്കണമെന്ന് എഴുതപ്പെട്ടിട്ടുള്ള ആ കത്തുകൾ ഇന്നാരുടെയെല്ലാമാണെന്ന് ഞാൻ നോട്ടുപുസ്തകത്തിൽ കുറിച്ചിട്ടുണ്ട്. പലേ അവസരങ്ങളിലും അവരുടെ ക്ഷണനത്തെ ഞാൻ സ്വീകരിക്കുകയും, അവർ എന്നെ യഥോചിതം മാനിക്കുകയും ചെയ്തിട്ടുമുണ്ട്.

ഞാൻ സന്യാസവൃത്തിയെ അവലംബിച്ചതിനു ശേഷം, യാതൊരു വെള്ളക്കാരനും കാലെടുത്തു കുത്തിയിട്ടില്ലാത്തതും, അതിനു സാധ്യമല്ലാത്തതുമായ അനേകം ഭവനങ്ങളിൽ എനിക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. മലയിൽവെച്ച് ഹിന്ദുക്കൾ, രജപുത്രർ, കാണയിററാർ ആദിയായ പലേ മിത്രങ്ങളും എന്നോടൊന്നിച്ച് അനേകംനാൾ താമസിച്ചിട്ടുണ്ട്. പാചകവേലക്കായി അവർ അപ്പോൾ ഒരു ഹിന്ദുവിനെ നിയമിച്ചിരുന്നുവെങ്കിലും, എന്നോടൊന്നിച്ചുള്ള അവരുടെ താമസം സഹോദരബന്ധത്തിന്റെ മാനദണ്ഡമായി പരിഗണിക്കാവുന്നതാണല്ലോ. പ്രാരംഭത്തിൽ എന്റെ മിഷനറിവേലയിൽ എന്നെ ഇച്ഛാഭംഗപ്പെടുത്തിയതും, ഇപ്പോഴും ഇന്ത്യയിലേക്കു വരുന്ന മിഷനറിമാൎക്കു തടസ്ഥകാരണമായിത്തീർന്നിട്ടുള്ളതുമായ ആ മതിലിനെ സന്യാസിയായതിൽ പിന്നെ എനിക്കെങ്കിലും ചവിട്ടിക്കടക്കുവാൻ സാധിച്ചിട്ടുണ്ട്.

പലപ്പോഴും എനിക്കു പ്രതിബന്ധവും നിരാശയും ഉണ്ടാകാതിരുന്നിട്ടില്ല. ഇതൊന്നും ഉണ്ടായിരുന്നില്ലെങ്കിൽ ആശ്ചര്യത്തിനു വകയുണ്ടായിരുന്നു എന്നുതന്നെയല്ല, സ്വ

www.malankaralibrary.com

ഹനശക്തിയും സഹിഷ്ണുതയും പ്രദർശിപ്പിക്കുവാനുള്ള ആ അവസരങ്ങൾ നഷ്ടപ്പെട്ടുപോകയും ചെയ്യുമായിരുന്നു. ദീർഘക്ഷമയും ദയാശീലവും ഒരു ബുദ്ധിമാനായ ഇന്ത്യന്റെ പ്രത്യേകം പ്രശംസാർഹങ്ങളാണ്. എല്ലാ ശ്രമങ്ങളും വിഫലങ്ങളായിക്കൊള്ളട്ടെ, ധിക്കാരപൂർവ്വമായ പ്രതിരോധനങ്ങളെ സവിനയം സഹിക്കുക എന്നതിൽ ആർദ്രമനസ്കയായ ഇന്ത്യ ചെവിചായിക്കാതിരിക്കുകയില്ല. അതിനാൽ വി: മത്തായി ൫-ാം അധ്യായം ൩൯ മുതൽ ൪൮ വരെ വാക്യങ്ങളിൽ നമ്മുടെ നാഥനായ യേശുക്രിസ്തു കല്പിച്ചരുളിയ നിർദ്ദേശങ്ങളെ അക്ഷരംപ്രതി അനുവർത്തിച്ച് പ്രതികൂലങ്ങളെയെല്ലാം ദൈവനാമമഹത്വത്തിന്നായിത്തീർക്കുകയാണ് ഒരു സന്യാസി വേണ്ടിയിരിക്കുന്നത്.

ഇന്ത്യയിൽ ഒരു സന്യാസിക്കു സസന്തോഷം ചെയ്യാവുന്ന ദൈവവേലയ്ക്കുള്ള സൌകര്യങ്ങളും എന്തൊക്കെയെന്നു ഞാൻ മുകളിൽ യഥാശക്തി പറഞ്ഞുകഴിഞ്ഞു. അതൊന്നും എന്റെ ഭാവനാഭിപ്രായങ്ങളല്ല; എന്റെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സംഗതികളാണു അവ മുഴുവനും. ശുശ്രൂഷകൊണ്ടും സ്വയപരിത്യാഗംകൊണ്ടും വേണം നമ്മുടെ ഇന്ത്യൻസഹോദരന്മാരുടെ ഹൃദയങ്ങളെ നാം സ്വാധീനപ്പെടുത്തുവാൻ. പ്ലേഗ്‌രോഗം ഇതിനൊരു ഉത്തമമാർഗ്ഗമാണെന്നറിയുക. ഇതിനെ നാം ന്യായമായ വിധം ഉപയോഗപ്പെടുത്തുന്നപക്ഷം രോഗവിവശരായി കിടക്കുന്ന പലരെയും സഹായിച്ചുകൊണ്ടു നമ്മുടെ സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തുവാൻ നമുക്കു സാധിക്കും. ഓരോ ചെറുകുടിലുകളും നമുക്കു ഇതിന്നു സൌകര്യത്തെ ഉണ്ടാക്കിത്തരും. നാം ഇന്ത്യക്കാരെ സ്വാധീനിക്കാൻ വിചാരിക്കുന്ന പക്ഷം അവരുടെ വിശ്വാസത്തേയും സ്നേഹത്തേയും ഇത്തരത്തിൽ

www.malankaralibrary.com

വിലമതിക്കുകയാണ് വേണ്ടത്. ക്ഷാമം, മസൂരി, പ്ലേഗ്, വിഷൂചിക, കുഷ്ഠരോഗം എന്നിവ നമുക്കു ഉത്തമശുശ്രൂഷക്കുള്ള സന്ദർഭങ്ങളെ നൽകിത്തരുന്നു. കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതു നിമിത്തം ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടു ജീവിപ്പാൻ നമുക്കു സംഗതിയാകും. ഞാൻതന്നെ ഒരു കുഷ്ഠരോഗാശുപത്രിയിൽ ഏതാനും മാസങ്ങളോളം താമസിച്ച് കുഷ്ഠരോഗികളെ ശുശ്രൂഷിക്കുകയും, അവരുടെ പ്രശ്നങ്ങളെ കെട്ടുകയും ചെയ്കയാൽ ഇതെനിക്കു അനുഭവമായിട്ടുള്ളതാണ്. നാം ഇങ്ങിനെയൊക്കെ ചെയ്യുന്നപക്ഷം നമുക്കു പ്രസംഗിക്കേണ്ടുന്ന ആവശ്യമില്ല; നമ്മുടെ പ്രവൃത്തികൾതന്നെ പ്രസംഗങ്ങളായിരിക്കും. എന്താണ് നിങ്ങൾ ഇങ്ങിനെയൊക്കെ ചെയ്യുന്നത് എന്നു ചോദിച്ചാൽ "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു" എന്നു മാത്രമേ മറുപടി പറയേണ്ടതുള്ളൂ.

ഈ ലേഖനത്തെ ഉപസംഹരിക്കുന്നതിനു മുമ്പായി പലതിനെപ്പറ്റിയും എനിക്കു പറയേണ്ടതായിട്ടുണ്ട്. ഒന്നാമതായി ആരോഗ്യത്തെ സംബന്ധിച്ചുതന്നെ. ഞാൻ ഇങ്ങിനെ ഒരു സുവിശേഷകനായി ഇറങ്ങിയതിൽപിന്നെ വീണ്ടുംവീണ്ടും ഈ വക പ്രയാസങ്ങളൊന്നും സഹിക്കുവാൻ എനിക്കു സാധ്യമല്ലെന്നു പലരും എന്നോടു ഗുണദോഷിക്കുകയുണ്ടായിട്ടുണ്ട്. ജനങ്ങളൊക്കെയും പല അവസരങ്ങളിലും ഞാനൊരു കൊല്ലം തികച്ചു ജീവനോടിരിക്കയില്ലെന്നു തീർത്തു പറഞ്ഞിട്ടുണ്ട്. ഇതൊന്നും എനിക്കു ഇന്നോളം അനുഭവപ്പെട്ടിട്ടില്ലെന്നു മാത്രമേ ഞാൻ മറുപടി പറയുന്നുള്ളൂ. ഇന്ത്യയിലേക്കു പോകുന്നതിനു മുമ്പ് ഞാൻ ആരോഗ്യദൃഢഗാത്രനായിരുന്നില്ല. ആ നിലയിൽ ഇന്ത്യയിലെ കാലാവസ്ഥ എനിക്കു ആപൽക്കരമായിരുന്നേക്കുമോ എന്നു എനിക്കു ശങ്കയുണ്ടായിരുന്നു. ഇന്ത്യയി



www.malankaralibrary.com

ൽ ചെന്നു, വേലയാരംഭിക്കുന്നതിനുമുമ്പായി എനിക്കു സന്നിപാതജ്വരം പിടിപെട്ടു. അതു കൂടക്കൂടെ ആവൎത്തിച്ചു വന്നുകൊണ്ടുമിരുന്നു. എന്നെ പരിചരിച്ചിരുന്ന രണ്ടു ഡാക്കുടർമാർ എന്നോടു ഉടനെ നാട്ടിൽ പോകണമെന്നും, അല്ലാത്തപക്ഷം ൬ മാസത്തിനുള്ളിൽ മരിച്ചുപോകുമെന്നും ധൈൎയ്യമായി പറകയുണ്ടായി. വേലയെ ഉപേക്ഷിച്ചു പോകുന്നതിൽ തീരെ മനസ്സില്ലാത്തവനായി ഞാൻ അവിടത്തന്നെ താമസിച്ചു. ഇപ്പോൾ ഞാൻ പണ്ടത്തേതിൽ എത്രയോ ആരോഗ്യമുള്ളവനായി തീൎന്നിരിക്കുന്നു. നാം പലതും പരീക്ഷിച്ചറിയുന്നതിനുമുമ്പായി അതൊന്നും സുസാദ്ധ്യമല്ലെന്നു തീരുമാനിക്കുന്ന ഒരു പതിവു നമുക്കുണ്ടെന്നു എനിക്കു തോന്നുന്നു. അവനവന്റെ ഇച്ഛാശക്തിയെ ബന്ധിപ്പിക്കുന്നവൻ ക്ഷണത്തിൽ ആരോഗ്യഹീനനായിത്തീരും. നേരെ മറിച്ചു് അവനവന്റെ ഇച്ഛപോലെ, അവനവന്റെ ആദൎശമനുസരിച്ചു ജീവിക്കുന്നപക്ഷം ഒരുവനു എന്തു ക്ലേശവും സഹിപ്പാൻ കഴിവുണ്ടാകുന്നതാണു്. ഈ ഒരു തത്വം സഹോദരനായ സാധുസുന്ദരസിംഗിലും ഹിന്തു സന്യാസികളിലും എന്റെ അനുഭവത്തിലും ഞാൻ കണ്ടറിഞ്ഞിട്ടുണ്ടു്. സ്വരാജ്യത്തുവെച്ചു എന്റെ ഡാക്കുടർ ഞാൻ ഇന്ന തരത്തിൽ മാത്രമേ ആഹാരം കഴിക്കാവു എന്നു നിജപ്പെടുത്തിയിരുന്നു. പക്ഷേ ഒരു സന്യാസിയായിത്തീൎന്ന ഞാൻ സാധാരണ ഒരു ഇന്ത്യക്കാരനു തൊടുവാൻപോലും അറെക്കുന്ന ഭക്ഷണസാധനങ്ങൾ വയറ്റിലാക്കീട്ടുണ്ടു്. പ്രഭുത്വോചിതമായവിധം ചെറുപ്പത്തിൽ വളൎത്തപ്പെട്ട ഫ്രാൻസിസ്കൻ സമൂഹത്തിൽപെട്ട പല പ്രഭുകുമാരന്മാരും മഹാന്മാരും വീടുകളുടെ മുമ്പിൽചെന്നു ആഹാരം തെണ്ടി ഉപജീവിക്കുന്നു. അവൎക്കു ആ വിധത്തിലുള്ള ക്ലേശങ്ങൾ അനുഭവിപ്പാൻ

www.malankaralibrary.com

കഴിയുമെങ്കിൽ നമുക്കൊന്നുകൊണ്ടും അതു സാധിക്കുകയില്ലേ? നാം ചെയ്യുന്ന വേല ദൈവത്തിനു തൃപ്തികരമല്ലെങ്കിൽ നമുക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല, നിശ്ചയം. എന്നാൽ ആ വേല ചെയ്യപ്പെടണമെന്നാണ് ദൈവത്തിന്റെ ഇഷ്ടമെങ്കിൽ അതു സാധിക്കുന്നതാണോ അല്ലയോ എന്നു നാം എന്തിനു സംശയിക്കുന്നു?

(തുടരും) X

## സണ്ടേസ്കൂൾപാഠങ്ങൾ

### പാഠം ൮

സർവ്വശക്തിയുള്ള പിതാവായി............... സത്യദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

### പരിശുദ്ധമാലാഖമാർ

ഉദ്ദേശ്യം: പരിശുദ്ധമാലാഖമാരെ സ്നേഹിക്കുന്നതിനു കുട്ടികളെ പഠിപ്പിക്കുക.

൧. മാലാഖമാർ സൃഷ്ടിക്കപ്പെട്ടതു: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ ഏക ദൈവത്തിൽ നാം വിശ്വസിക്കുന്നു എന്നു വിശ്വാസപ്രമാണത്തിൽ നാം ചൊല്ലുന്നു. പരിശുദ്ധമാലാഖമാർ ദൈവത്തിന്റെ അഗോചരമായ സൃഷ്ടിയുടെ ഒരു പ്രധാന ഭാഗമാണ്. ഭൂമിയെ സൃഷ്ടിക്കുന്നതിനു മുമ്പു ദൈവം മാലാഖമാരെ സൃഷ്ടിച്ചു.

www.malankaralibrary.com

൮. <u>മാലാഖമാരുടെ പ്രകൃതി.</u> നമ്മിൽ മൂന്നു പ്രകൃതികൾ ഉണ്ടു. നമുക്കു ശരീരമുണ്ടു, മനസ്സുണ്ടു, ആത്മാവുണ്ടു. നാം ആ മനസ്സുകൊണ്ടും ആത്മാവുകൊണ്ടും വിചാരിക്കുകയും, പ്രാൎത്ഥിക്കയും, സ്നേഹിക്കയും ചെയ്യുന്നു. മാലാഖമാൎക്കു ശരീരമില്ല. എന്നാൽ അവൎക്കു ആത്മാവും മനസ്സുമുണ്ടു. അവകൊണ്ടു അവർ ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ദൈവത്തോടു പ്രാൎത്ഥിക്കയും ചെയ്യുന്നു. (സങ്കി. ൧൦൪: ൪)

൯. <u>മാലാഖമാരുടെ പ്രവൃത്തി.</u> പരിശുദ്ധമാലാഖമാർ എപ്പോഴും ദൈവമുമ്പാകെ വസിക്കുന്നു. അവർ ദൈവത്തെ മുഖാമുഖമായി കാണുകയും ഇടവിടാതെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നു (മത്താ ൧൮: ൧൦) ദൈവം അവരെ ചിലപ്പോൾ നമ്മെ സൂക്ഷിക്കുന്നതിനായും ശുശ്രൂഷിക്കുന്നതിനായും ഭൂമിയിലേക്കു കല്പിച്ചയക്കുന്നു (എബ്രാ. ൧: ൧൪) നമ്മുടെ കൎത്താവിന്റെ ജനനത്തെക്കുറിച്ചു അറിയിപ്പാനായി ഒരു ദൈവദൂതൻ കന്യകമറിയാമിന്റെ അടുക്കൽവന്നു (ലൂക്കാ. ൧: ൨൬) നമ്മുടെ കൎത്താവിന്റെ ഭൗമികജീവിതത്തിൽ മാലാഖമാർ തന്നെ പലപ്പോഴും ശുശ്രൂഷിച്ചു (മത്താ ൪: ൧൧. ലൂക്കാ. ൨൨: ൪൩) നാമോരോരുത്തൎക്കും ഓരോ പ്രത്യേകകാവൽദൂതന്മാരുണ്ടു. നമ്മുടെ ജനനം മുതൽ നമ്മുടെ ജീവിതകാലം മുഴുവൻ അവർ നമ്മെ കാത്തു സൂക്ഷിക്കുകയും നാം മരിക്കുമ്പോൾ നമ്മുടെ ആത്മാക്കളെ ദൈവസന്നിധിയിലേക്കു കൊണ്ടുപോകയും ചെയ്യുന്നു (ലൂക്കാ. ൧൬: ൨൨ മത്താ. ൧൮: ൧൦) നമ്മുടെ ആരാധനയിൽ നമ്മോടുകൂടി അവർ പങ്കുകൊള്ളുന്നു. വിശുദ്ധകുൎബ്ബാനസമയത്തു പ്രത്യേകമായി അവർ നമ്മുടെ അടുത്തുണ്ടു.

www.malankaralibrary.com

## ൪. മാലാഖമാരുടെ ദിവ്യസ്വഭാവം.

പരിശുദ്ധദൂതന്മാർ എപ്പോഴും ദൈവത്തോടുകൂടി വസിക്കയും ദൈവത്തെ അഭിമുഖമായിക്കണ്ടുകൊണ്ടിരിക്കയും ചെയ്യുന്നതുകൊണ്ടു അവർ ദൈവസദൃശന്മാരാണു. അവർ വിശുദ്ധന്മാരും സ്നേഹമുള്ളവരും, സ്വയപരിത്യാഗികളും അനുകമ്പാശീലമുള്ളവരും സന്തോഷസ്വഭാവികളുമാണു. നാം അവരെപ്പററി വിചാരിക്കാതെയും അവരോടു കൃതജ്ഞതയില്ലാതെയും ഇരുന്നാലും അവർ നമ്മെ ശക്തിയോടും വിശ്വസ്തതയോടുംകൂടി സ്നേഹിക്കുന്നു. നമ്മുടെ സ്നേഹത്തിൽ അവർ നമ്മോടുകൂടി പങ്കുകൊള്ളുന്നു. നാം എന്താണു ചെയ്യുന്നതെന്നു കാണുന്നതിന്നായി അവർ ആകാംക്ഷയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്നു. നമ്മെ രക്ഷിക്കാനായി നമ്മുടെ കർത്താവു മനുഷ്യനായി ജനിച്ചപ്പോൾ അത്യധികം സന്തോഷിച്ചു (ലൂക്കാ. ൨: ൧൩-൧൪) ഒരു പാപി അവൻറെ പാപത്തെവിട്ടു ദൈവത്തിങ്കലേക്കു തിരിയുമ്പോൾ അവർ ആഹ്ലാദഭരിതരായിത്തീരുന്നു. (ലൂക്കാ: ൧൫: ൧൦) നമ്മുടെ കുമ്പസാരത്തിങ്കൽ അവർ സാക്ഷികളായി നില്ക്കുന്നു. (കുമ്പസാരക്രമം നോക്കുക) നമുക്കു പാപമോചനം ലഭിക്കുമ്പോൾ അവർ സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു.

## ൫. നാം മാലാഖമാരെക്കാൾ വലിയവരായിത്തീരേണ്ടവരാണ്.

മാലാഖമാർ വിശുദ്ധന്മാരും വലിയവരും ദൈവത്തോടു അടുത്തു വസിക്കുന്നവരും ആണെങ്കിലും നാം അവരെക്കാൾ വലിയവരായിത്തീരേണ്ടവരാണെന്നു ദൈവം നമുക്കു വെളിപ്പെടുത്തിക്കാണിച്ചിരിക്കുന്നു. വിശുദ്ധ വേദത്തിൽ അപ്രകാരം പറഞ്ഞിട്ടില്ലായിരുന്നു എങ്കിൽ ദൈവത്തിനു നമ്മെക്കുറിച്ചു അത്ര ഉന്നതമായ ഉദ്ദേശമുണ്ടെന്നു

www.malankaralibrary.com

വിചാരിപ്പാൻപോലും നമുക്കു നിവൃത്തിയില്ലായിരുന്നു. (൧ കൊ. ൨:൯). ദൈവത്തിന്റെ ജീവനു നാം അംശികളായിത്തീരണമെന്നുള്ളതാണു ദൈവത്തിനു നമ്മെക്കുറിച്ചുള്ള ആഗ്രഹം. അപ്രകാരമുള്ള ഒരു ജീവിതത്തിനു മാലാഖമാൎക്കു താൻ ഒരിക്കലും പ്രാപ്തി നല്കീട്ടില്ല (എബ്രാ. ൨:൧൬). പിന്നാലെയുള്ള പാഠങ്ങളിൽ ദൈവത്തിനു നമ്മെക്കുറിച്ചുള്ള ഉദ്ദേശങ്ങളെക്കുറിച്ചു നമുക്കു പഠിക്കാം. നമ്മെക്കുറിച്ചുള്ള ദൈവോദ്ദേശത്തിന്റെ മഹിമയെ നാം വിചാരിക്കുമ്പോൾ നാം നന്ദിനിറഞ്ഞവരായിത്തീരുകയും, ഇത്ര മഹോന്നതമായ ഒരു സ്ഥിതിയിലേക്കു നമ്മെ ഉയൎത്തണമെന്നു ദൈവത്തിനുള്ള ഇച്ശയെക്കുറിച്ചു നമുക്കു വിസ്മയമുണ്ടാകയും ചെയ്യുന്നു. ദൈവോദ്ദേശം നിറവേറുന്നതിനു പ്രതിബന്ധമായി നില്ക്കുന്ന നമ്മുടെ എല്ലാ പാപങ്ങളേയും നാം ജയിക്കേണ്ടതാകുന്നു.

### ൧൭. വിശുദ്ധ മാലാഖമാരെ നാം ഓൎക്കണം.

നമ്മെ സ്നേഹിക്കുകയും എപ്പോഴും നമുക്കു നന്മ വരണമെന്നാഗ്രഹിക്കുകയും ചെയ്യുന്ന അനേകായിരം സ്വൎഗ്ഗീയ സൈന്യങ്ങൾ നമ്മെ എപ്പോഴും ചുറ്റിയിരിക്കുന്നു എന്നു നാം ഓൎക്കണമെന്നും അറിയണമെന്നും ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു. നാം അവരെ സ്മരിക്കുന്നില്ലെങ്കിൽ അവൎക്കു നമ്മോടുള്ള സ്നേഹത്തിനും കരുതലിനും പകരം നാം അവരോടും അവരുടെ നന്മയും വിശുദ്ധിയും അവൎക്കു കൊടുക്കുന്നവനായ ദൈവത്തോടും കൃതഘ്നത കാണിക്കുകയാകുന്നു ചെയ്യുന്നതു. നമ്മുടെ കാവൽമാലാഖ നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്നു നാം അറിയുകയും നന്ദിനിറഞ്ഞ ഹൃദയത്തോടുകൂടി അതു നാം ഓൎക്കുകയും വേണം.

www.malankaralibrary.com

## ൬. ഒരു മാലാഖാ സഹായിച്ച കഥ.

കുറെ മുമ്പൊരിക്കൽ പരിശുദ്ധനായ ഒരു മെല്പട്ടക്കാരൻ തന്റെ ഇടവകയിൽപോയി ഇടവകപ്പള്ളികളെ സന്ദർശിക്കുകയായിരുന്നു. അപ്പോൾ അവിടെ ഉണ്ടായിരുന്ന ഇടവകക്കാരിൽ ഒരുവൻ ഇദ്ദേഹത്തെക്കണ്ടപ്പോൾ താഴെവരുന്നപ്രകാരം പറഞ്ഞു. „അങ്ങു തനിയെ ഒരു വിജനപ്രദേശത്തുകൂടി യാത്രചെയ്യാൻ പോകുന്നു എന്നു ഞാനറിഞ്ഞു. അവിടെ വച്ചു അങ്ങയെ ആക്രമിക്കയും കൈവശമുള്ള മുതൽ അപഹരിക്കയും ചെയ്യണമെന്നു കരുതി ഞാൻ ആ സ്ഥലത്തു പോയി പതിയിരുന്നു. എന്നാൽ അങ്ങു വന്നപ്പോൾ ഞാൻ വിചാരിച്ചിരുന്നതുപോലെ തനിയെ അല്ലായിരുന്നു. ഒരു കൂട്ടുകാരൻ കൂടിയുണ്ടായിരുന്നു. രണ്ടുപേരോടു എതിരിടുവാൻ എനിക്കു ശക്തിയില്ലായിരുന്നതുകൊണ്ടു ഞാൻ അങ്ങയെ ഉപദ്രവിക്കാതെയിരുന്നു എന്നേയുള്ളു". അപ്പോൾ അദ്ദേഹത്തിനു ആ സ്ഥലവും സന്ദർഭവും ഓർമ്മവന്നു. അദ്ദേഹം ആ വിജനപ്രദേശത്തുകൂടി യാത്രചെയ്യുമ്പോൾ അദ്ദേഹത്തിന്റെകൂടെ മനുഷ്യർ ആരുംതന്നെയുണ്ടായിരുന്നില്ലെന്നുള്ളതും അദ്ദേഹത്തിനു ഓർമ്മവന്നു. ആ ഇടവകക്കാരൻ വേറൊരാളെക്കൂടെക്കണ്ടു എന്നു പറഞ്ഞതോർത്തു അദ്ദേഹം വിസ്മയിച്ചു. നമ്മുടെ കർത്താവു തന്നെ തന്റെ വിശ്വസ്തദാസനെ കാക്കുന്നതിനായി വന്നതോ അല്ലെങ്കിൽ അതിനായി ഒരു മാലാഖായെ അയച്ചതോ ആയിരിക്കണം. നാം അറിയാതെ മാലാഖമാർ പല ആപത്തിൽനിന്നും നമ്മെ രക്ഷിച്ചിട്ടുണ്ടായിരിക്കണം. (സങ്കീർത്ത: ൯൧: ൧൧)

ഗൃഹപാഠം. ൧. മെല്പട്ടക്കാരനേയും മാലാഖായേയും കുറിച്ചുള്ള കഥ വീട്ടിൽവച്ചു പറയുക.

൨. മാലാഖമാരെക്കുറിച്ചു എവൻഗേലിയോനിലും ഉള്ള ഭാഗങ്ങൾ നിങ്ങൾ കഴിവുള്ളിടത്തോളം കണ്ടുപിടിക്കുക.

൩. വെളിപാടു ൭: ൧൧—൧൨. മന:പാഠമാക്കുക.

www.malankaralibrary.com

# പഞ്ചാംഗം

ശ്ബോത്ത്. കുംഭം. ഫെബ്രുവരി—മാർച്ച്.

| സൂ | മ | ഇ | വിശേഷദിവസങ്ങൾ |
|---|---|---|---|
| ൧ | ൨ | ൧൪ | |
| ൨ | ൩ | ൧൫ | മായൽത്തൊ (കാഴ്ചവപ്പു) മാദാനഹ |
| ൩ | ൪ | ൧൬ | |
| ൪ | ൫ | ൧൭ | |
| | | | |
| ൫ | ൬ | ൧൮ | ഞായർ. |
| ൬ | ൭ | ൧൯ | ശുബ്ക്കോനോശുശ്രൂഷ (വലിയനോമ്പാരംഭം.) |
| ൭ | ൮ | ൨൦ | |
| ൮ | ൯ | ൨൧ | |
| ൯ | ൧൦ | ൨൨ | |
| ൧൦ | ൧൧ | ൨൩ | |
| ൧൧ | ൧൨ | ൨൪ | |
| | | | |
| ൧൨ | ൧൩ | ൨൫ | ഞായർ. |
| ൧൩ | ൧൪ | ൨൬ | |
| ൧൪ | ൧൫ | ൨൭ | |
| ൧൫ | ൧൬ | ൨൮ | |
| ൧൬ | ൧൭ | ൧ | |
| ൧൭ | ൧൮ | ൨ | |
| ൧൮ | ൧൯ | ൩ | |
| | | | |
| ൧൯ | ൨൦ | ൪ | ഞായർ. |
| ൨൦ | ൨൧ | ൫ | |
| ൨൧ | ൨൨ | ൬ | |
| ൨൨ | ൨൩ | ൭ | |
| ൨൩ | ൨൪ | ൮ | |
| ൨൪ | ൨൫ | ൯ | |
| ൨൫ | ൨൬ | ൧൦ | |
| | | | |
| ൨൬ | ൨൭ | ൧൧ | ഞായർ. |
| ൨൭ | ൨൮ | ൧൨ | |
| ൨൮ | ൨൯ | ൧൩ | |

www.malankaralibrary.com

# [illegible]മാസിക

പുസ്തകം: ൨. | ൧൦൯൮ മീനം. | ലക്കം: ൮.


ഞെരുക്കങ്ങളും ജഡത്തെ എത്ര കീഴ്പ്പെടുത്തുമോ അത്രത്തോളം ഉള്ളയുള്ള ദൈവവരത്താൽ ആത്മാവു ശക്തിപ്പെടുന്നു.

ചിലപ്പോൾ സങ്കടങ്ങളും ഞെരുക്കങ്ങളും കൂടാതിരിപ്പാൻ മനസ്സാകാതെ ഇരിക്കവേണം, അവയോടുള്ള പക്ഷവും ക്രിസ്തുവിനോടു കുരിശിനോടു അനുരൂപപ്പെടാനുള്ള താല്പര്യവും സാമർത്ഥ്യം ആത്മാവു അത്ര ശക്തിപ്പെടാറുണ്ടു, എന്തുകൊണ്ടെന്നാൽ ഇപ്രകാരമുള്ളവൻ, ദൈവത്തെ പ്രതി എത്ര വളരെ വിഷമമുള്ളവയെ സഹിക്കുവാൻ പ്രാപ്തനാകുമോ അത്രയധികം താൻ ദൈവത്തിന്നു പ്രിയമുള്ളവനായി ഭവിക്കുമെന്നു വിശ്വസിക്കുന്നു.

(മശിഹാനുകരണം.)



www.malankaralibrary.com

ന്ത്ര്യം ലഭിക്കുന്നതു. (മത്തായി: ൧൧. ൨൯.) നമ്മുടെ ഇച്ഛ പിതാവിന്റെ ഇച്ഛയോടു പരിപൂർണ്ണമായി യോജിക്കുമ്പോൾ ദൈവമക്കളുടെ മഹത്വകരമായ സ്വാതന്ത്ര്യം നമുക്കു ലഭിക്കുന്നു എന്നു പൌലൂസ് ശ്ലീഹാ പറയുന്നു. (റോമർ ൮. ൨൧) ദൈവത്തെ സേവിക്കുന്നതാണ് സർവ്വോൽകൃഷ്ടമായ സ്വാതന്ത്ര്യം എന്നു ഒരു പ്രാർത്ഥനയിൽ കാണുന്നു.

൩. ദൈവത്തിന്റെ ഇച്ഛ പൂർണ്ണസ്നേഹമാകുന്നു.

ദൈവേച്ഛക്കു കീഴ്പ്പെടുകയെന്നുള്ളതു പരിപൂർണ്ണസ്നേഹേച്ഛക്കു കീഴ്പ്പെടുക തന്നെയാണ്. അതുകൊണ്ടാണ് സർവ്വസൽഗുണങ്ങളും അതിൽ അന്തർഭവിച്ചിരിക്കുന്ന ക്രിസ്തീയ സൽഗുണമായി സ്നേഹം സ്ഥിതിചെയ്യുന്നതു. കോറന്തിയർക്കു അത്ഭുതകരങ്ങളായ പല ആത്മവരങ്ങളും ഉണ്ടായിരുന്നു. എന്നാൽ സ്നേഹം ഇല്ലാത്തപക്ഷം അവ എല്ലാം തീരെ നിസ്സാരം എന്നു പൌലൂസ് ശ്ലീഹാ അവരെ പഠിപ്പിക്കുന്നു. (൧ കോറന്തി ൧൩: ൧-൩) ആത്മവിഷയങ്ങളെപ്പറ്റി എഴുതിയിട്ടുള്ള ഒരു ഇംഗ്ലീഷുഗ്രന്ഥകാരൻ പറയുന്നതു "സ്നേഹമില്ലാതെ സത്യം ഉണ്ടായേക്കാം; എന്നാൽ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല." നിങ്ങൾ സത്യം ഗ്രഹിച്ചിരിക്കാം. കാതോലികവിശ്വാസം മുഴുവനായി നിങ്ങൾ സ്വീകരിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ സ്നേഹമില്ലെങ്കിൽ നിങ്ങളുടെ ജീവിതംകൊണ്ടു യാതൊരു നന്മയുമില്ല. ദൈവത്തിന്റെ ഇച്ഛ പൂർണ്ണസ്നേഹമാകുന്ന ഇച്ഛയായതുകൊണ്ടു ദൈവമക്കളുടെ ജീവിതം സ്വാർത്ഥപരമായിരിപ്പാൻ കഴികയില്ല. സ്നേഹത്തിന്റെ പ്രകൃതി എന്താണ്? സ്വാർത്ഥം അന്വേഷിക്കുന്നില്ല. പരാർത്ഥം അന്വേഷിക്കമെന്നുള്ളതാണ്. പുത്രസ്ഥാനത്തിലുള്ള ജീവിതം ദൈവം കേന്ദ്രസ്ഥാനമായിരിക്കുന്ന ജീവിതമാണ്. അതായതു ദൈവത്തെയും ദൈവം സ്നേഹിക്കുന്ന എല്ലാവരേ

www.malankaralibrary.com

യും സ്നേഹിക്കയും സഹോദരനെ സ്നേഹിക്കാതിരിക്കയും ചെയ്ക എന്നുള്ളതു, യഥാർത്ഥസ്നേഹത്തിനു അസാദ്ധ്യമാണെന്നും ശരിയായി ദൈവത്തെ സ്നേഹിക്കുന്നവൻ അയല്ക്കാരനെ സ്നേഹിക്കാതിരിക്കയില്ലെന്നും വി: യോഹന്നാൻെറ ൧-ാം ലേഖനത്തിൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. സ്നേഹത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ ഉപദേശത്തെ നാലാം അദ്ധ്യായം ൨൧-ാം വാക്യത്തിൽ സംക്ഷേപിച്ചിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനേയും സ്നേഹിക്കണം എന്നീ കല്പന നമുക്കു അവനിൽനിന്നു ലഭിച്ചിരിക്കുന്നു. നാം സ്വർഗ്ഗസ്ഥപിതാവിൻെറ മക്കളാകകൊണ്ടു സർവ്വലോകത്തേയും തൻെറ ഇച്ഛക്കു അനുസരണമാക്കിതീർക്കുന്നതിനു ആഗ്രഹിക്കയും ശ്രമിക്കയും ചെയ്യേണ്ടതാണു്.

൩. നിത്യപുത്രനായ കർത്താവിനോടുള്ള ഐക്യത്തിൽ മാത്രമെ നമുക്കു പുത്രത്വജീവിതം നയിക്കുവാൻ സാധിക്കയുള്ളു.

നമ്മുടെ കർത്താവു ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ പിതാവിൻെറ ഇഷ്ടത്തിനു പൂർണ്ണമായും അഭേദ്യമായും കീഴ്പ്പെട്ടു ജീവിച്ചിരുന്നു. "എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്യുന്നതു് എൻെറ ആഹാരമാകുന്നു (യോഹന്നാൻ. ൪: ൩൪). എൻെറ ഇഷ്ടമല്ലാ എന്നെ അയച്ചവൻെറ ഇഷ്ടം അത്രെ ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നതു്. (യോഹന്നാൻ ൫: ൩൦; ൬: ൩൮). ഗെത്സിമോനിലെ അതിവേദനയിങ്കൽവച്ചും "എൻെറ ഇഷ്ടം അല്ലാ നിൻെറ ഇഷ്ടം ചെയ്യപ്പെടട്ടെ" എന്നായിരുന്നു താൻ പ്രാർത്ഥിച്ചതു്. (മത്തായി ൨൬: ൩൯). എൻെറ നുകം നിങ്ങളിൽ വഹിപ്പിൻ, എന്നിൽനിന്നു നിങ്ങൾ പഠിപ്പിൻ എന്നു നമ്മുടെ കർത്താവു നമ്മോടു കല്പിക്കുന്നു. തന്നിൽനിന്നു നാം പഠിക്കേണ്ടതു

www.malankaralibrary.com

എങ്ങിനെയാണ്? പന്ത്രണ്ടു ശിഷ്യന്മാരെ താൻ തിരഞ്ഞെടുത്തപ്പോൾ തന്നോടുകൂടി ആയിരിക്കുന്നതിനു നിയമിച്ചു (മർക്കൊസ് ൩: ൧൪). തന്നോടുകൂടി ആയിരിക്കുന്നതുകൊണ്ടു മാത്രമെ കർത്താവിൽ നിന്നു പഠിക്കുന്നതിനു നമുക്കു കഴികയുള്ളു. പ്രാർത്ഥനാജീവിതവും ദൈവസംസർഗ്ഗജീവിതവും കൊണ്ടു ഇതു് സാധിക്കണം. ഇങ്ങനെയുള്ള പ്രാർത്ഥനാജീവിതം കൊണ്ടാണ് നമ്മിൽ ദിവ്യസ്വഭാവമാകുന്ന പ്രകൃതാതീതമായ ഫലങ്ങൾ കായിക്കേണ്ടതു്. ചീത്തവൃക്ഷത്തിനു നല്ല ഫലങ്ങൾ കായിപ്പാൻ കഴികയില്ലല്ലൊ. എല്ലാക്രിസ്തീയ ജീവിതത്തിന്റെയും വിശേഷിച്ച് ആശ്രമജീവിതത്തിന്റെയും സർവ്വപ്രധാനമായ ഭാഗം ഗോപ്യമായിരിക്കുന്ന പ്രാർത്ഥനാജീവിതമാണ്. ക്രിസ്തീയവേലകൾ ശുശ്രൂഷ മുതലായ സകലവും രണ്ടാമത്തേതാണ്. ഇവ ഒന്നാമത്തേതായ പ്രാർത്ഥനാജീവിതത്തിൽ നിന്നു ഉത്ഭവിക്കുന്നവയായിരിക്കണം. പ്രാർത്ഥനാജീവിതമാകുന്ന വൃക്ഷത്തിന്റെ ഫലമായിട്ടല്ലാതെയുണ്ടാകുന്ന ക്രിസ്തീയവേലകളും ശുശ്രൂഷകളും വിലയുള്ളവയല്ലാ.

൪. പ്രാർത്ഥനാജീവിതം അകമെയുള്ള സമാധാന ജീവിതമാകുന്നു.

നമ്മുടെ ഇച്ഛയോടു ഐക്യമായിത്തീരുമ്പോഴാണ് സകല ബുദ്ധിയേയും കവിയുന്ന സമാധാനം നമുക്കു ലഭിക്കുന്നതു്. അകമെയുള്ള ഈ ആത്മസമാധാനമാണ് യഥാർത്ഥ പരിശുദ്ധാവസ്ഥയുടെ ലക്ഷ്യം. പരിശുദ്ധൻ സമാധാനമുള്ളവനാണ്, എന്തെന്നാൽ അവൻ ദൈവത്തിൽ ആശ്രയിച്ചിരിക്കുന്നു. അനേകം ക്രിസ്ത്യാനികൾക്കു സമാധാനമില്ലാ. എന്തുകൊണ്ടെന്നാൽ അവർ യഥാർത്ഥത്തിൽ ദൈവത്തെ ആശ്രയിക്കുന്നില്ലാ. അല്പവിശ്വാസികളേ!

www.malankaralibrary.com

നിങ്ങൾ എന്തുകൊണ്ടു വ്യാകുലപ്പെടുന്നു എന്നു കർത്താവു ചോദിക്കുന്നു. നമ്മുടെ ആവശ്യങ്ങളും ആവലാധികളും അറിയുന്നവനായി നമ്മെ സ്നേഹിക്കുന്ന ഒരു പിതാവു സ്വർഗ്ഗത്തിലുണ്ടു. അതിനാൽ വ്യാകുലപ്പെട്ടിട്ടു ആവശ്യമില്ലാ.

ജെസ്യൂട്ടുസംഘത്തിന്റെ സ്ഥാപകനായ വി. ഇഗ്നാത്യോസ് ലൊയോളാ തന്റെ ശിഷ്യന്മാരെ പുറമെയുള്ള എല്ലാ സംഗതികളിലും ഒന്നിനു പകരം മറ്റൊന്നു തെരഞ്ഞെടുക്കാത്ത മനസ്സോടുകൂടി ഇരിക്കണമെന്നു പഠിപ്പിച്ചിരുന്നു. അതായതു രോഗത്തിനു പകരം ധനത്തേയോ, അല്പായുസ്സിനു പകരം ദീർഘായുസ്സിനേയോ തിരഞ്ഞെടുക്കാതെ ദൈവഹിതത്തിനു പരിപൂർണ്ണമായി കീഴ്പ്പെട്ടിരിപ്പാൻ പഠിപ്പിച്ചു. നമ്മെക്കുറിച്ചും ലോകത്തെക്കുറിച്ചും ദൈവത്തിനു ഉള്ളതായ, സ്നേഹസമ്പൂർണ്ണമായ പരമോദ്ദേശ്യത്തെ നിറവേററുന്നതിനു, മേൽപറഞ്ഞവയിൽ ഓരോന്നും എത്രമാത്രം ഉപയോഗപ്പെടുമോ അത്രമാത്രം അതിനെ നാം ഉപയോഗിക്കണം. നിന്റെ ഇഷ്ടം നടക്കണമെ എന്നുള്ള പ്രാർത്ഥന നമ്മുടെ ജീവിതത്തിനു ശക്തിയെ കൊടുത്ത് മുമ്പോട്ടു നടത്തുന്ന പ്രാർത്ഥനയായിരിക്കണം. ലോകത്തിനു നമ്മിൽനിന്നു എടുപ്പാൻ കഴിയാത്തതായ ദിവ്യ സമാധാനം അപ്രകാരമാണ് നാം പ്രാപിക്കുന്നത്.

www.malankaralibrary.com

## പ്രാർത്ഥന

"ഞാൻ വിശുദ്ധനാകുന്നു; നിങ്ങളും വിശുദ്ധരാകുവിൻ!" എന്നു അരുളിച്ചെയ്തവനായ ദൈവമേ, ഞാൻ നിന്റെ വകയാകുന്നു; എന്നെ രക്ഷിക്കണമേ. ഞാൻ മുഴുവനോടെ നിന്റേതായിത്തീരുവാൻ തക്കവണ്ണം എന്നെ വെടിപ്പാക്കുകയും ചെയ്യണമേ.

എന്റെ പിതാവേ, എല്ലാ സത്യ അനുതാപികളേയും കാരുണ്യപൂർവ്വം സ്വീകരിക്കുന്നവനാകുന്നു നീ എന്നു ഞാൻ വിശ്വസിക്കുന്നു. നിങ്കലേക്കു ഞാനിതാ, അടുത്തുവരുന്നു. എന്നെ നീ തള്ളിക്കളയരുതേ. ഞാൻ നിന്നോടു ഏറ്റുപറഞ്ഞു മോചനം പ്രാപിപ്പാൻ തക്കവണ്ണം എന്റെ അകൃത്യങ്ങളെയെല്ലാം ഞാൻ ഇന്നു ഓർക്കാം. എന്റെ തെറ്റുകളെ ഞാൻ നിന്നെ അറിയിക്കും; എന്റെ കുറ്റങ്ങളെ ഞാൻ മറച്ചുവെക്കുകയുമില്ല. ഞങ്ങൾ ഞങ്ങളുടെ പാപങ്ങളെ ഏറ്റുപറയുന്നപക്ഷം അവയെയെല്ലാം മോചിച്ച് ഞങ്ങളെ വിശുദ്ധരാക്കുവാൻ തക്കവണ്ണം നീ വിശ്വസ്തനും ഉത്തമനും തന്നെ ആകുന്നു.

എന്റെ പിതാവേ, എല്ലാ രഹസ്യപ്രവൃത്തികളേയും കാണുന്നവനും, മനുഷ്യമക്കളുടെ ഹൃദയങ്ങളെയെല്ലാം അറിയുന്നവനും, അവരുടെ പ്രവൃത്തികളേയും വിചാരങ്ങളേയും ആലോചനകളേയും നോക്കുകയും ചെയ്യുന്നവൻ നീ ഒരുവൻ മാത്രമേയുള്ളു. യാതൊരു സൃഷ്ടിയും തിരുമുമ്പിൽ

www.malankaralibrary.com

മറഞ്ഞിരിക്കുന്നില്ല. ഞങ്ങൾ എല്ലാവരും കണക്കുപറയപ്പെടേണ്ടുവനായ നിന്റെ മുമ്പിൽ എല്ലാം നഗ്നമായും പരസ്യമായും സ്ഥിതിചെയ്യുന്നു. എന്റെ പാപങ്ങളെയും വീഴ്ചകളെയും ഞാൻ കാണേണ്ടതിന്നായി ദൈവമേ, നീ എന്റെ കണ്ണുകളെ തുറക്കേണമേ.

ചൈതന്യവും ശക്തിയും ഇരുമുനയുള്ള വാളിനെപ്പോലെ മൂർച്ചയേറിയതുമായ നിന്റെ വചനം എന്റെ ഹൃദയാന്തർഭാഗത്തിലേക്ക ഇറങ്ങി എന്റെ വിചാരങ്ങളുടെ ഗുണലക്ഷണം എനിക്ക ബോധപ്പെടുവാൻ തക്കവണ്ണം നീ കൃപയരുളണമേ. നീ എന്നിൽ എന്തൊക്കെക്കാണുന്നു എന്നു ഗ്രഹിക്കുവാൻ ആ വിധത്തിൽ എനിക്ക കഴിവുണ്ടാകട്ടെ.

ഞാൻ എന്റെ അപഥത്തെ തിരിച്ചറിഞ്ഞു നിങ്കലേക്ക തിരിച്ചുവരുവാനായി നിന്റെ പരിശുദ്ധറൂഹായെ നീ അയച്ചുതരേണമേ. നിന്റെ വാഗ്ദത്തങ്ങളാൽ ശരണപ്പെട്ടുകൊണ്ടു ആത്മശരീരസംബന്ധമായ സർവ്വവിധമലിന്യങ്ങളിൽനിന്നും ഞാൻ വിമോചിതനായി നിന്നെ ഭയപ്പെട്ടുകൊണ്ടു ജീവിപ്പാൻ അപ്പോൾ ഞാൻ ശക്തനായിത്തീരും.

ലോകപുനഃപ്രതിഷ്ഠയിൽവെച്ചുതന്നെ കൊല്ലപ്പെട്ടവനായ പുണ്യമഹാപുരോഹിതനായുള്ളോവേ, നിന്റെ വിശുദ്ധരക്തം മുഖേന ഞങ്ങളെല്ലാവർക്കും പാപമോചനം സിദ്ധിച്ചിരിക്കുന്നു. ദൈവത്തിന്റെ കൃപയുടെ ബഹുത്വംപോലെ ഞങ്ങളുടെ അകൃത്യങ്ങൾ ക്ഷമിക്കപ്പെട്ടുവരിക്കുന്നു. എന്റെ മനസ്സിനെ ശുദ്ധമാക്കി എന്നെ ഭേദപ്പെടുത്തേണമേ. ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ തക്കവണ്ണം എന്റെ ഹൃദയത്തെ നീ നിർമ്മലീകരിക്കേണമേ.

തന്റെ അടുക്കലേക്കു വന്നു വിശ്വാസപൂർവ്വം തന്നെ തൊട്ട സ്ത്രീയെ സുഖപ്പെടുത്തിയ യേശുവേ, എന്റെ രക്ഷ



www.malankaralibrary.com

ക്കാ, ഉത്തമവൈദ്യനെ, അവളെപ്പോലെ ഞാനും നിന്റെ സമീപമണഞ്ഞു നിന്റെ പാദപത്മങ്ങളെ മുത്തിക്കൊണ്ടു എന്റെ സമസ്ത അപരാധങ്ങളും നിന്നോടു ഏറ്റുപറയുന്നു. ആ സ്ത്രീയോടെന്നപോലെ എന്നോടും "എന്റെ കുട്ടീ, നിന്റെ പാപങ്ങളെല്ലാം മോചിക്കപ്പെട്ടിരിക്കുന്നു; നീ സന്തുഷ്ടനായി പൊയ്ക്കൊള്ളുക" എന്നു നീ കൃപയരുളുകയില്ലയോ?

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ,........

X

## ൫൧-ാം സങ്കീർത്തനം

### വ്യാഖ്യാനം.

### പ്രാർത്ഥന.

"എന്റെ പാപങ്ങളിൽനിന്നു നിന്റെ മുഖം തിരിച്ചു് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചുകളയേണമേ."

### രാഗം.

ദൈവമേ, എന്റെ പാപങ്ങളിലേക്കു നീ നോക്കരുതേ. നോക്കിയാൽ നിനക്കു വേദനയുണ്ടാകും. പാപത്തെ കാണാതെ എന്നെ നോക്കുവാൻ നിനക്കു സാദ്ധ്യമല്ലാതെയിരിക്കുന്നു. നീ പാപത്തെ കാണുന്നുവെങ്കിലോ, അവയെ ഓർക്കുന്നുവെങ്കിലോ നിന്റെ കോപം ജ്വലിച്ചു് ഞാൻ

www.malankaralibrary.com

മരിച്ചുപോകും. എന്റെ അതിക്രമങ്ങളെയെല്ലാം മായിച്ചുകളയേണമേ. നിന്റെ മുഖം മറച്ചു പിടിച്ചുകൊണ്ടു എന്റെ അതിക്രമങ്ങളെ എല്ലാം നീ മായിച്ചുകളയണം. ഇടക്കു നീ ഒന്നു നോക്കിയാൽ ഞാൻ ചത്തുപോകുമേ!

പാപങ്ങളെ മായിച്ചുകളയേണമേ, പാപങ്ങളിൽനിന്നു വെടിപ്പാക്കേണമേ, അന്യായത്തിൽനിന്നു കഴുകേണമേ എന്നിങ്ങനെ ഇതിനുമുമ്പു പലതും പറഞ്ഞു നിലവിളിച്ച ദാവീദ് ഇപ്പോഴിതാ അതേ അർത്ഥത്തിൽ തന്നെ ദുഷ്കൃത്യങ്ങളെ മായിച്ചുകളയണമേ എന്നു യാചിക്കുന്നു. അതിവേദനപ്പെട്ടു സങ്കടപ്പെടുന്ന ഒരാൾ ഒരേ കാര്യംതന്നെ പല തരത്തിൽ പറഞ്ഞു നിലവിളിക്കുക പതിവാണ്. ആവർത്തിച്ചു പറയുന്നതിന്റെ അംഗീകാരത്തിനെ ഗൗനിക്കാതെ ഇങ്ങനെ പ്രലപിക്കുന്നതു ദുസ്സഹമായ വേദനകൊണ്ടാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകാൻ ഇടയില്ല. ദാവീദിനു നോക്കുമ്പോഴും വിചാരിക്കുമ്പോഴും ആലോചിക്കുമ്പോഴും എല്ലാം പാപം പാപം എന്നുതന്നെ ഓർമ്മവരുന്നു. അപ്പോഴൊക്കെയും പിടഞ്ഞുകൊണ്ടു അദ്ദേഹം ഒരേ സംഗതിയെപ്പിടിച്ചുതന്നെ നിലവിളിക്കുകയാണ്. ദൈവം എന്റെ പാപത്തെ നോക്കിക്കാണുന്ന പക്ഷം ജീവന്റെ പുസ്തകത്തിൽനിന്നു എന്റെ പേർ എന്നെന്നേക്കുമായി നീക്കംചെയ്യപ്പെട്ടുമല്ലോ എന്നു അദ്ദേഹം വിഷാദിക്കുന്നു.

## പ്രാർത്ഥന

“ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കേണമേ.”

രണ്ടാമതും സ്രഷ്ടാവിനെ വിളിക്കുന്നതുകൊണ്ടും ദാവീദിന്റെ ഹൃദയം കേവലം നഷ്ടപ്പെട്ടുവെന്നോ! കഷ്ടം! പാപം അദ്ദേഹത്തിനു വരുത്തിക്കൂട്ടിയ വിപത്തിനെ നോക്കു

www.malankaralibrary.com

ക!! ഹൃദയം സൃഷ്ടിക്കണമേ എന്നു അദ്ദേഹം അപേക്ഷിക്കുന്നു. എന്റെ ഹൃദയം മലിനമായിപ്പോയി; ആകയാൽ അതിനെ ഒന്നു പുതുക്കണമെന്നല്ല; എന്നാലോ ഉണ്ടായിരുന്ന ഹൃദയം നാമാവശേഷമായിപ്പോയി, പാപം നിമിത്തം അതു ഒന്നിനും കൊള്ളരുതാത്തതായിപ്പോയി, എന്നു അദ്ദേഹം സമ്മതിച്ചുപറയുന്നു. പൂർമയുള്ള കാഴ്ചയിൽ എനിക്കു യാതൊരു തകരാറും പററിയതായി തോന്നുകയില്ല. എങ്കിലും വാസ്തവസ്ഥിതി നോക്കിയാൽ എന്റെ ഉള്ളിൽ ഹൃദയം എന്ന വസ്തു തന്നെ കാണുകയില്ല. അതു് പാപം നിമിത്തം അളിഞ്ഞുപോയിരിക്കുകയുമാണ്. അതിനാൽ ദൈവമേ, നീ ഇറങ്ങിവന്ന് ഒരു പുതിയ (വെടിപ്പുള്ള) ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. ലോകാരംഭത്തിങ്കൽ നീ മനുഷ്യനെ സൃഷ്ടിച്ചുവല്ലോ. ഇപ്പോഴും നീ എന്നെ പുതുതായി ഒന്നു സൃഷ്ടിക്കണമേ! എന്റെ പഴയ ഹൃദയത്തെ വെടിപ്പാക്കണമെന്നു ഞാൻ അപേക്ഷിക്കുകയില്ല. അതു മുഴുവനോടെ നശിച്ചുപോയെന്നു എനിക്കറിയാം. (പഴയതായിപ്പോയ പ്രകൃതിയെ ശരിപ്പെടുത്തുക എന്നതു് അസാദ്ധ്യമെന്നു ദാവീദ് വിശ്വസിക്കുന്നു.) ദൈവത്തിനല്ലാതെ ഒരു പുതിയ ലോകത്തെയോ ഹൃദയത്തെയോ സൃഷ്ടിക്കുവാൻ കഴിയുകയില്ല, നിശ്ചയം. ചെയ്തുപോയ സമസ്തപാപങ്ങളെയും മോചിക്കുമാറു് ഒരു പുതിയ ഹൃദയം സൃഷ്ടിക്കുക എന്നുള്ളതു സർവ്വശക്തനായ ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളിൽ ഒന്നായി ഗണിക്കേണ്ടതാണ്. ആത്മാവിന്റെ ചുക്കാനാണ് ഹൃദയം എന്നു പറയാം. ദൈവം ചുക്കാനിന്മേൽ ഉള്ള പിടുത്തം വിട്ടുകഴിഞ്ഞാൽ മനുഷ്യരെല്ലാം അപഥത്തിൽ സഞ്ചരിക്കുകയായി.

## പ്രാർത്ഥന

“സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമേ!”

www.malankaralibrary.com

രംഗം.

ദൈവമേ, എന്റെ ഉള്ളിൽ ഒരു ആത്മാവു ഉണ്ടായിരുന്നു. അതിനെത്തന്നെ ഒന്നു പുതുക്കി എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കേണമേ. എന്റെ ഹൃദയത്തിൽ നിന്റെ പ്രമാണങ്ങൾ എഴുതപ്പെട്ടിരുന്നതെല്ലാം ഇപ്പോൾ വായിപ്പാൻ പ്രയാസമെന്ന വിധം മങ്ങിപ്പോയിരിക്കുന്നു. നിന്റെ ആത്മാവു, അതിൽ ഇറങ്ങിയിരുന്ന ആ പ്രമാണങ്ങളെ ഒന്നുകൂടി തെളിച്ചതിൽ എന്റെ ഹൃദയഭിത്തിമേൽ എഴുതുമാറാകട്ടെ.

പ്രാർത്ഥന.

"നിന്റെ മുമ്പിൽനിന്നു എന്നെ തള്ളിക്കളയരുതേ!"

രംഗം.

എന്നെ കേവലം ഉപയോഗശൂന്യനായിക്കരുതി വലിച്ചെറിയരുതേ! കായേനെ എന്നപോലെ തിരുമുമ്പിൽനിന്നു എന്നെ ബഹിഷ്കൃതനാക്കുകയുമരുതേ! നിന്റെ സ്നേഹത്തിനു അവകാശപ്പെട്ടവരോടൊന്നിച്ചു ഇരിപ്പാൻ എന്നെ നീ യോഗ്യനാക്കേണമേ! നിന്റെ ന്യായാധിപമണ്ഡപത്തിലേക്കു കാലെടുത്തു കുത്തുവാൻപോലും എനിക്കു അർഹതയോ യോഗ്യതയോ ഇല്ലെങ്കിലും എന്റെ ജീവനെപോലെ ഞാൻ കരുതപ്പെട്ടിട്ടുള്ള ആ അവകാശത്തെ നീ നഷ്ടപ്പെടുത്തരുതേ!

പാപംചെയ്തു പോകയാൽ താൻ മരിച്ചുപോയെന്നും, ഹൃദയം ഇല്ലാത്തവനായിത്തീർന്നുവെന്നും, തന്റെ ശരീരം ഒരു പിണ്ഡിക സമമായി കലാശിച്ചുവെന്നും ഇതേവരെ വിലപിച്ച ദാവീദിനു ഒരു സംഗതിയിൽ ഇപ്പോൾ പരിഭ്രമം ഉണ്ടാകുന്നു. ജീവനോടിരിക്കുന്നവർ ഏതൊരു ശവശരീരത്തെയും സൂക്ഷിച്ചുവെക്കുമാറില്ലല്ലോ. അതിനാൽ ഹൃദയ

www.malankaralibrary.com

മില്ലാത്തവനായി, ചത്തുപോയ എന്നെ തിരുമുമ്പിൽനിന്നു വലിച്ചെറിയാൻ കല്പിക്കപ്പെട്ടെങ്കിലോ എന്നു ദാവീദു ഭയപ്പെടുന്നു.

ദാവീദ് "തിരുമുമ്പിൽനിന്നു എന്നെ തള്ളിക്കളയരുതേ" എന്നു അപേക്ഷിക്കുന്നതു കുറെ അപ്രകൃതമായി തോന്നിയേക്കാം. ദൈവം സർവ്വവ്യാപിയാണെന്നു അറിയുന്ന സ്ഥിതിക്കു ദാവീദ് ഇങ്ങനെ പറയുന്നതു വാസ്തവമല്ല എന്നും നാം തീരുമാനിച്ചേക്കാം. "നിന്റെ സാന്നിദ്ധ്യത്തിൽനിന്നു ഞാൻ എങ്ങോട്ടാണ് മാറിപ്പോകേണ്ടതു" എന്നു ഒരിക്കൽ നിലവിളിച്ച ആ ദാവീദു അല്ലയോ ഈ ദാവീദ് എന്നുപോലും നമുക്കു സംശയം ജനിച്ചേക്കാം. അവിവേകമായി ദാവീദിനെപ്പറ്റി അങ്ങിനെ ഒരു തീരുമാനം ചെയ്യരുതെന്നാണ് എനിക്കു അപേക്ഷയുള്ളതു. ദൈവത്തിന്റെ സാന്നിദ്ധ്യം രണ്ടുതരത്തിൽ ഉണ്ടു. ഒന്നു കരുണയിലും മറ്റൊന്നു കോപത്തിലുമാകുന്നു. കരുണയിലുള്ള തന്റെ സാന്നിദ്ധ്യത്തിൽവെച്ചു താൻ തന്റെ സ്വന്തക്കാരെ വിശ്രമിപ്പിക്കയും സന്തോഷിപ്പിക്കുകയും ചെയ്യുന്നു. സ്വർഗ്ഗാനുഭൂതിയാണ് ഇതിന്റെ അനുഭവം. കോപത്തിലുള്ള തന്റെ സാന്നിദ്ധ്യത്തിലാവട്ടെ, പാപികൾ എരിതീയിൽ കിടന്നു സങ്കടം അനുഭവിക്കുന്നു. രണ്ടുനിലയിലും ദൈവസാന്നിദ്ധ്യം ഉണ്ടെങ്കിലും ഒന്നാമതു പറഞ്ഞ സാന്നിദ്ധ്യത്തിൽനിന്നു എന്നെ തള്ളരുതേ എന്നാണ് ദാവീദു പ്രാർത്ഥിക്കുന്നതു.

## പ്രാർത്ഥന.

"നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കുകയും അരുതേ!"

## ൧൧ാം.

ദാവീദിന്റെ ഈ പ്രാർത്ഥന വലിയൊരു തത്വം

സ്സുവാദത്തിനു പ്രേരകമായിരിക്കുന്നു. മനുഷ്യൻ പാപം ചെയ്താൽ അവനിൽനിന്നു ദൈവം പരിശുദ്ധാത്മാവിനെ തിരിയെ എടുക്കുമോ എന്നു ദാവീദിന്റെ ഈ പ്രാർത്ഥന കേൾക്കുമ്പോൾ നമുക്കു സംശയം ജനിച്ചേക്കാവുന്നതാണ്. ഇതിനെ സംബന്ധിച്ചു എതിരഭിപ്രായക്കാർ ചിലരുണ്ടു. അവരുടെ പക്ഷത്തിൽ മനുഷ്യർ "മരണകരമായ" പാപത്തിൽ വീണുകഴിഞ്ഞാൽ പരിശുദ്ധാത്മാവു അവനു എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നു എന്നാണ്. ദൈവവുമായുള്ള അവന്റെ ബന്ധം മൂലഛേദപ്പെടുന്നു എന്നും അവർ വാദിക്കുന്നു. ഈ യുക്തി കേവലം അടിസ്ഥാനരഹിതമാണെന്നു "കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു" എന്നുള്ള വിശുദ്ധനായ പത്രോസിന്റെ സാക്ഷ്യംതന്നെ നിഷേധിക്കാവതല്ലാത്ത തെളിവാണ്. പോരെങ്കിൽ "ദൈവത്തിൽനിന്നു ജനിച്ചവൻ ഒരുത്തനും പാപം ചെയ്യുന്നില്ല; എന്തുകൊണ്ടെന്നാൽ അവന്റെ വിത്തു അവനിൽ വസിക്കുന്നു" എന്നു വിശുദ്ധ യോഹന്നാൻ പ്രഖ്യാപിക്കുന്നതുമുണ്ടു. പാപത്തിന്റെ ഭയങ്കരാവസ്ഥയെപ്പറ്റി വേണ്ടപോലെ ബോധ്യം ഉണ്ടാകുമ്പോൾ പരിശുദ്ധറൂഹാ എന്നേക്കുമായി തന്നിൽനിന്നു പൊയ്പോയോ എന്നു ഒരു സത്യമായ അനുതാപിക്കു തോന്നപ്പെട്ടാവുന്നതുതന്നെ. എങ്കിലും അല്പം കഴിഞ്ഞാൽ പരിശുദ്ധറൂഹാ തന്നിൽനിന്നു എടുക്കപ്പെട്ടു എന്നു വിചാരിക്കപ്പെട്ടിരുന്ന അവസരത്തിലും കരുണ, അഥവാ വിശുദ്ധ റൂഹാ, തന്റെ ഉള്ളിൽനിന്നു മാറിപ്പോയിട്ടില്ലെന്നു ബോധ്യപ്പെട്ടുന്നതാണ്. ഇതൊക്കെ വിശുദ്ധന്മാരുടെ അനുഭവത്തിൽനിന്നു തെളിയും. ദൈവത്തിന്റെ മഹാകരുണയെപ്പറ്റി വേണ്ടപോലെ ബോധ്യപ്പെട്ടിട്ടുള്ളവരാണല്ലോ അവർ.

X

www.malankaralibrary.com

# നാളെയും വരണേ!

(ഒരു ചെറുകഥ)

ഞാൻ അന്നത്തെ സൂത്താറാനമസ്കാരവും അതിനു ശേഷം ധ്യാനവും കഴിച്ചു ഏകദേശം രാത്രി ൧൦-മണിയോടുകൂടി കിടയ്ക്കയെ അവലംബിച്ചു. തൽക്ഷണം ടെലിഫോണിന്റെ മണിയടിശ്ശബ്ദം മുറിയിൽ മുഴങ്ങി. ഞാൻ പിടഞ്ഞെണീറ്റു ടെലിഫോണിന്റെ സമീപം ചെന്നുനിന്നു ആ കുഴലെടുത്തു ‘‘ആര്? എന്ത്?’’ എന്നു ചോദ്യംചെയ്തു.

‘‘നിങ്ങൾ മത്ത്യൂസ് കത്തനാരാണോ?’’

‘‘അതേ; ഞാൻതന്നെ.’’

‘‘ഇതു റോയപ്പേട്ട ഡിൺഹോട്ടലാണ്.’’

‘‘ഉം.’’

‘‘എന്റെ ഭർത്താവു അത്യാസന്നനായിരിക്കുന്നു. നിങ്ങൾക്കു ഇത്രത്തോളം ഉടനെ ഒന്നു വരാൻ ദയ തോന്നുമോ?’’

‘‘ഓഹോ! ഞാനിതാ, പുറപ്പെട്ടുകഴിഞ്ഞു.’’

* * * * * * *

എന്നോടു ടെലിഫോൺവഴി സംസാരിച്ചതു ഒരു സ്ത്രീയായിരുന്നു എന്നു ഗ്രഹിപ്പാൻ എനിക്കു ലേശംപോലും പ്രയാസമുണ്ടായിരുന്നില്ല. എന്നോടു സംസാരിച്ചിരുന്നപ്പോ

www.malankaralibrary.com

ൾ അവൾക്കു ദുസ്സഹമായ ദുഃഖം ഉണ്ടായിരുന്നിരിക്കണമെന്നു ആ സ്വരപ്പതർച്ചകൊണ്ടു ഞാൻ അനുമാനിച്ചു. അവർ പറഞ്ഞ ആ ഹോട്ടൽ ഞാൻ അറിയും. സുഖവാസത്തിന്നു പററിയതായി ഇതൊഴിച്ചു മറെറാന്നും റോയ്പേട്ടയിലില്ല.

ഞാൻ പെട്ടിയും കുടയും പുസ്തകവും എല്ലാം എടുത്തു യാത്രപുറപ്പെട്ടു. റോയപേട്ടയിലെ ഡീൺഹോട്ടലിൽ ചെന്നു ആ സ്ത്രീയെ കണ്ടു. കാലോചിതമായ വിദ്യാഭ്യാസവും മനഃപ്പരിഷ്കാരവും തികഞ്ഞ ആ യുവതി എസ്. ഐ. ആർ. തീവണ്ടിക്കമ്പനിയിലെ ഒരു ഉദ്യോഗസ്ഥന്റെ ഭാര്യയാണെന്നു ഞാൻ മനസ്സിലാക്കി. അവളുടെ ഭർത്താവിനു യാതൊരു മതവുമില്ലായിരുന്നു. എങ്കിലും ആൾ ഒരു പരോപകാരതല്പരനും ദീനദയാലുവും മര്യാദക്കാരനുമാണ്. അദ്ദേഹം എന്തെങ്കിലും ജോലിയിൽ മുഴുകിയിരിക്കുമ്പോഴാണെങ്കിലും എവിടെനിന്നെങ്കിലും ഒരു പിച്ചക്കാരൻ വന്നാൽ ഉടനെ കഴിയുംപോലെയുള്ള ധർമ്മംകൊടുത്തു "എനിക്കുവേണ്ടി പ്രാർത്ഥിക്കണെ!" എന്നു പറഞ്ഞു യാത്രയാക്കുക സാധാരണയാണത്രെ. സാധു മനുഷ്യൻ! ഇപ്പോൾ ഇതാ അശരണനായി നിസ്സഹായനായി മരണക്കിടക്കയെ അവലംബിച്ചിരിക്കുന്നു. കഷ്ടം!

"അയ്യോ! എന്റെ അച്ചോ, എന്തൊരു ശുദ്ധഹൃദയനാണ് എന്റെ ഭർത്താവെന്നു നിങ്ങൾ അറിയുമോ? എനിക്കു അദ്ദേഹം മരിക്കുന്നതു കാണുവാൻ കഴിയുകയില്ല. മരിച്ചുപൊയ്ക്കോട്ടെ; ദൈവകല്പനയെ നമുക്കു തടുക്കാവതല്ലല്ലോ. പക്ഷേ, (അവൾ തേങ്ങി തേങ്ങി പറഞ്ഞു:) അദ്ദേഹം സത്യസഭയിലെ ഒരു അംഗമായി ഇതുവരെ വർത്തിച്ചില്ലല്ലോ എന്നാണ് എനിക്കുള്ള വ്യസനം."



www.malankaralibrary.com

„തേനിക്ക മതവും വിശ്വാസവും ഒന്നും ഇല്ലെങ്കിലും നിന്റെ മതത്തെയോ വിശ്വാസത്തെയോ മറ്റോ അദ്ദേഹം പുച്ഛിക്കാറുണ്ടോ?" എന്നു ഞാൻ അവളോടു ചോദിച്ചു.

„അയ്യോ! ഒരിക്കലുമുണ്ടായിട്ടില്ല, എന്റെ അച്ചാ! പാവം! പരമസാധു!! ഇവിടെ അടുത്തുള്ള അനാഥശാലയിലെ ആവശ്യത്തിന്നു ആഴ്ചയിലൊരിക്കൽ ഒന്നു രണ്ടു സഹോദരസ്ത്രീകൾ പണപ്പിരിവിന്നായി വരാറുണ്ടു. അവർ ഇന്നലെയും കൂടി ഇവിടെ വന്നിരുന്നു. എട്ടോ പത്തോ ഉറുപ്പിക അദ്ദേഹം അവരുടെ കയ്യിൽ കൊടുത്ത് അവരെ യാത്രയാക്കിയ ശേഷം „ഈ സ്ത്രീകൾ ഇങ്ങിനെ മററുള്ളവരെ പ്രതി കഷ്ടപ്പെടുവാൻ തുടങ്ങീട്ടുള്ളത് എന്തു വിചാരിച്ചിട്ടാണാവോ!" എന്നു എന്നോടു അത്ഭുതപ്പെട്ടു പറയുകയുണ്ടായി. ഞാൻ നമസ്കരിക്കുന്നതിലും, കുമ്പിടുന്നതിലും, പള്ളിയിൽ പോകുന്നതിലും ഒന്നും അദ്ദേഹം എന്നെ അധിക്ഷേപിക്കുകയോ വിലക്കുകയോ ചെയ്യിട്ടില്ല. എന്റെ അച്ചാ, അദ്ദേഹത്തിനുവേണ്ടി ഞാൻ എത്രയോ കൊല്ലമായി പ്രാർത്ഥിക്കുന്നു! എന്റെ ആത്മരക്ഷകനേ, അദ്ദേഹത്തിന്നു നിന്നിൽ വിശ്വാസം ജനിപ്പിക്കണമേ എന്നു ഞാൻ എത്ര കണ്ണീരൊഴുക്കിയിരിക്കുന്നു!! ഇതാ, അദ്ദേഹം മരിക്കാറായി. എന്നെന്നേക്കുമായി അദ്ദേഹം എന്നെ വിട്ടുപിരിഞ്ഞു പോകുന്നു. ഈ അവസരത്തിലെങ്കിലും ദൈവത്തിന്നു അദ്ദേഹത്തിന്റെ പേരിൽ, എന്നെ വിചാരിച്ചെങ്കിലും, കൃപതോന്നുകയില്ലേ?"

ഇപ്രകാരം ആ സ്ത്രീ ഓരോന്ന് എണ്ണിയെണ്ണിപ്പറയുന്നതുകേട്ടു എന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. „അയാൾ ഇപ്പോൾ മരിച്ചുപോകുമെന്നു തന്നെയാണോ നിങ്ങൾ വിചാരിക്കുന്നത്? ദീനം അത്രമേൽ മൂർഛിച്ചിരിക്കയാണോ?" എന്നു ഞാൻ ചോദിച്ചു.

www.malankaralibrary.com

“എനിക്കൊന്നും അറിഞ്ഞുകൂട. എന്റെ അച്ഛാ! അദ്ദേഹം മരിക്കയില്ലെന്നു തന്നെയാണ് എന്റെ വിശ്വാസം. ദൈവം അദ്ദേഹത്തെ എനിക്കായി വിട്ടു തരികയില്ലേ?”

“അദ്ദേഹം എവിടെ കിടക്കുന്നു? ആ മുറിയിലേക്കു എന്നെ ഒന്നു കൊണ്ടുപോവുക. ചെന്ന ഉടനെതന്നെ ഞാൻ ഇന്നാരാണെന്നു നിങ്ങൾ അദ്ദേഹത്തെ പറഞ്ഞുമനസ്സിലാക്കണം.”

“അദ്ദേഹത്തിനു അല്പമെങ്കിലും സുഖമുണ്ടെങ്കിൽ ഞാനീ പറഞ്ഞതൊക്കെ ചെയ്യാം” എന്നു പറഞ്ഞ് അവൾ എന്നെ കൂട്ടിക്കൊണ്ടുപോയി. ഞാൻ ആ മുറിയിൽ പ്രവേശിച്ചു. അവിടെ ഒരു കട്ടിലിന്മേൽ മദ്ധ്യവയസ്കനായ ഒരാൾ കിടന്നിരുന്നു. ദേഹം വളരെ മെലിഞ്ഞിരുന്നുവെങ്കിലും ആൾ അസാമാന്യകോമളനാണെന്നു മുഖം വിശദപ്പെടുത്തി. കറുത്തിരുണ്ടു ചുരുണ്ടു മടങ്ങിക്കിടന്നിരുന്ന തലമുടികളുടെ ഇടയിൽകൂടി അദ്ദേഹത്തിന്റെ നേത്രേന്ദ്രിയങ്ങൾ പ്രകാശിച്ചു. എന്നെ കണ്ട നിമിഷത്തിൽ അദ്ദേഹം പണിപ്പെട്ടു പുഞ്ചിരിതൂകിക്കൊണ്ടു ആദരഭാവത്തോടെ എന്റെ വലത്തുകൈ പിടിച്ചു ചുംബിച്ചു.

രോഗി നേരിയസ്വരത്തിൽ സാവധാനത്തിൽ പറഞ്ഞു: “ഭാഗ്യവശാൽ നിങ്ങളെപ്പോലെയുള്ള വേഷക്കാരിൽ പലരേയും ഞാൻ പോയി കണ്ടിട്ടുണ്ട്. ഇപ്പോൾ ആ കൂട്ടത്തിൽ നിങ്ങളാണ് എന്നെ ആദ്യമായി വന്നു കാണുന്നത്. അത് ഈ ദുർഘടസന്ധിയിലും!”

“നിങ്ങളെപ്പോലെയുള്ള ഒരാളെ ഈ നിലയിൽ കാണാൻ ഇടയായതിൽ എനിക്കു വ്യസനം ഇല്ലാതില്ല. പക്ഷേ ആർക്കും വന്നു കാണത്തക്ക ഒരു ഘട്ടമാണ് നി

www.malankaralibrary.com

ങ്ങൾക്കുള്ളതെന്നു എനിക്കു തോന്നുന്നു.”

“ഇത് എന്റെ ഭാര്യ പലപ്പോഴും പറയാറുള്ളതാണ്. പക്ഷെ എന്റെ പരിചാരകന്മാരിൽ അങ്ങിനെ ആരും ഇതുവരെ ഞാൻ പറഞ്ഞുകേട്ടിട്ടില്ല. എന്നെ പുകഴ്ത്തുകയല്ലല്ലോ?”

“ഛെയ്! നിങ്ങൾ അങ്ങിനെ ഒട്ടും തെററിദ്ധരിക്കരുത്. എന്റെ തൊഴിൽ അതല്ലെന്നു നിങ്ങൾ പ്രത്യേകം ഗ്രഹിക്കണമെന്നാണ് ഒന്നാമതായി എനിക്കു നിങ്ങളോടു പറയാനുള്ളത്. ഞാനിവിടെ വരുവാൻ കാരണം, നിങ്ങളുടെ ഭാര്യയുടെയോ എന്റെയോ പ്രേരണനിമിത്തമല്ലെന്നും, ഒരു മഹാശക്തിയാണ് ഇതിന്നിടവരുത്തിയതെന്നും നിങ്ങൾ അറിയുക. ഒരു സ്നേഹിതൻ ഒരു സ്നേഹിതനോടെന്നപോലെ നിങ്ങളുമായി അല്പനേരം സംസാരിക്കണമെന്നു എനിക്കു ആഗ്രഹമുണ്ട്.”

ഉടനെ അടുത്തമുറിയിൽനിന്നു ടെലിഫോണിന്റെ മണിയടിശ്ശബ്ദം മുഴങ്ങി. ഭാര്യയും പരിചാരികയും അങ്ങോട്ടു ഓടിപ്പോവുകയും ചെയ്തു. അപ്പോൾ രോഗിയുടെ സമീപത്തിൽ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ദൈവം നൽകിയ ആ അവസരത്തെ ഞാൻ നഷ്ടപ്പെടുത്തിയില്ല. അവന്റെ ആത്മാവിന്റെ സ്ഥിതിയെപ്പററിയും, മതത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും, ലോകാവസാനത്തിങ്കലെ ന്യായവിസ്താരത്തെക്കുറിച്ചും ഞാൻ ഓരോന്നു പറയാൻ തുടങ്ങി. അതൊക്കെയും അദ്ദേഹം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു. “ഇതിനേപ്പററി ഞാൻ കുറെനാളായി വിചാരിക്കുന്നു” എന്നു അദ്ദേഹം പറഞ്ഞ മറുപടി, എന്റെ സംസാരം അദ്ദേഹത്തിന്റെ ഹൃദയത്തിൽ എന്തോ അത്ഭുതം ചെയ്യുന്നുണ്ടെന്നു എന്നെ ഗ്രഹിപ്പിച്ചു. മര

www.malankaralibrary.com

ത്തിന്റെ നിയമങ്ങളിലും അനുഷ്ഠാനങ്ങളിലും അദ്ദേഹത്തി ന്നു വിശ്വാസം ഉണ്ട്. എന്നുമാത്രമല്ല, കത്തോലിക്കാസ ഭയാണ് സാക്ഷാൽ സത്യസഭ എന്നും അദ്ദേഹത്തിനറി യാം. തന്റെ ഭാര്യയുടെ ഭക്തജീവിതത്തെ താൻ ശ്രദ്ധ യോടുകൂടി നോക്കിവരികയായിരുന്നുവെന്നും, ആ അനാഥ ശാലക്കുവേണ്ടി പ്രയത്നിക്കുന്ന സ്ത്രീകളുടെ ധർമ്മബുദ്ധിയിൽ തനിക്കു അപാരമായ അത്ഭുതം ജനിച്ചിട്ടുണ്ടെന്നും, ഇവ യെല്ലാം സാക്ഷാത്തായ സത്യന്മേൽ കേന്ദ്രിച്ചിരിക്കുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

“അച്ഛാ, അനാഥശാലയിലെ കുട്ടികൾക്കുവേണ്ടി കന്യാസ്ത്രീകൾ ഇവിടെ ധർമ്മത്തിന്നു വരുമ്പോൾ ഞാൻ ഒരിക്കലും അവരെ വെറുതെ അയച്ചിട്ടില്ല. അഞ്ചോ പ ത്തോ ഉറുപ്പിക അവരുടെ കയ്യിൽ കൊടുക്കുമ്പോഴൊക്കെയും, കൃതജ്ഞതയാൽ അവരുടെ കണ്ണിൽ വെള്ളം നിറഞ്ഞുകൊ ണ്ടു ‘ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും’ എന്നു പറ ഞ്ഞുപോകും. ഞാൻ ഇക്കാലം വരെ സംരക്ഷിക്കപ്പെട്ടു വ ന്നത് അവരുടെ പ്രാർത്ഥനയുടെ ശക്തിയാലാണെന്നാണ് എന്റെ വിശ്വാസം. ഞാൻ ഒരു സഭയിലും ഇതുവ രെ പോയി മാമോദീസാ കൈക്കൊണ്ടിട്ടില്ല. ആ ദൈവാ നുഗ്രഹത്തിന്നു അവിടുത്തേക്കു എന്നെ യോഗ്യനാക്കിത്തീ ർക്കാമോ?”

“വളരെ വളരെ സന്തോഷം. നാളെകാലത്തേക്കു നീട്ടരുതേ? അതിനിടക്കു പരിശുദ്ധസഭയെപ്പറ്റി ഞാൻ പലതും നിങ്ങളെ മനസ്സിലാക്കിത്തരാം”.

“അതൊന്നും എന്നോടു പറയേണ്ട. എല്ലാം ഒരു വിധമൊക്കെ ഞാൻ ഗ്രഹിച്ചുവെച്ചിട്ടുണ്ട്. മാമോദീസ ഇപ്പോൾ തന്നെയാവട്ടെ. ദയവുണ്ടായി എന്റെ ഭാര്യ യെ ഒന്നു വിളിക്കണേ! ഞാനൊരു സത്യക്രിസ്ത്യാനിയായി

www.malankaralibrary.com

ത്തീരുന്നതു കാണുന്നതിൽ പരം സന്തോഷം അവൾക്കു മറ്റൊന്നും ഉണ്ടാവുകയില്ല.”

അപ്പോഴക്കും ആരും വിളിക്കാതെതന്നെ ഭാൎയ്യ അവിടെ ഹാജരായെത്തി.

“മേറിയം! ഇപ്പോൾ എന്റെ മാമോദീസായാണ്. നിനക്കു തൃപ്തിയായല്ലോ?”

സന്തോഷാധിക്യത്താൽ അവളുടെ കവിളുകളിൽക്കൂടി അശ്രുധാര പ്രവഹിച്ചു. ക്ഷണത്തിൽതന്നെ ഞാൻ വിശുദ്ധമൂറോൻ എടുത്തുകൊണ്ടു വന്നു ആ വിശ്വാസിയെ മാമോദീസാ മുക്കി. അദൃശ്യമായ എന്തോ മഹാശക്തിയാലെന്നവണ്ണം അദ്ദേഹത്തിന്റെ മുഖം പൂൎവ്വാധികം പ്രസന്നമായിത്തീൎന്നു. ഞാൻ യാത്രയ്ക്കൊരുങ്ങിയപ്പോൾ,

“അച്ചാ, നാളെയും വരണേ! ഇതിനെ തുടൎന്നു ഇനിയും അച്ചന്റെ സഹായം എനിക്കു ആവശ്യമാണ്.”

ഞാൻ മടക്കത്തിൽ ദൈവത്തിന്റെ അളവില്ലാത്ത സ്നേഹത്തെ ഓൎത്തു നടന്നുപോന്നു. അദ്ദേഹത്തിന്റെ പ്രിയ ഭാൎയ്യയുടേയും ആ കന്യാസ്ത്രീകളുടേയും പ്രാൎത്ഥനകൊണ്ടു മാത്രമാണ് അദ്ദേഹം സത്യക്രിസ്ത്യാനിയായിത്തീൎന്നതു എന്നു ഞാൻ വിചാരിച്ചു.

പിറേറന്നു അതികാലത്തു ഞാൻ കിടക്കയിൽ നിന്നു എണീററതു് അദ്ദേഹം കൎത്താവിൽ നിദ്രകൊണ്ടു എന്നു കേട്ടുകൊണ്ടാണ്. എനിക്കു അപ്പോൾ ഉണ്ടായതു് കൃതജ്ഞതയോ സന്തോഷമോ എന്നു വിവരമില്ല. സാധുമനുഷ്യൻ! ‘നാളെയും വരണം’ എന്നു അദ്ദേഹം എന്നോടു മടങ്ങുമ്പോൾ പറഞ്ഞതു് ശവസംസ്കാരശുശ്രൂഷയെ ഉന്നംകൊണ്ടായിരുന്നിരിക്കുമോ! ഹോ! ദൈവത്തിന്റെ വ്യാപാരം അതിശയനീയംതന്നെ. X

www.malankaralibrary.com

# സണ്ടേസ്കൂൾപാഠങ്ങൾ

## പാഠം ൫.

സർവ്വശക്തിയുള്ള പിതാവായി......സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

### മനുഷ്യനെ സൃഷ്ടിച്ചതു.

ഉദ്ദേശം (൧) അവരെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം എന്തെന്നു കുട്ടികളെ മനസ്സിലാക്കുക.

(൨) ദൈവോദ്ദേശനിവൃത്തിക്കു തടസ്ഥമായി നില്ക്കുന്ന പാപത്തോടു പോരാടുന്നതിനുള്ള ആഗ്രഹം കുട്ടികളിൽ ജനിപ്പിക്കുക.

൧. മനുഷ്യനെ സൃഷ്ടിച്ചതു. ലോകത്തേയും മൃഗങ്ങളേയും സൃഷ്ടിച്ചതിന്റെ ശേഷം ദൈവം മനുഷ്യനെ സൃഷ്ടിച്ചു. (ആദ്യ. ൨: ൭.) മൃഗങ്ങളെ സൃഷ്ടിച്ചതുപോലെ ഭൗതികമായ ശരീരത്തോടുകൂടി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ മൃഗങ്ങൾക്കില്ലാത്തതായ അമർത്ത്യമായ ആത്മാവിനേയും ദൈവം മനുഷ്യനു നല്കി. ആത്മാവുകൊണ്ടു നമുക്കു ദൈവത്തോടു പ്രാർത്ഥിക്കയും, ദൈവത്തെ അറിയുകയും, ദൈവത്തെ സ്നേഹിക്കുകയും, നമ്മുടെ ശരീരങ്ങൾ ലോകത്തിൽ ആയിരിക്കുമ്പോൾപോലും (ആത്മാവിൽ) നമുക്കു ദൈവത്തോടുകൂടി സ്വർഗ്ഗത്തിൽ ആയിരിക്കുകയും ചെയ്യാം. ഇവയൊന്നും മൃഗങ്ങൾക്കു കഴിയുന്നില്ല. ദൈവം മനുഷ്യനു ഒരു ആത്മാവിനെ കൊടുത്തു. ദൈവം തന്റെ സ്വന്ത സാദൃശത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നു വേദപുസ്തകത്തി

www.malankaralibrary.com

ൽ പറയുന്നു (ആദ്യ. ൧: ൨൬.) ദൈവം ആത്മാവാകുന്നു.

൫. മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശം. ദൈവം പരിപൂർണ്ണവിശുദ്ധനും സ്നേഹവുമുള്ളവനായിരിക്കുന്നതുപോലെ നാമും ആയിത്തീരേണ്ടതിനും സ്വർഗ്ഗത്തിൽ തന്നോടുകൂടെ നിത്യമായി വസിച്ചുകൊണ്ടു തന്റെ പൂർണ്ണസന്തോഷത്തിൽ ഭാഗഭാക്കുകളാകുന്നതിനുമായിട്ടാണു ദൈവം നമ്മെ സൃഷ്ടിച്ചതു. നമ്മെക്കുറിച്ചുള്ള ഈ ഉദ്ദേശം ദൈവത്തിനു നിത്യമായി ഉണ്ടായിരുന്നു (എഫെ: ൧. ൪) ഇതേവരെ ഉണ്ടായിട്ടുള്ളവരൊ ഇപ്പോൾ ജീവിച്ചിരിക്കുന്നവരൊ, ഇനി ഉണ്ടാകുവാനുള്ളവരൊ ആയ എല്ലാ ആളുകളും ദൈവത്തിന്റെ മനസ്സിൽ സ്ഥിതിചെയ്യാത്ത ഒരു കാലം ഒരിക്കലുമുണ്ടായിട്ടില്ല. ലോകസ്ഥാപനങ്ങൾക്കു മുമ്പെ ദൈവം നമുക്കു ഓരോരുത്തൎക്കും സ്വർഗ്ഗത്തിൽ ഓരോ പ്രത്യേകസ്ഥലം ഒരുക്കിയിട്ടുണ്ടു. ദൈവം നാം ഓരോരുത്തൎക്കും ശ്രേഷ്ഠമായ ഓരോ ജോലിയേയും നിശ്ചയിച്ചിട്ടുണ്ടു. ആ ജോലി ശരിയായി നിർവഹിക്കുന്നതിനാൽ നമുക്കു പരിപൂർണ്ണസന്തോഷം ലഭ്യമാകയും ചെയ്യുന്നു. സ്വർഗ്ഗത്തിലെ നിത്യഗാനത്തിൽ ദൈവം നാം ഓരോരുത്തൎക്കും ഓരോ പ്രത്യേകഭാഗം നീക്കിവച്ചിരിക്കുന്നു. നാം ഓരോരുത്തരുടേയും ശബ്ദംകൂടാതെ സ്വർഗ്ഗീയാരാധന പൂർണ്ണമാകുന്നില്ല. ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന സന്തോഷം എന്തുമാത്രമെന്നു ധരിക്കുന്നതിനു ഇപ്പോൾ നമുക്കു ശക്തിപോരാ. (൧ കൊരി. ൨: ൯)

൬. ദൈവം നമ്മുടെ പിതാവു. നമ്മുടെ സ്രഷ്ടാവായ സർവ്വശക്തിയുള്ള ദൈവം നമ്മുടെ പിതാവാണെന്നു വിശ്വാസപ്രമാണം നമ്മെ പഠിപ്പിക്കുന്നു. തന്റെ പിതൃസ്നേഹം എന്തുതരത്തിലെന്നു മനസ്സിലാക്കുന്നതിനു ദൈവം നമുക്കു ഭൂമിയിൽ പിതാക്കന്മാരെ നല്കിയിരിക്കുന്നു (എഫെ. ൩;

www.malankaralibrary.com

ഫർ, ഫ്ളൈ) തങ്ങൾക്കു കുട്ടികൾ ഉണ്ടാകുന്നതിനു മനുഷ്യർ ആഗ്രഹിക്കയും ഒരു കുട്ടി ജനിക്കുമ്പോൾ സന്തോഷിക്കയും ചെയ്യുന്നു. എത്ര അധികം കുട്ടികൾ ഉണ്ടായിരുന്നാലും പിതാക്കന്മാർ അവരെ ഓരോരുത്തരേയും സ്നേഹിക്കയും അവർ എല്ലാവരും അടുത്തുണ്ടായിരിക്കണമെന്നു ആഗ്രഹിക്കയും ചെയ്യുന്നു. എല്ലാവക്കും ജീവനെ പ്രദാനംചെയ്യുന്ന സമ്പൂർണ്ണനായ പിതാവു ദൈവമാകുന്നു. നാം ഓരോരുത്തരേയും സൃഷ്ടിച്ചപ്പോൾ താൻ അത്യധികം സന്തോഷിച്ചു. ദൈവം നാമൊരുത്തരേയും സ്നേഹിക്കുകയും, തന്നോടുകൂടി തന്റെ ഭവനമായ സ്വർഗ്ഗത്തിൽ നിത്യമായി വസിക്കണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു. നമ്മിൽ ഒരാൾ ഒഴിച്ചു ശേഷമെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിച്ചാലും ആ ഒരാൾ തന്നോടുകൂടെയില്ലാത്തതുകൊണ്ടു ദൈവം തൃപ്തിപ്പെടുന്നില്ല.

പിതാക്കന്മാർ തങ്ങളുടെ കുട്ടികളെ പരിപാലിക്കുകയും, അവക്കു കൊടുക്കാൻ കഴിയുന്ന എല്ലാ വിധ നല്ല വസ്തുക്കളേയും കൊടുക്കയും ചെയ്യുന്നു. പരിപൂർണ്ണപിതാവായ ദൈവത്തിനു നമ്മോടുള്ള സ്നേഹം എത്ര വലിയതു! ആ സീമയററ സ്നേഹഗുണത്തോടു ഭൌമികപിതാക്കന്മാരുടെ സ്നേഹത്തെ താരതമ്യപ്പെടുത്തുമ്പോൾ, ഇതു വെറും തീപ്പൊരി മാത്രമാകുന്നു. (റോമാ. ൮: ൩൨). ദൈവം നാമോരോരുത്തരേയും കുറിച്ചു എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നു. സർവ്വശക്തനായ താൻ നമ്മെ എപ്പോഴും തന്റെ ഉള്ളംകൈയ്യിൽ വഹിച്ചിരിക്കുന്നു. സർവ്വജ്ഞനായ താൻ നമ്മുടെ ജീവിതത്തിലുണ്ടാകുന്ന നിസ്സാരസംഗതികളെപ്പോലും ക്രമപ്പെടുത്തുകയും നമ്മുടെ നിത്യാവശ്യങ്ങളെ സാധിച്ചുതരികയും (മത്താ. ൬: ൨൫, ൩൨) എല്ലാം നമ്മുടെ നന്മക്കായും (റോമ. ൮: ൨൮) നാം വിശുദ്ധിയിൽ പൂർണ്ണ



www.malankaralibrary.com

ത പ്രാപിക്കുന്നതിനുമായി ആക്കാത്തിക്കയും ചെയ്യുന്നു. നമുക്കു ലഭിച്ചിട്ടുള്ള എല്ലാ നല്ലദാനങ്ങളും ദൈവത്തിൽനിന്നു വരുന്നവയാകുന്നു. (യാക്കോബു ൧: ൧൭). മററുള്ള ആളുകൾ തങ്ങളുടെ മക്കൾ നിസ്സാരന്മാരെന്നും അയോഗ്യന്മാരെന്നും വിചാരിച്ചാലും അവരുടെ പിതാക്കന്മാർ അവർ ഉത്തമന്മാരെന്നും നന്മ പ്രവൎത്തിക്കുന്നതിനു പ്രാപ്തിയുള്ളവരെന്നും വിശ്വസിക്കുന്നു. അപ്രകാരംതന്നെ നാം എത്രതന്നെ നീചമായ വിധം തനിക്കു വിരോധമായി പാപം ചെയ്താലും നമ്മുടെ സ്വൎഗ്ഗസ്ഥപിതാവു നമ്മെക്കുറിച്ചു വിചാരിക്കയും നമ്മെ വിശ്വസിക്കയും ചെയ്യുന്നു. അവൻ ഒരിക്കലും നമ്മെ തള്ളിക്കളയുന്നില്ല; എന്നാലോ നമ്മുടെ പാപത്തെ വിട്ടുതിരിഞ്ഞു, അതിനെ ജയിച്ചു വിശുദ്ധിയും സ്നേഹവുമുള്ളവരായി തന്നോടുകൂടി സ്വൎഗ്ഗത്തിൽ വസിക്കുന്നതിനു യോഗ്യതയുള്ളവരായിത്തീരുമെന്നു ആശിച്ചുകൊണ്ടിരിക്കുന്നു.

൪. ഈ ലോകം നമ്മുടെ യഥാൎത്ഥഭവനമല്ല. സ്വൎഗ്ഗീയജീവിതത്തിലും ആരാധനയിലും ഭാഗഭാക്കുകളാകുന്നനു ഒരുങ്ങുന്നതിനായി ദൈവം ഈ ലോകത്തിലേക്കു നമ്മെ അയയ്ക്കുന്നു. ഈ ലോകം ഒരു പാഠശാലയ്ക്കു തുല്യമാണ്. നമ്മുടെ യഥാൎത്ഥഭവനം സ്വൎഗ്ഗമാകുന്നു. ഈ ലോകത്തിൽ നാം പഠിക്കാനുള്ള പാഠങ്ങൾ ദൈവത്തേയും മററുള്ളവരേയും സ്നേഹിക്കയും നമ്മുടെ പാപങ്ങളെ ഉപേക്ഷിക്കയും ചെയ്യുക എന്നുള്ളതാകുന്നു.

൫. നമ്മുടെ വരണസ്വാതന്ത്ര്യം. ദൈവത്തോടുകൂടി സ്വൎഗ്ഗത്തിൽ വസിക്കുന്നതായി നാം സൃഷ്ടിക്കപ്പെട്ടു. എങ്കിലും നാം സ്നേഹമുള്ളവരും വിശുദ്ധിയുള്ളവരും ആയിരിപ്പാൻ പഠിക്കുന്നില്ലെങ്കിൽ അതു സാധിക്കുന്നില്ല

ഒരു കലാശാലാപണ്ഡിതനു വാത്സല്യഭാജനമായ ഒരു

www.malankaralibrary.com

പുത്രൻ ഉണ്ടെന്നിരിക്കട്ടെ. ആ പുത്രനെ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കയും, അതിൽ ബിരുദം സമ്പാദിക്കയും ചെയ്യണമെന്നും അതിന്റെശേഷം തന്നെപ്പോലെ ഒരു പണ്ഡിതനായിതീരുകയും ചെയ്യണമെന്നു ആ പണ്ഡിതൻ ആഗ്രഹിച്ചു. ആയതിനു ആവശ്യപ്പെട്ട ചെലവുകൾ എല്ലാം ചെയ്യുന്നതിനു ആ പിതാവു തയ്യാറാണ്. എന്നാൽ ആ കുട്ടി മടിയനും, പഠിക്കുന്നതിനു തീരെ ഉത്സാഹമില്ലാത്തവനുമായിരുന്നു. നിവൃത്തിയുള്ളിടത്തോളം പള്ളിക്കൂടത്തിൽ പോകാതെതന്നെ കഴിച്ചുകൂട്ടി. പോയാൽതന്നെയും ക്ലാസിൽ പഠിപ്പിക്കുന്നതൊന്നും ശ്രദ്ധിച്ചുവന്നില്ല. ഒരു തരത്തിൽ നാലാംക്ലാസ്സു ജയിച്ചു. അതിന്റെ ശേഷം ആ കുട്ടി പള്ളിക്കൂടത്തിൽ തീരെ പോകാതെയായി. വർഷങ്ങൾ പലതു കഴിഞ്ഞു. ആ കുട്ടി യൌവനക്കാരനായിതീർന്നു. അപ്പോൾ അവന്റെ പിതാവിനുള്ളതുപോലെയുള്ള ഒരുന്നത ഉദ്യോഗം അവനും കിട്ടിയാൽ കൊള്ളാമെന്നു മോഹമുണ്ടായി. അതിനു സാധിക്കണമെങ്കിൽ അവൻ വിദ്യാഭ്യാസബിരുദം സമ്പാദിച്ചവനായിരിക്കണമെന്നു മനസ്സിലായി. അതിനായി കലാശാലയിൽ പ്രവേശനം കിട്ടുന്നതിനു അവൻ അപേക്ഷ കൊടുത്തു ഇംഗ്ലീഷ് പഠിച്ചിട്ടില്ലാഞ്ഞതുകൊണ്ടു അവനു പ്രവേശനം കിട്ടുന്നതു അസാദ്ധ്യമെന്നായിത്തീർന്നു. അഥവാ അവനു പ്രവേശനം കിട്ടിയാലും അവിടെ പഠിപ്പിക്കുന്നതു അവനു മനസ്സിലാകയുമില്ലല്ലോ. ആ പിതാവു അവനെപ്പോലെ അവന്റെ പുത്രനും ആയിത്തീരണമെന്നു എത്ര ശക്തിയായി ആഗ്രഹിച്ചിട്ടും അതു സാധിക്കുന്നതിനു കഴിഞ്ഞില്ല.

സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടി നിത്യമായി വസിക്കയും, തന്റെ ജീവിതത്തിൽ ഭാഗഭാക്കുകളായിത്തീരുകയും ചെയ്യുന്നതിനു ഈലോകത്തിൽവച്ചു ഒരുങ്ങുകയോ

www.malankaralibrary.com

ങ്ങിനെ ഒരുങ്ങാതെയിരിക്കുകയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ദൈവം നമുക്കു തന്നിട്ടുണ്ടു. നാം വിശുദ്ധിയുള്ളവരും സ്നേഹമുള്ളവരുമായിത്തീരുന്നതിനു ശ്രമിക്കുന്നില്ലെങ്കിൽ ദൈവം അതിന്നായി നമ്മെ ഒരുത്തരേയും ഫേമിക്കുന്നതല്ല. നമ്മെക്കുറിച്ചു ദൈവത്തിനുള്ള വലിയതും വിസ്മയകരവുമായ ഉദ്ദേശ്യം ഫലപ്രാപ്തി അടയാതെ പോകുന്നു.

നമ്മുടെ പിതാവായ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെക്കുറിച്ചും നമ്മെക്കുറിച്ചു തനിക്കുള്ള ഉദ്ദേശ്യങ്ങളെക്കുറിച്ചും നാം ആലോചിക്കുമ്പോൾ, ദൈവഉദ്ദേശ്യനിവൃത്തിക്കു പ്രതിബന്ധമായി നില്ക്കുന്ന പാപങ്ങളെ ഉപേക്ഷിക്കേണ്ടതാണെന്നു നമുക്കു മനസ്സിലാകുന്നു.

ഗൃഹപാഠം.

൧. ൧ യോഹന്നാൻ ൩. ൧—൩ മനഃപാഠം.

൨. ഈ പാഠത്തിലെ കഥ എഴുതുക.
അതിന്റെ താല്പര്യമെന്തു?

## എന്റെ അനുഭവങ്ങൾ

(തുടർച്ച)

രണ്ടാമതായി, ഇത് ഇന്ത്യയിൽ ഇപ്പോഴുള്ള മിഷ്യൻ വേലയോടു എങ്ങിനെ സംബന്ധപ്പെടുന്നു എന്നാണ് പ

www.malankaralibrary.com

ഷ്ടാലോചിക്കേണ്ടത്. ചുരുക്കിപ്പറയുന്നതായാൽ സന്ന്യാസിവേല ഇപ്പോൾ നിലവിലുള്ള വേലക്കു സഹായമായിരിക്കുന്നതല്ലാതെ ഒട്ടുംതന്നെ പ്രതിബന്ധമല്ല. ഇപ്പോൾ പലരും പൊതുവിൽ ഇന്ത്യൻ സഭയുടെ ഉത്സാഹക്കുറവിനും ആദർശഹാനിക്കും ആത്മീയമന്ദതയ്ക്കും കാരണം മിഷ്യനറിമാരാണെന്നു അധിക്ഷേപിക്കുന്നുണ്ട്. ഇതു നീതികരിക്കാവുന്നതാണോ എന്നു എനിക്കു തോന്നുന്നില്ല. ഇപ്പോൾ കാണുന്ന ഫലം ആദിമകാലത്തു മിഷ്യനറിമാർ ഇന്ത്യയിൽ ബുദ്ധിപൂർവ്വം ചെയ്തിട്ടുള്ളതിന്റെ അഭിവൃദ്ധിമാത്രമാണ്. അവയെ നാം ഉപേക്ഷിക്കുന്നപക്ഷം പൊതുവിൽ ഇന്ത്യൻ മിഷ്യനറിവേലയെ നാം തടഞ്ഞുനിർത്തുകയായിരിക്കും. ഇന്ത്യയിൽ മിഷ്യൻവേല അത്യാവശ്യംതന്നെ എന്നാണ് എന്റെ അഭിപ്രായം. പക്ഷേ അതുമാത്രം മതി എന്നു എനിക്കു പക്ഷമില്ല. ഇപ്പോൾ ഇന്ത്യൻ ക്രിസ്തീയസഭയിൽ വല്ല ആത്മീയമന്ദതയും കാണുന്നുണ്ടെങ്കിൽ അതു മിഷ്യൻവേല ശരിയല്ലാതെ നടത്തുകയാലല്ലെന്നു തീർച്ചയാണ്. എന്നാൽ ക്രിസ്തുവിനെ അപൂർണ്ണമായ തരത്തിൽ കാണിച്ചുകൊടുത്തതിന്റെ ഫലമാണെന്നാണ് ഞാൻ പറയുന്നത്. ആടുകൾക്കുവേണ്ടി സ്വന്തം ജീവനെ വെടിഞ്ഞ യേശുവിനെ— വീടും നാടും ഇല്ലാതെ കഷ്ടപ്പെട്ടു ശുശ്രൂഷിച്ചിരുന്ന യേശുവിനെ— ഇവിടെ കാണുന്നില്ലെന്നുള്ള ഒരു ദൂഷ്യമുണ്ട്. ആരംഭകാലത്ത് ഇവിടെ യേശുവിന്റെ ശരിയായ പ്രതിരൂപംതന്നെ കാണാൻ കഴിഞ്ഞിരുന്നു. അന്ന് അവർക്കു ഗവർമ്മെണ്ടിന്റെയും ഇപ്പോൾ നമുക്കു അറിയപ്പെടാത്ത ശത്രുക്കളുടേയും പ്രതികൂലങ്ങളെ സഹിക്കേണ്ടിവന്നിരുന്നു. അക്കാലമൊക്കെ പൊയ്പ്പോയതോടുകൂടി ആ നിലയിൽ ക്രിസ്തുവിന്റെ ജീവിതത്തെ പ്രതിഫലിച്ചു കാണിപ്പാൻ സൌകര്യം ഇല്ലാതെയായി. ഇ

www.malankaralibrary.com

ന്ത്യക്കാൎക്കു അനുഭാവം ഉണ്ടാവത്തക്കവിധത്തിൽ കഷ്ടപ്പാടിനേയും ഞെരുക്കത്തേയും സ്വയം വരിച്ചുകൊണ്ടു ഒരു ഉത്തമമാതൃകാജീവിതത്തെ കാണിച്ചുകൊടുപ്പാൻ മിഷ്യനറിമാൎക്കു ഇപ്പോൾ സാധ്യമല്ലാതെ വന്നിട്ടുണ്ട്. ക്രിസ്തുവിന്റെ സുവിശേഷം മററൊരു വേഷത്തിലും തരത്തിലും പ്രചരിപ്പിക്കുവാൻ അവർ നിർബന്ധിതരായിത്തീൎന്നിരിക്കുന്നു. ഈ തരത്തിലുള്ള വേലയും ആവശ്യംതന്നെ. ഇതില്ലെങ്കിൽ സന്യാസവേലകൊണ്ടു ലോകത്തിനുള്ള പ്രയോജനം വളരെ കുറയുകയും ചെയ്യും. മിഷ്യനറിമാൎക്കു അക്ഷരംപ്രതി മശിഹായെ അനുകരിപ്പാൻ സാധ്യമല്ല. ദൈവം അവൎക്കു കൊടുത്തിട്ടുള്ള വേലയെ സംബന്ധിച്ചു് നോക്കുമ്പോൾ അതു പ്രയാസവുമാണെന്നു കാണാം. അവൎക്കുള്ള ചുമതല സഭയിലെ അംഗങ്ങളെ പരിശുദ്ധറൂഹാവഴിയായി ഐശ്വൎയ്യപ്പെടുത്തുക എന്നുള്ളതാണ്. ഇതിനെ ഉദ്ദേശിച്ചു ഓരോ പ്രസ്ഥാനങ്ങളുടേയും ഉത്തരവാദിത്വഭരണം അവൎക്കു നല്കപ്പെട്ടിരിക്കുന്നു. നേരെമറിച്ചു് സന്യാസവേല പ്രബോധിപ്പിക്കപ്പെടുവാനല്ലാതെ, ഐശ്വൎയ്യപ്പെടുത്തുവാനല്ല. ക്രിസ്തുവിനെ തങ്ങൾക്കു നേരിട്ടു കാണത്തക്കവിധത്തിൽ സഭക്കും ലോകത്തിനും മുമ്പിൽ തന്നെ അനുകരിച്ചുകൊണ്ടു അക്ഷരംപ്രതി ജീവിക്ക എന്നുള്ളതാണ് ഒരു സന്യാസിയുടെ ധൎമ്മം. ആദൎശത്തിലും ഭക്തിവിഷയത്തിലും സഭ പിറകോട്ടു പോയിക്കൊണ്ടിരിക്കുന്നുണ്ട്. ശൌൎയ്യാർ പുണ്യവാന്റെയും അദ്ദേഹത്തിന്റെ ചങ്ങാതികളുടേയും കാലത്ത് ആത്മീയവിഷയത്തിൽ മൃതിപ്പെട്ടുകിടന്നിരുന്ന യൂറോപ്പിൽ അവർ ചെയ്തതുപോലെ ഏതൊരു അപകടത്തെയും ഭക്തിയോടും ധീരതയോടുംകൂടി ചാടിക്കടന്നു സഭക്കു ഒരു ഉത്തമമാതൃകയെ കാട്ടിക്കൊടുക്കുകയാണ് സന്യാസിമാർ ചെയ്യേണ്ടത്. ക്രിസ്ത്യാനികളുടെ സന്തോഷം ലോകസംബന്ധമായ ഏതെങ്കിലും ഒന്നിനെ അടിസ്ഥാനമാക്കിയല്ല

www.malankaralibrary.com

ന്നും, ഭാഗ്യപൂർത്തിക്ക അത്യാവശ്യമെന്നു സാധാരണന്മാർക്ക തോന്നപ്പെടുന്നതൊന്നും ഒരു ക്രിസ്ത്യാനി വില വെയ്ക്കുന്നില്ലെന്നും, എന്നിട്ടും അവൻ ലോകത്തിൽ ഭാഗ്യം അനുഭവിക്കുന്നു എന്നും അക്രൈസ്തവലോകത്തെ വിശദപ്പെടുത്തുവാൻ കഴിയുന്ന ഒരു കൂട്ടത്തെയാണ് നമുക്കാവശ്യം. ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതരായി സാധാരണന്മാർ പോകുവാൻ ഭയപ്പെടുന്നേടത്തേക്ക പോകുകയും, മററുള്ളവർ അടുത്തു ചെല്ലുവാൻ മടക്കുന്നവരെ ചെന്നുകാണുകയും, അന്യരാൽ അധിക്ഷേപിക്കപ്പെടുന്നവരെ ശുശ്രൂഷിക്കുകയും ചെയ്യുന്നതു കാണുമ്പോൾ അവരുടെ അത്ഭുതം ശതഗുണിഭവിക്കും. ഇങ്ങനെ ഒരുകൂട്ടം ആളുകൾ ഒരുങ്ങി ഇറങ്ങുന്നപക്ഷം എത്രയും ക്ഷണത്തിൽ ഇന്ത്യക്കാർ ഒന്നടക്കം നമ്മുടെ രക്ഷകന്റെ കാൽക്കീഴിൽ വന്നണയുന്നതാണ്. ഉയന്നജാതിക്കാരായിരിക്കും മുന്നിൽ ഇറങ്ങുക. സന്യാസികളുടെ ദൃഷ്ടാന്തത്താൽ പ്രേരിതരായി ഇങ്ങിനെ സംഭവിക്കപ്പെടുമ്പോൾ വേണം, മിഷ്യനറിമാർ ജോലി തുടങ്ങേണ്ടത്. തങ്ങളുടെ സഹോദരന്മാർ തുടങ്ങിവെച്ച വേലയെ മിഷ്യനറിമാർ പൂർത്തിയാക്കട്ടെ. ഇങ്ങിനെ ഒന്നു മററൊന്നിനു സഹായമക്കാതെ ഏതെങ്കിലും ഒന്നു നിരാകരിക്കുന്ന പക്ഷം ഫലം പൂർത്തിയാകുകയില്ല.

൧൯൦൭ നവമ്പർമാസംവരെ ഞാനും സാധുസുന്ദരസിംഗും ഈ പ്രവൃത്തിയിൽ ഏപ്പെട്ടിരുന്നു. രണ്ടുപേക്കു ചുമക്കാവുന്നതിലപ്പുറമുള്ള വേലയായിരുന്നു അതെങ്കിലും വേണ്ടത്തക്ക ആളുകളോടുകൂടി നന്നായി നിവ്വഹിക്കപ്പെടുന്ന പക്ഷം വിചാരിക്കുന്നതിൽ അധികം ഫലമുണ്ടാവുമെന്നു മനസ്സിലാക്കുവാൻ ഞങ്ങൾക്കു സാധിച്ചു. അതിനാൽ കുറെപേരെ കൂട്ടേണ്ടതിനുവേണ്ടി സ്വരാജ്യത്തുവന്നു ഏതാനും മാസം ചിലവിടണമെന്നു ഞാൻ തീച്ചയാക്കി. അ

www.malankaralibrary.com

താണിപ്പോൾ ഞാൻ അമേരിക്കയിൽ വരുവാനും, ഈ ലേഖനം The East and the West എന്ന മാസികയിൽ പ്രസിദ്ധീകരിപ്പാനും കാരണം. ഈ വേലയിലേക്കു സ്വന്തം ജീവനെക്കൂടി പണയപ്പെടുത്തുവാൻ തയാറുള്ള ചിലരെ കിട്ടണം. ഊഹത്തെ അടിസ്ഥാനമാക്കിയല്ല, എൻെറ അനുഭവത്തെ ആധാരമാക്കിത്തന്നെയാണ് ഞാനിതു പറയുന്നതു. അക്രൈസ്തവരായ പല ഇന്ത്യക്കാരും മിഷ്യനറിമാരുടെ സ്വാർത്ഥരാഹിത്യത്തിൽ വിശ്വാസമില്ലാതെ അവരുടെ പ്രവൃത്തികൾ ഗവർമ്മെണ്ടിൻെറ ഒരു വക നയമാണെന്നു ശങ്കിക്കുന്നുണ്ടു. അതിനാൽ ഈ തെററിദ്ധാരണയെ നീക്കത്തക്ക വിധത്തിൽ സ്വാർത്ഥപരിത്യാഗബുദ്ധിയോടുകൂടി പ്രവൃത്തിയെടുപ്പാൻ സന്നദ്ധരായ കുറെപേരെ ആവശ്യമുണ്ടു. തങ്ങളെത്തന്നെ സ്വയം ഉപേക്ഷിച്ചു, ക്രിസ്തുവിനുവേണ്ടി എന്തു നികൃഷ്ടനിലയിലും ജീവിപ്പാൻ അവർ സന്നദ്ധരായിരിക്കേണ്ടതാണ്.

എതുതരത്തിലാണ് ഈ വേല ആരംഭിക്കേണ്ടതു എന്നു ഇവിടെ നിർദ്ദേശിക്കുന്നതു അപ്രകൃതമായിരിക്കയില്ല. ശൌയ്യാർ പുണ്യവാൻെറ Fratres Minores എന്ന സംഘത്തിൻെറ ഘടനയെ അനുസരിച്ചുള്ള ഒരു സംഘംതന്നെ ഉണ്ടാവണം. അതിൻെറ പ്രമാണങ്ങൾ യേശുവിനെ അനുകരിച്ചുകൊണ്ടു രോഗികൾ ഉള്ളിടത്തും വിഷൂചിക പ്ലേഗ് ആദിയായ സാംക്രാമികരോഗങ്ങൾ പിടിപെട്ടിട്ടുള്ള സ്ഥലങ്ങളിലും, ചെററക്കുടിലുകളിലും, കുഷ്ഠരോഗാശുപത്രികളിലും പോയി ശുശ്രൂഷിക്കുകയും ചെയ്യണമെന്നുള്ളതായിരിക്കയും വേണം. പക്ഷേ കേവലം ഭിക്ഷുകി എന്ന നിലയിൽ നടക്കണമെന്ന വ്യവസ്ഥ അരുതു. മനസ്സോടുകൂടി ആരെങ്കിലും ആഹാരം തരുന്നപക്ഷം സ്വീകരിക്കുന്നതിനു വിരോധമില്ലെന്നു ചെയ്യണം. ഈ പ്രമാണം

www.malankaralibrary.com

അനുസരിച്ചുള്ള ഒരു സംഘമാണ് ഞങ്ങൾ ഏൎപ്പെടുത്തുവാൻ വിചാരിക്കുന്നത്.

അവസാനമായി, ഇപ്രകാരമുള്ള വേലയുടെ സമ്പ്രദായത്തെപ്പററി പറയാം:—

൧. പ്രവൃത്തിരംഗങ്ങളിൽ വെച്ചുതന്നെ പുതുസന്യാസികളെ ആരംഭകാലം മുതൽ തുടങ്ങി ജനങ്ങളുമായി സമ്പൎക്കത്തിന്നിടവരുത്തി പരിചയിപ്പിക്കണം.

൨. പണച്ചിലവ് ശൂന്യമാക്കേണ്ടതില്ല.

ഈ ലേഖനം ഇന്നത്തെ കപ്പലിൽ പോകേണ്ടതാകയാൽ ധൃതിയിൽ ഞാനിങ്ങനെ എഴുതി വിരമിപ്പിക്കുന്നു. X

ആമേൻ.

## നമ്മുടെ കൎത്താവും ശിശുക്കളും

[പൈലോപ്പോസ്, ബി. എ.]

നമ്മുടെ കൎത്താവിന്റെ വരവുവരെ മനുഷ്യർ ശൈശവത്തിന്റെ മാഹാത്മ്യവും വിലയും മനസ്സിലാക്കിയിരുന്നില്ല. ശിശുക്കളോടു ആദരവു വേണമെന്നു പഠിപ്പിച്ചതു ശിശുവായി ജനിച്ചുവളൎന്ന ദൈവപുത്രനാണ്. നമ്മുടെ കൎത്താവിന്റെ കാലത്തിനുമുമ്പു നിഷ്കളങ്കം, സത്യം, താഴ്മ മുതലായ ശൈശവഗുണങ്ങളെ മനുഷ്യർ വേണ്ടപോലെ അഭിനന്ദിച്ചിരുന്നില്ല. നിഷ്കാപട്യം, ആശ്രയശീലം ഇവ അവൎക്കു ജുഗുപ്സാവഹം ആയിരുന്നു. ഭാവിയിൽ അവരെക്കൊണ്ടു പ്രത്യുപകാരം ഉണ്ടാകും എന്നുമാത്രമേ സാധാ



www.malankaralibrary.com

രണ്ടായായി ആലോചിച്ചുവന്നിരുന്നുള്ളു. ഇക്കാരണത്താലാണു നമ്മുടെ കൎത്താവിന്റെ അടുക്കൽ ശിശുക്കൾ വന്നുകൂടിയപ്പോൾ ശിഷ്യന്മാർ അവരെ തടുത്തതും. ശിശുക്കൾ കൎത്താവിന്റെ അടുക്കൽ വരുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ല; അവർ വൻകാൎയ്യങ്ങളിൽ നിമഗ്നനായിരിക്കുന്ന കൎത്താവിനെ അസൌകൎയ്യപ്പെടുത്തുകയും യഥായോഗ്യം ബഹുമാനിക്കാതിരിക്കയും ചെയ്യുന്നു എന്നു അവർ വിചാരിച്ചത്. കളിച്ചുനടക്കാനുള്ള കുഞ്ഞുങ്ങൾ അവരുടെ സ്നേഹബഹുമാനങ്ങൾ പ്രദൎശിപ്പിക്കാൻ വന്നതുകൊണ്ടു മഹദ്വിഷയങ്ങൾക്കു തടസ്സമുണ്ടാകുന്നതല്ലാതെ ഗുണമൊന്നും വരാൻ ഇടയില്ലെന്നായിരുന്നു അന്നത്തെ ലോകഗതിയനുസരിച്ചുള്ള അവരുടെ അഭിപ്രായം. അതിനാൽ ശിശുക്കളെ കൊണ്ടുവന്നവരെ അവർ ശാസിച്ചു (മൎക്കോ. ൧൦ ൧൩). അപ്പോൾ യേശു അതു കണ്ടിട്ടു, അവരെ അഭിനന്ദിക്കാതെ, മുഷിഞ്ഞു, "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു; ദൈവരാജ്യം ഇങ്ങിനെയുള്ളവരുടേതല്ലോ" എന്നു അരുളിച്ചെയ്തു. ഗുരുവിന്റെ അടുക്കൽനിന്നു അവന്റെ ഉത്തമശിഷ്യന്മാരെ ഓടിച്ചുകളയാതിരിപ്പിൻ. ദൈവരാജ്യം ശിശുക്കൾക്കും ശിശുക്കളെപ്പോലെയുള്ളവൎക്കും ആകുന്നു. ആത്മീയരാജ്യത്തിന്റെ അവകാശികൾ നിഷ്കളങ്കതയും വിശ്വാസവും സന്തുഷ്ടിയും തങ്ങളുടെ ബലഹീനതയെപ്പററിയും അജ്ഞതയെ പററിയും ബോധവും ഉള്ളവരാകുന്നു. സൌമ്യതയും താഴ്മയും ഉള്ള രാജാവിന്റെ പ്രജകൾ അവനെപ്പോലെ സ്വഭാവഗുണങ്ങൾ ഉള്ളവരായിരിക്കണം. ശിശുക്കളുടെ സൽഗുണങ്ങൾ ശിഷ്യന്മാൎക്കുണ്ടാകുന്നതിനു നമ്മുടെ കൎത്താവു അവരെ ഒന്നിലധികം പ്രാവശ്യം പഠിപ്പിക്കേണ്ടിവന്നു.

തന്റെ ഉപദേശത്താലും തന്നോടുള്ള സംസൎഗ്ഗത്താ

www.malankaralibrary.com

ലും ശിഷ്യന്മാരുടെ ഹൃദയം അല്പമൊക്കെ വികസിച്ചതിന്റെ ശേഷം നമ്മുടെ കർത്താവു ശിശുക്കളെപ്പററി— അവരുടെ അനുകരണയോഗ്യമായ സ്വഭാവത്തെപ്പററി— വീണ്ടും അവരെ പഠിപ്പിക്കുകയുണ്ടായി. മുഖ്യസ്ഥാനത്തെപ്പററിയും കർത്താവിന്റെ രാജ്യത്തിൽ മുമ്പുപിമ്പന്മാർ ആരെല്ലാമായിരിക്കുമെന്നതിനെപ്പററിയും ശിഷ്യന്മാരിൽ ഒരു വാദം ഉണ്ടായി. ഈ വാദം മൂത്തപ്പോൾ സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആരായിരിക്കുമെന്നു അവർ യേശുവിനോടു ചോദിച്ചു. യേശു ഉടനെ ഒരു ശിശുവിനെ വിളിച്ചു, അവരുടെ മുമ്പാകെ നിറുത്തി ആ ശിശുവിനെ ഒരു സാധനപാഠമാക്കി, "നിങ്ങൾ (മനം) തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിവരുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല. (കടന്നിട്ടു വേണമല്ലോ വലിപ്പച്ചെറുപ്പം ആലോചിപ്പാൻ!) ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവനാകുന്നു." എന്നു പറഞ്ഞു (മത്താ: ൧൮: ൩, ൪).

ശൈശവത്വത്തിന്റെ മാഹാത്മ്യത്തെയും ഉണ്ടാതിശയത്തെയുംപററി ശിഷ്യന്മാർക്കു അക്കാലത്തെ പരിചയംകൊണ്ടുണ്ടായിരുന്ന അഭിപ്രായം മാറി സൂക്ഷ്മബോധം ഉണ്ടാവേണ്ടതിന്നായി പിന്നെയും നമ്മുടെ കർത്താവു പല പ്രാവശ്യവും അവരെ പഠിപ്പിച്ചിട്ടുണ്ടു. "ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു. (മത്താ: ൧൮: ൧൦, ൧൧).

എന്നാൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരികല്ലു കെട്ടിത്തൂക്കി അവനെ അഗാ

www.malankaralibrary.com

ദ്ധ്യസമുദ്രത്തിൽ താഴ്ത്തിക്കളയുന്നതു അവന്നു നന്നു. (മ
ത്ത: ൧൮: ൬)

ശിഷ്യൻ എന്നുവെച്ചു ഈ ചെറിയവരിൽ ഒരുത്ത
ന്നു ഒരു പാനപാത്രം തണ്ണീർമാത്രം കുടിപ്പാൻ കൊടുക്കു
ന്നവന്നു പ്രതിഫലം കിട്ടാതെ പോകയില്ല, എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്ത: ൧൦ ൪൨)

ഈ ശിശുവിനെ എന്റെ നാമത്തിൽ ആരെങ്കിലും
കൈക്കൊണ്ടാൽ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈ
ക്കൊള്ളുന്നവനോ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.
(ലൂക്കൊ: ൯: ൪൮)

യെരുശലേമിലെ ചന്തസ്ഥലങ്ങളിൽ കുഞ്ഞുങ്ങൾ ക
ളിക്കുന്നതു കാരുണ്യമേറിയ നമ്മുടെ കൎത്താവു പലപ്പോഴും
നോക്കിക്കൊണ്ടിരുന്നിട്ടുണ്ടായിരിക്കണം. അവർ കല്യാ
ണം ഘോഷിച്ചും ശവസംസ്കാരം ചെയ്തും കളിക്കുന്നതു ക
ണ്ടു രസിച്ചിട്ടുണ്ടായിരിക്കണം (മത്താ: ൧൧: ൧൬ ലൂക്കൊ:
൭ ൩൨) കളികളിൽപോലും തങ്ങളോടു സഹകരിച്ച ക
ൎത്താവിനെ അവർ സ്നേഹിക്കയും അനുഗമിക്കയും ചെയ്തതി
ൽ ആശ്ചൎയ്യപ്പെടാനില്ല. യേശു ഒരു നിൎജ്ജനസ്ഥലത്തേ
ക്കു വേറിട്ടുപോയപ്പോൾ അവനെ അനുഗമിച്ച അയ്യായിരം
പുരുഷന്മാരുടെ കൂടെ കുഞ്ഞുങ്ങളും പോയി. എണ്ണംപറഞ്ഞ
കൂട്ടത്തിൽ എവൻഗേലിസ്തൻ കുഞ്ഞുങ്ങളെ ഗണ്യമാക്കാതെ
കുഞ്ഞുങ്ങളും ഉണ്ടായിരുന്നു എന്നല്ലാതെ, അവരുടെ എണ്ണം
പറഞ്ഞിട്ടില്ല (മത്താ: ൧൪: ൨൧). എങ്കിലും കൎത്താവു അവ
രെ ഗണ്യമാക്കുകതന്നെ ചെയ്തു. ഈ ചെറിയവരിൽ ഒരു
ത്തൻ നശിച്ചുപോകുന്നതു സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പി
താവിന്നു ഇഷ്ടമല്ല. (മത്താ: ൧൮ ൧൪).

ദൈവരാജ്യത്തെ ശിശു എന്ന നിലയിൽ കൈക്കൊ

www.malankaralibrary.com

ള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല. (ലൂക്കോ: ൧൮: ൧൭)

നമ്മുടെ കർത്താവിന്റെ ഗുണലക്ഷണംതികഞ്ഞ ശിഷ്യന്മാർ കുഞ്ഞുങ്ങളായിരുന്നു. താൻ അത്ഭുതപ്രവൃത്തികൾ ചെയ്ത പട്ടണങ്ങളായ കോരസീന്റെയും ബെത്സയ്ദായുടെയും അവിശ്വാസംനിമിത്തം വിലപിച്ചശേഷം യേശു സ്വർഗ്ഗത്തിലേക്കു നോക്കി ഇങ്ങനെ പറഞ്ഞു: "പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയതു." (൧൧: ൨൫, ൨൬).

യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ അവസാനംവരെ അവന്റെ ഉപദേശത്തെ ആദരിച്ചു അവനെ ബഹുമാനിച്ചതു കുഞ്ഞുങ്ങളായിരുന്നു. മഹാന്മാരായ വൃദ്ധന്മാരായ പുരോഹിതന്മാരും ശാസ്ത്രിമാരും "ദാവീദുപുത്രനു ഹോശന്നാ" എന്നു ആർപ്പുവിളിച്ചിരുന്ന ബാലന്മാരെക്കണ്ടു നീരസപ്പെട്ടു, ഇവർ പറയുന്നതു കേൾക്കുന്നില്ലയോ എന്നു ചോദിച്ചപ്പോൾ, "ഉവ്വ്; ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു നീ പുകഴ്ച ഒരുക്കിയിരിക്കുന്നു എന്നുള്ളതു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?" (മത്താ: ൨൧ ൧൬) എന്നായിരുന്നു കർത്താവിന്റെ മറുപടി.

കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ ഒരുങ്ങുന്നവർക്കു ശിശുക്കളെപ്പറ്റി യേശു പഠിപ്പിച്ചതു ആദ്യമെ പഠിക്കാതെ "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുതു." എന്നുള്ള ദിവ്യകല്പന അനുസ

www.malankaralibrary.com

ഭിപ്പാൻ കഴികയില്ല. അവരുടെ ഉപദേഷ്ടാക്കന്മാരെ അവർ വിശ്വസിക്കുന്നു. ഉപദേഷ്ടാക്കന്മാർ അവരെയും വിശ്വസിക്കണം. കുഞ്ഞുങ്ങളുടെ ഗുണലക്ഷണവൃത്തിയുള്ള ആത്മാക്കളെക്കൊണ്ടു എന്തെല്ലാം വൻകാര്യങ്ങൾ ചെയ്യിക്കാമെന്നു മനസ്സിലാകാതെ നമുക്കൊന്നും സാധിക്കയില്ല.

---

# വായനകുറിപ്പ്

---

## കുംഭമാസം.

---

### ൨. മായൽത്തൊ.

സന്ധ്യ. ലൂക്കൊ ൨. ൨൨-൩൨. പ്രഭാ. സന്ധ്യയുടേതുതന്നെ. കുർ. മു. ലേവി. ൧൨. ൧-൮. ലേവി. ൨൨. ൧൭-൩൩. ൧ ശമു. ൧ ൧൯-൨൮, ൧൭-൨൧. ഏശാ. ൧൨ ൩൩-൧൧. ൧൨. കുർ. നടപ്പ ൨൪. ൧൦-൩൩. എബ്രേ. ൩. ൧൩-൨൧. ലൂക്കൊ. ൨. ൩൩-൪൦.

### ൫. ഞായർ

സന്ധ്യ. യോഹ. ൨. ൧-൧൧. പ്രഭാ. ലൂക്കൊ. ൧൩. ൧-൧൮. കുർ. മു. ആദ്യപു. ൯. ൧൨-൨൧. പുറപ്പാ. ൨൦. ൭-൨൨. ൧ രാജാ. ൧൮. ൨൯-൪൩. യുയേൽ. ൨. ൧൨-൨൦. ഏശാ. ൫൮ ൩-൧൪. കുർ. നടപ്പ. ൧൧. ൧൯-൩൩. എബ്രേ. ൪. ൧൧-൩൨. യോഹ. ൨. ൧-൧൧.

### ൬. ശൂബ്ക്കോനൊ.

൧ യോഹ. ൪. ൧൧-൨൧. ൧ കോറന്ത്യ ൧൩. ൪. ൧. മത്തായി. ൧൮. ൧൫-൩൫.

### ൧൨. ഞായർ.

സന്ധ്യ മക്കോ ൧ നാ ൨ ൪ ൫. പ്രഭാ മത്താ ൧ ൨ ൨ വ്വ ൧ നാ കുർ മ്മ. ആദ്യേപ്പ ൧ ന്യ ൧ ൻ. യറമി ൧ ൫ ൧ ൫ ൨ ൧ യറമി ൫൦. ൪ ൧. ഏശാ നാ ൨ ൨ ൻ. കു നടപ്പ ൻ ൨ ൨ ൧ ൧. റോമ്മാ ൩ ൨ ൧ ൪ ൫. ലൂക്കോ ൫ ൧ ൧ ൧ ൧൧ ൪ ൪൦, ൪ ൧.

### ൧൯ ഞായർ,

സന്ധ്യ ലൂക്കൊ ൫ ൧ ൨ ൧൧. പ്രഭാ യോഹ ൫ ൧ ൧ ൨ കുർ മ്മ ഹെസക്കി ൩ ൨ ൨ ൨ ൨ ൪ ൧ ൨ ആമോസ് ൪ ൻ ൫ ൪ ൨ നാള്ളാഗ ൧ ൧ ൨ ൧ വ്വ മീഖാ ൨ ൧ വ്വ ആവത്ത ൩ ൧ ൧ ൻ ൩ ൦ ഏശായാ ൫ ൨൦ ൨ ൫ കു. നടപ്പ വവ്വ ൧ ൨ ൨ വ്വ റോമാ ൫ ൧ ൧ ൧ മക്കോ ൨ ൧ ൧ ൨.

### ൨൬ ഞായർ

സന്ധ്യ മക്കോ ൧ ൨ ൪ ൩ ൧ പ്രഭാ ലൂക്കോ ൧ ൧ ൧൦ കുർ മ്മ ൧ ശമു ൧ ൧ ൧ ഹെഗായി ൧ ൨ ൧ ൧ ഏശാ ഇന്ത്യ ൨ ൫ കു നടപ്പ ൨൦ ൨ ൨ ൩ ൨ റോമാ ൧ ൧ ൪ ൨ ൫ മത്താ ൧ ൫ ൨ ൧ ൩ ൧

# പഞ്ചാംഗം

ആദോർ. മീനം. മാർച്ച്.—ഏപ്രിൽ.

| സൂ | മ | ഇ | വിശേഷദിവസങ്ങൾ |
|---|---|---|---|
| ൧ | ൧ | ൧൪ | |
| ൨ | ൨ | ൧൫ | |
| ൩ | ൩ | ൧൬ | |
| ൪ | ൪ | ൧൭ | |
| ൫ | ൫ | ൧൮ | ഞായർ. |
| ൬ | ൬ | ൧൯ | |
| ൭ | ൭ | ൨൦ | |
| ൮ | ൮ | ൨൧ | |
| ൯ | ൯ | ൨൨ | |
| ൧൦ | ൧൦ | ൨൩ | |
| ൧൧ | ൧൧ | ൨൪ | |
| ൧൨ | ൧൨ | ൨൫ | ഞായർ. |
| ൧൩ | ൧൩ | ൨൬ | |
| ൧൪ | ൧൪ | ൨൭ | |
| ൧൫ | ൧൫ | ൨൮ | |
| ൧൬ | ൧൬ | ൨൯ | |
| ൧൭ | ൧൭ | ൩൦ | നാല്പതാം വെള്ളിയാഴ്ച. |
| ൧൮ | ൧൮ | ൩൧ | ലാസറിന്റെ ശനിയാഴ്ച [ലാസറിനെ ഉയിർപ്പിച്ചതിന്റെ ഓർമ്മ] |
| ൧൯ | ൧൯ | ൧ | ഞായർ. ഓശാന. |
| ൨൦ | ൨൦ | ൨ | |
| ൨൧ | ൨൧ | ൩ | |
| ൨൨ | ൨൨ | ൪ | |
| ൨൩ | ൨൩ | ൫ | പെസഹാ. |
| ൨൪ | ൨൪ | ൬ | ദുഃഖവെള്ളിയാഴ്ച. |
| ൨൫ | ൨൫ | ൭ | സൂബോരോ. [വചനിപ്പു] |
| ൨൬ | ൨൬ | ൮ | ഞായർ. ക്യംതാ [ഉയിർപ്പു്] |
| ൨൭ | ൨൭ | ൯ | |
| ൨൮ | ൨൮ | ൧൦ | |
| ൨൯ | ൨൯ | ൧൧ | |
| ൩൦ | ൩൦ | ൧൨ | |
| ൩൧ | ൩൧ | ൧൩ | |

www.malankaralibrary.com

# വായനക്കുറിപ്പ്

## മീനം

### ൩. ഞായർ

സന്ധ്യ. ലൂക്കോ. ൰. ൨൫-൩൭. പ്രഭാ. ലൂക്കോ. ൯. ൫൭-൬൨. കൊർ. ൧. യറമി. ൩൧ ൧൫-൨൦. ബാറൂസീറാം. ൩൧. ൧൫-൨൦. ബാറൂസീറാം. ൪൨. ൧൭-൪൨. എശായ. ൪൯. ൨൨-൨൫. ൨. കൊർ. ൧ പത്രോ. ൨. ൧൧-൧൭. റോമാ. ൧൨. ൧-൧൮ ലൂക്കോ. ൧൬. ൧൯-൩൧.

### ൰. ഞായർ.

സന്ധ്യ. മത്താ. ൯. ൨൭-൩൧; മക്കോ. ൧൦. ൪൬-൫൨. പ്രഭാ. മത്താ. ൨൦. ൨൯-൩൪; ൧൨. ൨൨-൨൩ ക. മൂ ആവൎത്ത. ൨൭ ൧൫-൨൬. ൧ യോബ്. ൪൨. ൧൨-൧൭. ന്യായാധി. ൬. ൧൧-൨൪. രാജാ. ൫. ൧-൧൯. ഹൊസ ക്കി. ൧൫. ൧൨-൧൬ യറമി. ൩൧ ൧൦-൧൪. ക. ൧ പത്രോ. ൪. ൧൨-൧൯. റോമാ. ൧൪. ൧൦-൧൯. യോഹ ൻ. ൧൪. ൧൫.

### ൰൩. നാല്പതാം വെള്ളിയാഴ്ച

സന്ധ്യ. മത്താ. ൪. ൧-൧൧ പ്രഭാ. ലൂക്കോ. ൪. ൧-൧൩ ക. മൂ. ആവൎത്ത. ൧. ൯-൧൮. യറമി. ൯. ൧-൧൦. ൨൩ മൂ. ൨൪ ൧൭-൨൭. എശായ. ൫൭ ൧-൧൨ പത്രോ ൧. ൧൩-൨൫. റോമാ. ൧൨. ൧-൧൪. ൯. മത്താ. ൪. ൧ ൧൧.



www.malankaralibrary.com

## ൧വ്വ. ലാസറിന്റെ ശനിയാഴ്ച

ന്സ്ധ്യ. മത്താ. ൨൦. ൧൭-൨വ്വ. പ്രഭാ. യോഹ. ൧൧. ൧൪൭. ക. മ്മ. സംഖ്യ. ൧൩. ൪൨-൪വ്വ. ൨൨ ജാ. ൨൦. ൧-൧൧. മഹാജ്ഞാനം ൧൧. ൨൨-൧൨. ൪. ഏശായ. ൩൧. ൧൯. കുർ. ൧പത്രൊ. ൨. ൩-൧൦. എപ്പേസി. ൧ ൧൭-൨൩. യോഹ. ൧൧. ൨വ്വ-൪൩.

## ൧൯. ഞായർ. ഓശാന

സന്ധ്യ ലൂക്കോ. ൧൯. ൨൮-൪൦. രാവിലെ മത്താ. ൨൧. ൧-൧൭ പ്രഭാ. മർക്കോ. ൧൧. ൧-൧൧ കുർബ്ബാന. ര്യ്പ്പു. ൧൦. വ്യ ൧൭. ലേവി. ൨൩. ൩൩-൩൯. യോബ്യേ ൨൩. ൧-൧൪. ൨ശമൂ. ൩. ൧-൭ ന്യായാധി. ൯. ൭-൧൯ സുഭാഷി ൧൩ ൧൩-൨൩ സുഭാഷി. ൧ ൨൦-൩൩ യേവേ ൩. ൧൩-൨൧ ൧ രാജാ വ്യ ൧-൩ മീഖാ ൪. ൧-൮ സെഖരി ൩. ൯-൨൦ യിരമിയാ ൨൦ ൧വ്യ ൨൨ ഹോശയ വ്യ, ൧൪-൯, ഏശായ ൭ ൬-൧൧ ഏശായ ൫൨ ൭-൧൨ കുർ ൧൪യാഹ ൨. ൭-൧൭ റോമാ ൧൧ ൧൩-൨൪ യോഹ ൧൨ ൧൨-൧൯

## കുരുത്തോല വാഴ്ത്തുന്ന ക്രമത്തിനു

ആദ്യ്പ്പ ൪൯ വ്യ-൧൨ സഖറി ൯. ൯-൧൨ ഏശാ ൫൨ ൯-൧൧ പ്രയോഹ ൨ ൭-൧൭ റോമാ ൧൧ ൧൩-൨൪ മർക്കോ ൧൧ ൧ ൧വ്യ

## ൨൨ പെസഹാവ്യാഴാഴ്ച

ന്സ്ധ്യ യോഹ ൭ ൩൭-൪൨; വ്യ ൧൨-൨൦ രാവിലെ ഒന്നാംകൌമാ. മത്താ ൨൩ ൧൭ ൩൦ ടിവാം കൌമാ യോഹ ൩ ൨൪ ൪൦ ടിനാംകൌമാ യോഹ ൩ ൪൧-൩൬ പ്രഭാ ലൂക്കോ ൨൨ ൧-൧൩ ഏഴര യോഹ ൧൨ ൨൩-൩൩

ളച്ച മക്കോ ഫ്ര് ഫ്ര്വ, ലൂക്കോ ഒ ഞ്ഞൻറ ൽ കു മ്പ വ്പം പ്പാ ഫ്ര ഫ്ര ഫ്ര ലേവി ഫ്രസ്ര നഫ്ര യോഞ്ഞു ഞ ൻ-ഫ്ര ഫൊസക്കി വ ഫ്ര വ്യ — ഫ്ര ഫ്രശമ്യ ഫ്ര ഫ്ര വ ഫ്ര സുഭാഷി ഫ്ര ഫ്രം-ഫ്രൻ ആമൊം വ ര്-ഒ യഠമി ഫ്രവ്യ ഫ്രവ്യ വന ഫൊസ ക്കി ര്ഭ ഫ്രവ്യ വഭ സഖാ) ഫ്ര ഫ്രം-ഫ്ര് ഏശായ വര് ഫ്രന്യ ഫ്രവ്യഭാ ര്ഫ്രം നടപ്പു ഫ്ര ഫ്രഭവം കർ ഫ്രഃകാറ ഫ്ര വന. നര് ലൂക്കാ വം ഫ്ര് നം ഇരുപത്തിരണ്ടര മ ത്താ വന്ന ഫ്രൻ

## വര് ദുഃഖവെള്ളിയാഴ്ച

സന്ധ്യ ലൂക്കോ വ ഫ്രനം രാവി ഒന്നാംകൌമാ മ ത്താ വന്നനഫ്രന്ന രാവി വാംകൌമാ മക്കൊ ഫ്ര് വഭവ രാവി നാംകൌമ ലൂക്കൊ വവ നഫ്രന്നവ രാ വിര്ം കൌമ യോഹ ഫ്രവ്യ ഫ്രഭ പ്രഭാലേവി ര് ഫ്രം സംഖ്യ ഫ്രൻ ഫ്രഫ്ര സഖ ഫ്രന ഫ്രര് ഭ ഞ്ചു ബെക്ക ഫ്ര ഫ്രഫ്ര ഫൊസക്കി ഫ്രന ഫ്ര വവ വ രാ ജാ ഫ്രൻ വം വൻ നടപ്പു വര നംവന ഫ്രന്ന ഫ്ര കോറ ഫ്ര ഫ്രവ്യനഫ്ര മത്താ വ ഫ്രഫ്ര്; മക്കൊ ഫ്ര ഫ്രഫ്രം; ലൂക്കാ വവ ന്നഫ്രെ; യോഹ ഫ്രവ്യ വവ്യര്ം ഏഴാം മത്താ വ വന്നനം; മക്കൊ ഫ്രഭ വഫ്രവവ; ലൂ ക്കൊ വന വന്നവൻ; യോഹ ഫ്രൻ ഭഫ്ര് ഉച്ച മ ത്താ വന്ധവ്യ ര്ര്; മക്കൊ ഫ്രഭ വൻനവ; ലൂക്കൊ വന നര്ര്ന; യോഹ ഫ്രൻ ഫ്രഭവവ ഇരുപത്തി രണ്ടര. മത്താ വ ര്ഭഭന്യ; മാക്കൊ ഫ്ര നനര്ഫ്ര; ലൂക്കൊ വന ര്ര്ൻ; യോഹ ഫ്രൻ വനനം.

## സ്ലീബാവന്ദനയിൻെറ ക്രമം.

ആദ്യപ വവ ഫ്രഫ്ര് പഠപ്പാ ഫ്ര വ്യ ഫ്രന്ന യോ ശ്ലൂവാ വ്യ ഫ്രവ്യ വഭ; ഫൊസക്കി വര് ഫ്ര ഫ്ര; ഏശായ ഭവ ഫ്രനഭന വ്യ; ഫ്ര പത്രോസു വ. ഫ്രൻവഭ; ഗലാ

www.malankaralibrary.com

ങ്കി ഫ ഫഷ്ണ ഷര്‍ന്ന ഷ്ഷ-ഷ്വ; ലൂക്കൊ ഫഫ ന്നു ഫന്ന ഷ്ഫ; മത്താഫക ന-ഷന്‍; ലൂക്കൊ ഫന ഷന-ഫന; മത്തായി ഫ്ര ഫര്‍-ഫ്ര; ലൂക്കൊ ഫന ഫര്‍-ര്‍മ്ര; മത്തായി ഫ്ര ര്ഷ-ര്ര്; യോഹ ഷന്‍ ഫന-ര്ഫ; മത്തായി ഫ്ര ന്നാ.

## ഫ്ര ദൈവമാതാവിനോടുള്ള വചനിപ്പ്.

ബന്ധ്യ ലൂക്കൊ ഷ ഫന്നു-നഫ്വ പ്രഭാ മക്കൊ ന-ന-ഷ-നര ക മ്മ ആവത്ത ഫന്ന ഷന്ന-ഫ്ര ഷ്ഠ ന്ന്യായാധി ഷന ഫ-ഷര്‍ സഖ ഫ ഷ്ഠ-ഷന; ര്‍ ഷ-ര്ര; വ്യ ന. ഏശായ ന്നു ഷ്ഭ-ന്നര്‍ ര്ര ഷ യോഹ ന ഫ— ഷ്ര ഏബ്രാ ന്നു ഷന-ര ഷ്ഠ ലൂക്കൊ ഷ ഫന്നു-നഫ്വ

## ഫന്ന കൃംതം.

ബന്ധ്യ മത്താ ഉവ്വ ഷ-ഫം രാചി ലൂക്കൊ ഫര്‍ ഷ ഷ്ഠ പ്രഭാ യോഹ ഫം ഷ-ഷ്വ

## സ്ലീബാ ആഘോഷത്തിന്റെ ക്രമത്തിങ്കല്‍.

ലേവി ഫന ഫന്ന-നഫ. മിഖാ ര വ്യ-ഷന ഏശാ ര്ര ര ഷന്‍-ഫം; ന്നാ ഷ്ര-ഫഫ; ഷ പത്രൊ ര്ര-ഷര്‍; റോമാ ഷന്ന ഷ-ഫര്‍; യോഹ ഷന നര്‍-നര്‍; ഷര്‍ ഫ്ര ഷര്‍ ഷ-ഷര്‍ ഷ്ര ഷന്‍ കൂമ്മപുറപ്പാ ര്‍ം ഷ്ര ഫന സംഖ്യാ ഷ്ഠ ഷ-ഷ്ഠ ഏശാ ന്നാ ഷ-ര ഷ ശമുവെ ഫ ഷഫ-ര്മ ന്യായാധി ന്ന ഷ്ഷ-ഷന്ന ഏശാ ന്നഷ ഷ-ന്നഫ ര്ര; യോവെ ഫ ഫ ഷ-നഫ; നാഹൂം ഫ ഷ-വ്യ; ദാനി ന്ന ഷ്വ ഫര്‍; ഏശായാ ന്നം ഷ-ഷന്ന; ക നടപ്പ ഫംഫഫ—ര്‍ന; ഷ കൊറ ഷ്ര ഫം-ഫവ്വ; മക്കൊ ഷന്ന ഷ-വ്വ.

SUPPLEMENT.

# മലങ്കരസുറിയാനിസഭ

കഷ്ടം! സുറിയാനിസഭാമാതാവിനെ രണ്ടായി പിളൎത്തിയുംകൊണ്ടു ഇതാ, ഒരു വെടിയുണ്ട അതിന്റെ നെഞ്ചിന്റെ ഒത്ത നടുവിൽക്കൂടി, ആരും സ്വപ്നേപി നിനപ്പിക്കാത്തവിധത്തിൽ, തുളഞ്ഞു മറിഞ്ഞുപോയിരിക്കുന്നു. തന്നിമിത്തം പരിതാപവൃദ്ധയായ ആ മാതാവിന്റെ കണ്ഠനാളത്തിൽനിന്നു പുറപ്പെടുന്ന ആൎത്തനാദം, കേൾവിക്കാരുടെ മനസ്സിനെ ഉരുക്കത്തക്കവിധത്തിൽ, മലങ്കരയൊട്ടുക്കു മുഴങ്ങിക്കൊണ്ടിരിക്കയും ചെയ്യുന്നു. ൧൦൯൮ മീനമാസം ൩൦-ാംനു സുറിയാനിസഭയുടെ ദുഃഖവെള്ളിയാഴ്ച തന്നെ. സഭാചരിത്രത്തിൽ രക്തമഷികൊണ്ടു രേഖപ്പെടുത്തേണ്ടുന്ന ദിവസവും അതുതന്നെ. ഇതിനെ അതിശയിക്കുന്ന യാതൊരു ദുഃഖസംഭവവും മുൻകാലത്തുണ്ടായതായി ലക്ഷ്യമില്ല. സുറിയാനിസഭയുടെ ഐശ്വൎയ്യവും അഭിവൃദ്ധിയും, എന്നല്ല ജീവൻപോലും, ഈ തൊണ്ണൂറ്റിയെട്ടോടുകൂടി അവസാനിച്ചുകഴിഞ്ഞു! സുറിയാനിസഭയേ, നീ ഇനി എന്നെന്നും കണ്ണുനീർ വാൎത്തുകൊണ്ടിരുന്നാലും. ആ ബാഷ്പപ്രവാഹം നിന്റെ ഗണ്ഡതടത്തെ തണുപ്പിക്കുമാറാകട്ടെ.

വട്ടിപ്പണക്കേസിന്റെ പരിണാമം ഇത്തരത്തിലായിരിക്കുമെന്നു ആർ വിചാരിച്ചിരുന്നു! അതു സുറിയാനിസഭയ്ക്കുള്ള ഒരു വൻകോടാലിയാണെന്നു ആർ ഊഹിക്കപോലും ചെയ്തിരുന്നു!! ഇക്കഴിഞ്ഞ വെള്ളിയാഴ്ച ധൎമ്മരാജ്യത്തിന്റെ തലസ്ഥാനനഗരിയിൽനിന്നുണ്ടായ ആ മൎമ്മഭേദകമായ വൃത്താന്തം എത്രയോ സമുദായസ്നേഹികളുടെ ഇട

www.malankaralibrary.com

നെഞ്ചിനെ തകൎത്തുകളഞ്ഞിരിക്കണം! എത്രയോ പേർ കരയും നിലയും കാണാതെ അനന്യശരണരായി വാവിട്ടലറി നിലവിളിച്ചിട്ടുണ്ടായിരിക്കണം! സുറിയാനിസഭാതലം ഒരു ശ്മശാനഭൂമിക്കു സമമായി പരിണമിച്ചുകഴിഞ്ഞു. അവിടെനിന്നു ഇതാ, കൎണ്ണകഠോരമായ ദീനസ്വരം മാറൊലിക്കൊള്ളുന്നു. ദൈവമേ, നീ തിരുസഭയെ എന്നെന്നേക്കുമായി കൈവെടിഞ്ഞുവെന്നു വരുമോ? നിന്റെ പാവനചരിതയായ പ്രാണപ്രേയസിയെ നീ നിഷ്ഠുരണം പരിത്യജിച്ചു കഴിഞ്ഞിരിക്കുമോ? അതോ, നിന്റെ പ്രത്യാഗമനത്തിങ്കൽ കണ്ണുനീർ വാൎത്തുകൊണ്ടു വേണം അതു നിനക്കു സ്വാഗതം പറയാൻ എന്നായിരിക്കുമോ അതിന്റെ തലയിലെഴുത്ത്? മശിഹായുടെ സഹധൎമ്മചാരിണി ഇതാ, നെഞ്ചു തകൎന്നു രക്തസഞ്ചയത്തിൽ കിടന്നു ഓളംവെട്ടി പ്രാണവേദനയനുഭവിക്കുന്നു. "ഇതിനു പരിഹാരമാൎഗ്ഗമില്ലേ?", "നിവാരണമില്ലേ?" എന്നിങ്ങിനെ തേങ്ങിക്കരയുന്ന നിന്റെ മണവാട്ടിയുടെ പ്രിയസന്താനങ്ങളെയെല്ലാം മശിഹാതമ്പുരാനേ, നീ തന്നെ സാന്ത്വനപ്പെടുത്തിയേക്കുക.

വട്ടിപ്പണക്കേസിന്റെ ഈ വിധി സുറിയാനിസഭയെ ഛിന്നഭിന്നമാക്കിക്കളഞ്ഞു എന്നു ഞാനിതാ, ഒരിക്കൽക്കൂടി തീൎത്തുപറയുന്നു. നിശ്ചയമായും അതിപ്പോൾ ജീവച്ഛവമായി തീൎന്നുപോയി. സഭയിലെ ഗണനീയമായ ഒരു പങ്കിനെ— വിദ്യാഭ്യാസം, ധനം എന്നിവയിൽ മികച്ചു നിൽക്കുന്ന ഭൂരിപക്ഷം ജനസഞ്ചയത്തെ— അവഗണിച്ചുകൊണ്ടുള്ള ഈ വിധി— അതേ, സുറിയാനിസഭയുടെ ഭാവൈശ്വര്യത്തെ ആദൎശമാക്കിച്ചെയ്ത ധൎമ്മയുദ്ധത്തിലെ ഈ പരാജയം— എന്തെല്ലാം അനൎത്ഥങ്ങളെ ഉണ്ടാക്കിത്തീൎക്കുമെന്നു സൎവ്വജ്ഞനായ ദൈവത്തിനു മാത്രം അറിയാം. എല്ലാവൎക്കും നൈരാശ്യവും ഇച്ഛാഭംഗവും കൈവന്നു കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഫലമോ— അതിഭയങ്കരമെ

www.malankaralibrary.com

ന്നേ ഞാനിപ്പോൾ പറയുന്നുള്ളു.

പരാജയം അനുഭവിക്കാത്ത യാതൊരു സമുദായനേതാവും നേതാവല്ല; ഇന്നത്തെ വിജയികൾ നാളത്തെ പരാജിതർ.

കുന്നംകുളം,
13 മീനം 98

പുലിക്കോട്ടിൽ യൌസേഫ് ശെമ്മാശ്ശൻ.

www.malankaralibrary.com

# ബഥനിമാസിക

വരിസംഖ്യ ഒരു വർഷത്തേക്കു (ഒന്നരരൂപ മാത്രം!

പത്രാധിപർ:

ഫാദർ പി. ററി. ഗീവർഗീസ്. ഒ. ഐ. സി.

സഹപത്രാധിപർ:

ഫാദർ മാത്യൂസ് പാറെട്ട്, പുതുപ്പള്ളി (കോട്ടയം.)

മാസികയിൽ ചേർക്കാനുള്ള ലേഖനങ്ങൾ ആദ്യമായവ സഹപത്രാധിപരുടെ പേർക്ക് അയക്കേണ്ടതാണ്. വരിസംഖ്യ സംബന്ധമായ സകലതും എന്റെ പേർക്കും.

എന്നു, ചുലുക്കോട്ടിൽ യൌസേഫ് ശെമ്മാശ്ശൻ,

ബഥനിമാസികാ മാനേജർ, കുന്നംകുളം.

---

# ക്രൈസ്തവമഹിളാമണി

ക്രൈസ്തവസ്ത്രീകൾ അവശ്യം അറിഞ്ഞിരിക്കേണ്ട പ്രൌഢലേഖനങ്ങളാലും, പദ്യകൃതികളാലും, സദുപദേശങ്ങളാലും പരിലസിക്കുന്ന ഉത്തമമായ

# ഏകസ്ത്രീമാസിക

ഒന്നാംതരം, ഒരു സ്ത്രീമാസികയെന്നു, പൊതുവേ സമ്മതിക്കപ്പെട്ടിരിക്കുന്നത്. ഓരോ വീടുകളിലും അവശ്യം ഉണ്ടായിരിക്കേണ്ടത്. സമാധാനപരമായ കുഡുംബജീവിതത്തിന്നു സഹായിക്കുന്നത്. പല മഹതീമഹാന്മാരുടേയും ലേഖകൾ ചേർത്തു പ്രസിദ്ധപ്പെടുത്തുന്നതു. ഉടനെ ഒന്നു വരുത്തി പരീക്ഷിപ്പിൻ. വരിസംഖ്യയാ, പ്രതിവർഷം മുൻകൂർ രണ്ടു (൨) രൂപാമാത്രം.

മാനേജിംഗ് ഉടമസ്ഥൻ. ക്രൈസ്തവമഹിളാമണി തിരുവല്ലാ.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com